Reg. No. M. 2293

ഒററപ്രതി ൨ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 ‖ 1129 ഇടവം 19 ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്—എറണാകുളം 1954 ജൂൺ 2 ‖ ലക്കം 39

## ആദ്ധ്യാത്മികമൂല്യങ്ങൾ

(ജെ. നെല്ലിക്കുന്നത്ത്)

നമ്മുടെ നൂററാണ്ടിലെ ഏററം വലിയ വിപത്ത്, അതു ആദ്ധ്യാത്മികമൂല്യങ്ങളെ പാടേ അവഗണിക്കുകയോ, കുറഞ്ഞപക്ഷം അവയർഹിക്കുന്നത്ര പ്രാധാന്യം അവയ്ക്കു നൽകാതിരിക്കുകയോ ചെയ്യുന്നുവെന്നുള്ളതാണ്. ഈശ്വരന്റെ അസ്തിത്വം, മനുഷ്യാത്മാവിന്റെ അമർത്യത, മരണാനന്തരജീവിതം എന്നിവയെല്ലാം മനനംചെയ്യാനാവുന്ന മാനവനെ ഇരുത്തിച്ചിന്തിപ്പിക്കുവാൻ പോരുന്ന പ്രശ്നങ്ങളത്രെ. ജീവിതവ്യഗ്രതയുടെപേരിൽ പോലും അവയുടെനേരെ അലസമായ മനോഭാവം കൈക്കൊള്ളുന്നെങ്കിൽ അതു ഭീമമായ അബദ്ധമായിരിക്കും; കാരണം, അവയ്ക്കു നിത്യതയിലേക്കു നീളുന്ന നിഴൽപ്പാടുകളാണുള്ളത്.

ആധുനികലോകം സയൻസിന്റെ മുന്നേററത്തിൽ അമ്പരന്നു നിലകൊള്ളുകയാണ്. അജ്ഞതയുടെ ഇരുളടഞ്ഞ ഉള്ളറകളിൽ പലെടത്തും അറിവിന്റെ കതിരൊളി പരത്തുവാൻ സയൻസിനു സാധിച്ചിട്ടുണ്ട്; സമ്മതിക്കണം. എന്നാൽ ശാസ്ത്രവിജ്ഞാനത്തിന്റെ ഇരമ്പിക്കയററത്തിൽ മതിമയങ്ങി അതിന്റെ പ്രവർത്തനസീമയ്ക്കപ്പുറമൊന്നുമില്ല എന്നു പറയുന്നിടത്താണ് അപകടം പതിയിരിക്കുന്നത്. കേവലം ദൃശ്യപ്രപഞ്ചത്തിന്റെ വേലിവളപ്പിനുള്ളിൽ വട്ടം കറങ്ങുന്ന സയൻസിനു—സയൻസ് എന്നു പറയുമ്പോൾ Positive Science നെയാണു വിവക്ഷിക്കുന്നത്—അറിവിന്റെ ഈട്ടുവയ്പുകളെയെല്ലാം അട്ടിപ്പേറായി ഒഴിഞ്ഞുകൊടുക്കുന്നതിലാണു പലരും പരാജയപ്പെടുക. മനുഷ്യന്റെ വിജ്ഞാനസമ്പത്തിയുടെയെല്ലാം ഉറവിടം ഇന്ദ്രിയജ്ഞാനമാണെന്നുള്ളതിൽ തർക്കമില്ല. എന്നാൽ ഇന്ദ്രിയജ്ഞാനത്തിന്റെ കരിങ്കൽപ്പടികളിൽ കാലുറപ്പിച്ചുകൊണ്ടുതന്നെ ഇന്ദ്രിയാതീതമായ ഒരു മണ്ഡലത്തിലേക്കു പതച്ചുപൊങ്ങുവാൻ മനുഷ്യബുദ്ധിയെക്കൊണ്ടാവും. പൗരാണികന്മാരായ യവനതത്വജ്ഞാനികളും ആർഷഭാരതത്തിലെ ഋഷിപുംഗവന്മാരുമെല്ലാം ആദ്ധ്യാത്മികചിന്തകളിലേക്കു പറന്നുയർന്നതു നാം ജീവിക്കുന്ന ഈ ലോകത്തിൽ നിന്നുതന്നെ സംഭരിച്ച അറിവിന്റെ ചിറകുകൾ വിരിച്ചുകൊണ്ടായിരുന്നു. അവരുടെ നിഗമനങ്ങളെല്ലാം ശരിയായിരുന്നെന്നല്ല, പ്രത്യുത, ഇന്ദ്രിയങ്ങൾക്കു എത്തപ്പെടാനാവാത്ത ഒരു കാഴ്ചപ്പാടിലൂടെ ജീവിതത്തിനു വിലയിരുത്തുവാൻ അവർ ശ്രമിച്ചു എന്നുമാത്രമേ പറയുന്നുള്ളു. സയൻസിനു അതിരററ പുഷ്പാർച്ചനചെയ്യുന്ന ചിലർ ധാർമ്മികമൂല്യങ്ങളെ മറന്നുകളയുന്നതിന്റെ കാരണം ഒരു ചിന്താകുഴപ്പം മാത്രമാണ്.

ആധുനികലോകത്തിന്റെ ആദ്ധ്യാത്മികചിന്തകളോടുള്ള വൈരസ്യത്തിനു മെററീരിയലിസം അഥവാ ഭൗതികവാദം വളരെയധികം സഹായിച്ചിട്ടുണ്ട്. പാശ്ചാത്യലോകത്തു ഡെസ്കാർട്ടസ് ഇമ്മാനുവൽകാന്റുമുതലായവർ വിത്തുപാകിയ വിപ്ലവകരമായ തത്വചിന്താരീതികൾ പടർന്നുപന്തലിച്ചതാണ് ഇന്നത്തെ മെററീരിയലിസമെന്നു പറയാം. പദാർത്ഥ (Matter) ത്തിനപ്പുറം യാതൊന്നുമില്ല—ഇതാണീ പുതിയ വേദാന്തം ആററിക്കുറുക്കിയാൽ കിട്ടുന്ന സാരസർവ്വസ്വം. പണ്ടത്തെ, ചാർവ്വാകന്റെയും എപ്പിക്യൂറസ്സിന്റെയും തത്വങ്ങളുടെ ഒരു പുതിയ പതിപ്പ്! ആധുനികലോകത്തിന്റെ ചിന്താഗതിക്കു ചുക്കാൻ പിടിക്കുന്നതിൽ ഈ തത്വദർശനം വലിയൊരു പങ്കുവഹിക്കുന്നുണ്ട്. കേവലം സാമ്പത്തികസിദ്ധാന്തത്തിന്റെ ഉടയാടയണിഞ്ഞുകൊണ്ടു പലപ്പോഴും പ്രത്യക്ഷപ്പെടാറുള്ള കമ്മ്യൂണിസം ഈ തത്വത്തിലാണ് പാദമൂന്നിനിലകൊള്ളുന്നതെന്ന പരമാർത്ഥം പലർക്കുമജ്ഞാതമാണ്. കുഴിമാടത്തിനപ്പുറമുള്ള ജീവിതത്തെയും, മരണത്തെയതിജീവിക്കുന്ന മനുഷ്യാത്മാവിനെയുമെല്ലാം ചോദ്യംചെയ്യുന്ന മെററീരിയലിസം മനുഷ്യനെ മൃഗങ്ങളുടെ നിരയിലേക്കു നീക്കിനിർത്തുന്നു. പുരോഗമനത്തിന്റെ നെട്ടോട്ടം! ശാസ്ത്രലോകം ഒരു പ്രവർത്തകസങ്കല്പം (Working hypothesis) മാത്രമായി പരിഗണിക്കുന്ന പരിണാമവാദത്തെ, മെററീരിയലിസത്തിനു താങ്ങായി ചിലർ കൂട്ടുപിടിക്കാറുണ്ട്.

ചാർവ്വാകസിദ്ധാന്തത്തെ ഭാരതീയാചാര്യന്മാർ പണ്ടേതന്നെ പുറന്തള്ളിക്കളഞ്ഞതാണ്. എന്നാൽ അതേ ആശയം ചില വെള്ളക്കാരാവർത്തിച്ചുപറഞ്ഞപ്പോൾ പുറകേപോകുവാൻ ഭാരതത്തിലുമാളുകളുണ്ടായതിലത്ഭുതപ്പെടണം. ഭൗതികവാദം പ്രപഞ്ചസംവിധാനത്തെ വ്യാഖ്യാനിക്കുന്നതിൽ തോററു തുന്നംപാടിയിരിക്കുന്നു. എങ്കിലും ഈശ്വരനും മതവുമൊന്നുമില്ലാതിരുന്നാൽ കൊള്ളാമെന്നാഗ്രഹിക്കുന്ന ഒരുകൂട്ടം ആളുകൾ തങ്ങളുടെ കടിഞ്ഞാൺ കളഞ്ഞ ജീവിതത്തേർവാഴ്ചയ്ക്കു ന്യായീകരണമായി മെററീരിയലിസത്തെ ഉയർത്തിപ്പിടിക്കുകയും അതിനു ശാസ്ത്രീയഛായ നൽകുവാൻ കിണഞ്ഞുപരിശ്രമിക്കുകയും ചെയ്യുകയാണ്.

മനുഷ്യന്റെ ഹൃദയത്തിൽനിന്നും വിശ്വാസത്തെ തുടച്ചുനീക്കുവാൻ കടന്നുവന്ന മെററീരിയലിസം, ബുദ്ധിയുടെ ചക്രവാളപരിധികൾക്കപ്പുറം പിടികിട്ടാതെ നിലകൊള്ളുന്ന അനേകം സിദ്ധാന്തങ്ങളെയാണ് അവന്റെ വിശ്വാസത്തിനുവേണ്ടി ഉരുവിട്ടുകൊടുക്കുന്നതെന്നുള്ളത് വിസ്മയകരംതന്നെ. നിത്യമായ നിലയുള്ളതും നിതാന്തമായ ശക്തിയടങ്ങിയതുമായ പദാർത്ഥം, അണുക്കളുടെ യാദൃച്ഛികസംശ്ലേഷത്താലുദയംകൊണ്ട അനവദ്യസുന്ദരമായ പ്രപഞ്ചവ്യവസ്ഥിതി എന്നിവിധമാരംഭിക്കുന്ന മെററീരിയലിസത്തിന്റെ വിശ്വാസസംഹിത കാര്യകാരണനിഷേധത്തോളം ചെന്നുപാറുന്നുണ്ട്. ആദ്ധ്യാത്മികമൂല്യങ്ങളെ വകഞ്ഞുമാററി നിർത്തിയശേഷം മാനവജീവിതത്തെ എത്രതന്നെ അപഗ്രഥിച്ചാലും അതൊരു കടങ്കഥയായേ പരിണമിക്കൂ. പുതുമയുടെ പുറകെ കുതികൊള്ളുന്ന ലോകത്തിൽ ഇമ്മാതിരി അബദ്ധതത്വങ്ങളെ ഓമനിച്ചുമ്മവയ്ക്കുന്നവരുണ്ടെങ്കിലത്ഭുതപ്പെടാനില്ല.

മനുഷ്യന്റെ കൂടപ്പിറപ്പാണ് ആദ്ധ്യാത്മികചിന്തകൾ. അവന്റെ ആശകളും അഭിലാഷങ്ങളും തന്നെ പ്രപഞ്ചസീമകൾക്കപ്പുറം അനന്തതയുടെ മലർത്തോപ്പിൽ അവനെ കൊണ്ടുചെന്നാക്കുന്നു.

"കനിഞ്ഞുനീയെന്നെ നിനക്കുവേണ്ടി
മനഞ്ഞു; തന്മൂലമനന്തനാഥാ,
അണഞ്ഞിടാശാന്തിയെനിക്കു നിന്നെ-
പ്പുണർന്നുനിന്നിൽ വിലയിക്കുവോളം"

എന്നു സെന്റ് അഗസ്റ്റിനും

"The infinite in man is not satisfied by the fashion



ദീനബന്ധുവായ ക്രിസ്തുവിന്റെ സ്നേഹഹൃദയം

ചെറുകഥ

# സ്വതന്ത്രയായ പുത്രി

(ജി. സി. ടീലാർ)

ആഗസ്റ്റ് 15-ാംനു-യായിരുന്നു ആ രാജകുമാരിയുടെ ജനനം. നാളും പക്കവും നോക്കി ആ പെൺകുഞ്ഞിന്റെ ജാതകം എഴുതിയവർ പലരാണ്. ഒരാൾ എഴുതി: "കുഞ്ഞ് പരമസുന്ദരിയായിത്തീരും. സകല രാജ്ഞികൾക്കും ഒരു തിലകമായി പരിശോഭിക്കും. പക്ഷെ അപകടങ്ങൾ നീങ്ങിയ ഒരു കാലം ജീവിതദശയിൽ കാണുന്നില്ല. എങ്കിലും ഒടുവിൽ എല്ലാം ശുഭമായിത്തീരും." വിജയസിംഹൻ വളരെ ആശങ്കകളോടുകൂടിയാണ് അതു വായിച്ചുനോക്കിയത്. തന്റെ മകൾ ഒരു സുന്ദരിയായിത്തീരും എന്നു ഗ്രഹിക്കുവാൻ അദ്ദേഹത്തിനു മററാരുടേയും പ്രവചനം ആവശ്യമായിരുന്നില്ല. എങ്കിലും അപകടങ്ങളെപ്പററി വായിച്ചപ്പോൾ അദ്ദേഹത്തിനു് അനല്പമായ ഭയമുണ്ടായി. ഹൈന്ദവവിശ്വാസം അങ്ങിനെയാണല്ലോ.

രാജമ്മ എന്നാണു് അവളെ വിളിക്കുന്നതു്. എത്ര കുഴഞ്ഞ പ്രശ്നങ്ങളിൽ ബദ്ധശ്രദ്ധനായിരുന്നാൽപ്പോലും വിജയസിംഹൻ അവളുടെ പൂങ്കവിളിൽ ഒരു ചുംബനമർപ്പിക്കാതെ കിടന്നുറങ്ങാറില്ല. ഓരോ ദിവസവും കുഞ്ഞിന്റെ തൂക്കമെടുത്തു് സ്പെഷ്യൽ ഗസററ്വഴി രാജ്യവാസികളെ ആ വാർത്ത അറിയിച്ചിരുന്നു. കുഞ്ഞിന്റെ ആരോഗ്യത്തെപ്പററി ജിജ്ഞാസയോടുകൂടിയാണു് അവർ അന്വേഷിച്ചിരുന്നതു്. ജാതിമതഭേദങ്ങൾ അവിടെ പരിഗണനാർഹമായിരുന്നില്ല ഏററം വിശാലമനസ്കനായ ഒരു രാജാവായിരുന്നു വിജയസിംഹൻ. വിശ്വാസത്തിൽ അദ്ദേഹം ഒരു ഹൈന്ദവനായിരുന്നെങ്കിലും ഭരണത്തിൽ അദ്ദേഹം ഏവരുടെയും വത്സലപിതാവായിരുന്നു. അക്ബർ ചക്രവർത്തിയെപ്പോലെ അദ്ദേഹം എല്ലാവരിലും നന്മ കാണുകയും നന്മ ചെയ്യുന്നവരെ ആദരിക്കയും ചെയ്തിരുന്നു.

* * *

"മിസ്റ്റർ മാത്യൂ, താങ്കൾ വളരെ സമയമായോ ഇവിടെ വന്നിട്ടു്?"

"ഇല്ല, ഒരു മണിക്കൂർ. പക്ഷെ മനോഹരമായ ഈ സ്ഥലത്തു് ഒരു മണിക്കൂർ അഞ്ചുമിനിററുകൊണ്ടു് കടന്നുപോയതുപോലെ തോന്നുന്നു."

"ഓ, കൊള്ളാം. എന്നാൽ മിസ്റ്റർ മാത്യൂ ഇരിക്കണം. ഞാൻ ഇപ്പോൾ തിരിയെ വരും" വിജയസിംഹൻ ഒരുൾമുറിയിലേക്കു പോയി. മാത്യൂ അവിടെത്തന്നെ ഇരുന്നു. അദ്ദേഹം ഇത്ര കാര്യമായി തന്നെ ക്ഷണിച്ചതെന്തിനായിരിക്കാം എന്നായിരുന്നു മാത്യുവിന്റെ ചിന്ത. പത്തു മിനിററിൽ കൂടുതൽ അതു് അദ്ദേഹത്തെ അലട്ടിയില്ല. കേൾക്കാം മൂന്നുപേരുടെ കാൽപെരുമാററം. മാത്യൂ ഇരിപ്പടത്തിൽനിന്നും എഴുന്നേററു് ആഗതരെ കാത്തുനിന്നു. വിജയസിംഹൻ, ഭാര്യ, ഒരു രാജഭൃത്യൻ, ഇത്രയുംപേരാണു് വന്നതു്. ഭൃത്യന്റെ കൈയിൽ ചായയും പലഹാരങ്ങളും. ഇത്ര വലിയ സ്നേഹപ്രകടനങ്ങൾക്കുള്ള അടിസ്ഥാനമെന്തെന്നു് മാത്യുവിനു് മനസ്സിലായില്ല. എങ്കിലും അവരുടെ സൽക്കാരങ്ങൾ സന്തോഷപൂർവ്വം അദ്ദേഹം സ്വീകരിച്ചു ചായ കുടിച്ചുകൊണ്ടിരുന്നപ്പോൾ ചെറിയ സ്വരത്തിൽ ഒററ ചോദ്യം: "മിസ്റ്റർ മാത്യൂ എന്നെ ഓർക്കുന്നുണ്ടോ?" മിസ്സി... വിജയസിംഹനാണു് ചോദിച്ചതു്. ദീർഘമായി ചിന്തിക്കുമ്പോൾ അദ്ദേഹത്തിന്റെ നെററിത്തടത്തിൽ വന്നുനിൽക്കാറുണ്ടു് അനേകം ചുളിവുകൾ. കടങ്കഥ കിട്ടി ക്ലേശിക്കുന്നവനെപ്പോലെ കാണപ്പെട്ടു മി. മാത്യൂ. "ഓക്സ്ഫോർഡ്" എന്നൊരു പദം ഉച്ചരിച്ചു വിജയസിംഹൻ. അദ്ദേഹത്തിന്റെ ഓർമ്മയുടെ ഒരു ഉള്ളറ അപ്പോൾ തുറക്കപ്പെട്ടു.

ഓക്സ്ഫോർഡ് കലാശാലയിൽ കഴിച്ചുകൂട്ടിയ ദിനങ്ങളാണു് അദ്ദേഹത്തിന്റെ സ്മരണയിലേക്കു തള്ളിക്കയറി വന്നതു്. സ്നേഹസമ്പന്നയായ ഒരു യുവതി തന്റെ അടുത്ത ക്ലാസിൽ ഇരുന്നിരുന്നതും, പഠനത്തിൽ തന്റെ സ...യം തേടിയിരുന്നതും മി. മാത്യൂ ഓർത്തു. വികാരഭരിതനായി അദ്ദേഹം എഴുന്നേററു. "അമ്പ! ലീലാവതി" എന്നു പറഞ്ഞുപോയി. നഷ്ടപ്പെട്ട ഒരു സഹോദരനെ കണ്ടുകിട്ടിയതുപോലുള്ള സന്തോഷം ലീലാവതിക്കു്. നഷ്ടപ്പെട്ട ഒരു സഹോദരിയെ ഉൽകൃഷ്ടമായ ഒരു സ്ഥാനത്തു കണ്ടെത്തിയതിലുള്ള സന്തോഷം മാത്യുവിനു്. രാജകൊട്ടാരത്തിൽ അന്നു് ആഹ്ലാദത്തിന്റെ ഒരു ദിനമായിരുന്നു.

"മിസ്റ്റർ മാത്യൂ, ഞാൻ താങ്കളെ ക്ഷണിച്ചതു് ഒരു പ്രത്യേകകാര്യം സംബന്ധിച്ചാണു്. താങ്കളെപ്പററിയുള്ള സകല വിവരങ്ങളും ലീലാവതി പറഞ്ഞു് എന്നെ മനസ്സിലാക്കി. ഏററം ഉത്തമനായ ഒരു മനുഷ്യൻ എന്നാണു് അവർക്കു താങ്കളെപ്പററിയുള്ള ധാരണ. ഏററം ഉത്തമനായ ഒരാളായിരിക്കണം എന്റെ മകളുടെ അദ്ധ്യാപകൻ എന്നാണു് ഞങ്ങൾ ഇരുവരുടേയും അഭിപ്രായം. എല്ലാ മതങ്ങളെപ്പററിയും എല്ലാ ദേശങ്ങളെപ്പററിയും എല്ലാ ഭാഷകളെപ്പററിയും പഠിച്ചു് അവൾ ഒരു പണ്ഡിതയായും സ്വതന്ത്രയായും ജീവിക്കട്ടെ. താങ്കൾ അവളുടെ അദ്ധ്യാപകൻ."

"അങ്ങു് വാസ്തവത്തിൽ ഒരു വലിയ ബഹുമതിയാണു് എനിക്കു നൽകുന്നതു്. പക്ഷേ ഹൈന്ദവഭൂരിപക്ഷമുള്ള ഈ രാജ്യത്തു് എന്റെ എളിയ സേവനം തെററിധരിക്കപ്പെടുകയില്ലയോ എന്നു ഞാൻ സംശയിക്കുന്നു."

"ഞാൻ ഭൂരിപക്ഷം നോക്കിയല്ല രാജമ്മയ്ക്കു് ഒരദ്ധ്യാപകനെ നിശ്ചയിക്കുന്നതു്. അവൾ എന്തു പഠിക്കണം എന്നു നിശ്ചയിക്കുവാനുള്ള അവകാശം പ്രഥമമായി എനിക്കാണുള്ളതു്. സകലവും പഠിപ്പിച്ചതിനുശേഷം അവളെ സ്വതന്ത്രയാക്കുവാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു."

രാജമ്മ പല ഭാഷകളിൽ പ്രവീണയായി. അവൾ ഒരിക്കൽ ചോദിച്ചു: "സർ, മതം എന്നു പറഞ്ഞാൽ എന്താണു്?" പന്ത്രണ്ടു വയസ്സുള്ള ഒരു കുട്ടിയുടെ ചോദ്യം. എങ്ങനെ അതിനു മറുപടി പറയണം എന്നു മാത്യൂ ആലോചിക്കയുണ്ടായി. വിജയസിംഹനേയും അദ്ദേഹം വിവരം ധരിപ്പിച്ചു. അപ്പോൾ അദ്ദേഹം പറയുകയാണു്: "കുഞ്ഞിന്റെ ചോദ്യത്തിനു് അറിയാവുന്ന മറുപടി പറഞ്ഞുകൊള്ളുക. ഓരോ മതത്തെക്കുറിച്ചും അവൾ അങ്ങനെ പഠിക്കട്ടെ എന്നാണു് ഞങ്ങളുടെ അഭിപ്രായം. ഒരാളുടെ സ്വാതന്ത്ര്യം പരിപൂർണ്ണമാകണമെങ്കിൽ ഓരോ സംഗതിയെപ്പററി അറിയുവാനുള്ള സ്വാതന്ത്ര്യംകൂടി അവനുണ്ടായിരിക്കണം. ക്രിസ്തുമതം എന്താണെന്നു ഒരു ക്രിസ്ത്യാനിയിൽനിന്നും, ഹിന്ദുമതത്തെക്കുറിച്ചു് ഒരു ഹൈന്ദവനിൽനിന്നും, ഇസ്ലാം മതത്തെക്കുറിച്ചു് ഒരു മഹമ്മദനിൽനിന്നുമാണു് അവൾ പഠിക്കേണ്ടതു്."

മി മാത്യൂ സംതൃപ്തനായി. രാജമ്മയുടെ ചോദ്യത്തിനു് ഉചിതമായ ഒരു മറുപടി പറയുവാൻ തീരുമാനിച്ചു. "പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തിന്റെ ഒരു അംഗീകരണമാണു് കുടുംബം. അതുപോലെ സ്രഷ്ടാവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ ഒരു അംഗീകരണമാണു് മതം. പിതാവും പുത്രനും തമ്മിലുള്ള ബന്ധം എല്ലായിടത്തും ഒന്നായിരിക്കുന്നതുപോലെ സ്രഷ്ടാവും മനുഷ്യനും തമ്മിലുള്ള ബന്ധവും എല്ലായിടത്തും ഒന്നായിരിക്കണം." അതിൽ കൂടുതലൊന്നും പറയേണ്ട ആവശ്യമുണ്ടെന്നു മാത്യുവിനു് തോന്നിയില്ല. സ്വയമായി ചിന്തിക്കുവാൻ രാജമ്മയെവിട്ടിട്ടു് അദ്ദേഹം പൊയ്ക്കളഞ്ഞു.

രാത്രി. ഭയങ്കരമായ കാററു് ചുററി അടിച്ചുകൊണ്ടിരുന്നു. ജാലകത്തിലെ കണ്ണാടിയിൽക്കൂടി മിന്നൽപ്പിണറുകൾ ഉറക്കറയ്ക്കുള്ളിൽ കടക്കുന്നുണ്ടു്. മുകൾക്കൂട്ടിൽനിന്നും ഇരച്ചുചാടുന്ന വെള്ളം നടുമുററത്തുകൂടി ഒരു തോടു സൃഷ്ടിച്ചു് പാഞ്ഞുതുടങ്ങി. രാത്രിയുടെ ഗായകന്മാരായ ചീവീടുകളുടെ സ്വരമേ കേൾക്കാനുണ്ടായിരുന്നില്ല. ഏകാകിനിയായി കിടക്കയായിരുന്നു രാജമ്മ. അവൾക്കു് ഉറക്കംവന്നില്ല. മിതഭാഷിയായ മാത്യുവിന്റെ നിർവചനത്തെപ്പററിയായിരുന്നു അവളുടെ ചിന്ത. മതത്തെപ്പററി പല നിർവചനങ്ങളും അവൾ ഗ്രന്ഥങ്ങളിൽ കണ്ടിട്ടുണ്ടു്. പല പണ്ഡിതന്മാർ പറഞ്ഞിട്ടുമുണ്ടു്. എന്നാൽ സ്രഷ്ടാവും സൃഷ്ടിയും ചേർന്നുള്ള ഒരു ബന്ധമാണു് മതം എന്നു് അവൾ ആദ്യമായിട്ടാണു് കേൾക്കുക. കുടുംബം, മതം എന്ന രണ്ടു പദങ്ങൾ അവൾ ഉരുവിട്ടുകൊണ്ടുകിടക്കയായിരുന്നു. കുടുംബത്തിൽ പിതാവും മാതാവും സന്താനങ്ങളും. മതത്തിൽ പിതാവായ ദൈവവും മാതാവായ പ്രകൃതിയും സന്താനങ്ങളായ മനുഷ്യരും. മാതാവിൽക്കൂടി അറിയുന്നു സന്താനങ്ങൾ പിതാവിനെ. പ്രകൃതിയിൽക്കൂടി മനുഷ്യർ അറിയുന്നു ദൈവത്തേയും. പിതാവിനെ അറിയുന്ന സന്താനങ്ങൾ അദ്ദേഹത്തെ സ്നേഹിക്കയും ബഹുമാനിക്കയും ആവശ്യങ്ങൾ അറിയിക്കയും ചെയ്യുന്നു. ദൈവത്തെ അറിയുന്ന മനുഷ്യർ അവിടുത്തെ സ്നേഹിക്കയും ബഹുമാനിക്കയും അവിടുത്തോടു പ്രാർത്ഥിക്കയും ചെയ്യണം. വിവിധചിന്തകൾ ഇങ്ങനെ രാജമ്മയുടെ മസ്തിഷ്കത്തിൽ അലയടിച്ചുകൊണ്ടിരുന്നു.

രാത്രിയുടെ കറുത്ത കർട്ടൻ ഉയർന്നു. പക്ഷികൾ ഉണർന്നു ചലിച്ചുതുടങ്ങി. അപ്പോഴും രാജമ്മ നിദ്രയിൽതന്നെ. ഒരു സ്വപ്നം അതിനു കൂട്ടുനിന്നിരുന്നു. സമുദ്രത്തിലെ തിരമാലകൾ ഒന്നിനുപുറകേ ഒന്നായി നിരന്നുനിന്നാലെന്നപോലെ ഉയർന്നുകിടന്നിരുന്നു അനേക പർവ്വതപംക്തികൾ. അതിൽ ഒന്നിൽ ഒരു യുവാവു പ്രത്യക്ഷപ്പെട്ടു. അയാൾ സുമുഖൻ, അരോഗദൃഢഗാത്രൻ, അധരങ്ങളിൽ ഒരു പുഞ്ചിരി, കരത്തിൽ ഒരു തോക്കു, പക്ഷികളെ വേട്ടയാടുവാൻ പോകയാണു് അയാൾ. ഒരു വലിയ മരത്തിന്റെ ചുവട്ടിൽ അയാൾ പോയിനിന്നു് മുകളിലേക്കു ഉന്നംനോക്കി. ഒരു വെളുത്ത പക്ഷി അതിന്റെ ഒരു കൊമ്പിൽ നൃത്തമാടി നിന്നിരുന്നു.

ഹ്ഹും! ഹ്ഹും! യുവാവു് താഴേക്കു നോക്കി. ഒരു വലിയ സർപ്പം അതിന്റെ ഫണമുയർത്തി അയാളുടെനേരെ പാഞ്ഞുവരികയാണു്. തോക്കു് നിലത്തിട്ടുംവച്ചു് അയാൾ ഓട്ടംതുടങ്ങി. പുറകേ സർപ്പവും. ഒരു ഭയകര കാഴ്ചയായിരുന്നു അതു്. അവൾ ഞെട്ടി നിലവിളിച്ചു. പക്ഷേ സ്വരം പുറത്തേക്കുവന്നില്ല. യുവാവു് ക്ഷീണിച്ചു് നിലംപതിച്ചുപോയി. സർപ്പം അയാളെ വിഴുങ്ങുവാൻ വായ്പൊളിച്ചു.

ജയ്! എന്നുൽഘോഷിച്ചുകൊണ്ടാണു് രാജമ്മ എഴുന്നേററതു്. വാതിൽക്കൽ കാത്തുനില്ക്കുന്നുണ്ടായിരുന്നു ലീലാവതി. സമയം കഴിഞ്ഞിട്ടും മകൾ ഉണരാഞ്ഞതെന്തെന്നറിയുവാൻ അവർ വന്നിരിക്കയായിരുന്നു. ഏതോ നല്ല ഒരു സ്വപ്നത്തിൽനിന്നുമാണു് രാജമ്മ ഉണർന്നതെന്നു ലീലാവതിക്കു മനസ്സിലായി. "എന്തിനാണു കുഞ്ഞേ നീ ജയ് എന്നു വിളിച്ചതു്?" താൻ ഇത്രയധികം ഉറങ്ങിപ്പോയല്ലോ എന്നോർത്തപ്പോൾ അവൾക്കു ലജ്ജയുണ്ടായി. എങ്കിലും അവൾ പറഞ്ഞു: "അമ്മച്ചീ, ഞാൻ ഭയങ്കരമായ ഒരു സ്വപ്നം കണ്ടു. നായകനെ ഒരു സർപ്പം കടിച്ചുകൊല്ലാൻ അതിതിന്റെ വായ് പിളർന്നുനിൽക്കുന്നതാണു് ഞാൻ കണ്ടതു്."

"കൊള്ളാം! ഒരാളെ പാമ്പു കടിച്ചുകൊല്ലാൻ തുടങ്ങുന്നതു കണ്ട

---

of the world that Passes away" എന്നു ഡോ. രാധാകൃഷ്ണനും പറയുന്നു. മാനവജീവിതത്തിൽ കൊടുമ്പിരിക്കൊള്ളുന്ന കഷ്ടാരിഷ്ടതകൾക്കും, ജയഘോഷംമുഴക്കുന്ന അനീതികൾക്കുമെല്ലാം ശരിയായ സമാധാനം, മതവും ആദ്ധ്യാത്മികചിന്തകളും ചൊരിയുന്ന പ്രകാശവായ്പിലൂടെ മാത്രമെ നമുക്കു ലഭിക്കുന്നുള്ളു.

ആദ്ധ്യാത്മികമൂല്യങ്ങളാണു് മനുഷ്യന്റെ സന്മാർഗ്ഗബോധത്തിന്റെ ഉറവിടം. ധാർമ്മികചിന്തകളോടു് പിണങ്ങിപ്പിരിയുന്ന മനുഷ്യനിൽ നന്മയ്ക്കുള്ള പ്രേരണകളൊന്നുംതന്നെ അവശേഷിക്കുന്നില്ല. ഈ അടുത്തകാലത്തു് ശ്രീ ജയപ്രകാശ് നാരായൻ ഈ പരമാർത്ഥം സമ്മതിച്ചുപറയുകയുണ്ടായി. അദ്ദേഹം "ഫ്റീഡം ഫസ്റ്റ്" എന്ന മാസികയിലെഴുതുന്നു:—

"ഭൗതികമായ ഒരു നാഗരികതയിൽ നന്മചെയ്യുന്നതിനുള്ള യുക്തിപൂർവ്വമായ യാതൊരു പ്രേരണയും മനുഷ്യനുണ്ടായിരിക്കുന്നില്ല. ഡയലക്ടിക്കൽ മെററീരിയലിസത്തിന്റെ നാട്ടിൽ ഭീതി മനുഷ്യരെ അനുസരണയുള്ളവരാക്കുന്നുണ്ടാകാം; പാർട്ടി ദൈവത്തിന്റെ സ്ഥാനമെടുക്കുന്നുണ്ടാകാം. എന്നാൽ ആ ദൈവം (പാർട്ടി) തന്നെ ദുഷ്ടമായിത്തീരുമ്പോൾ ദുഷ്ടരായിരിക്കുകയെന്നതു് ഒരു സാർവ്വത്രികനിയമമായിത്തീരുന്നു."

അദ്ദേഹം തുടരുന്നു:- "ആകയാൽ നന്മചെയ്യുന്നതിനുള്ള പ്രേരണകൾ കണ്ടെത്തുന്നതിനായി മനുഷ്യൻ ഭൗതികതത്വത്തിനപ്പുറത്തേക്കു പോകണമെന്നു് എനിക്കു പൂർണ്ണബോദ്ധ്യമായിരിക്കുന്നു. തൽഫലമായി ഒരു ഭൗതികതത്വശാസ്ത്രത്തിന്റെ നിവേശനത്തിൻകീഴിൽ സാമൂഹ്യപുനസ്സംഘടനായത്നം വിജയിക്കുക സാദ്ധ്യമല്ലെന്നുംകൂടി എനിക്കു ബോദ്ധ്യമായിരിക്കുന്നു."

ഇന്നു ലോകത്തിലെ മത്സരം, സാമ്രാജ്യക്കൊതി തമ്മിലുള്ള കടിപിടിയെന്നതിനേക്കാൾ ആശയങ്ങൾ തമ്മിലുള്ള സംഘട്ടനമാണു്. മാനവസംസ്കാരത്തിന്റെ ഊടും പാവുമായ ആദ്ധ്യാത്മികചിന്തകളും മതബോധവും അപകടത്തിലാക്കാനുള്ള യത്നം ഒരു വശത്തു നടക്കുന്നു.

"മതബോധത്തെയും നിത്യസൗഭാഗ്യത്തെക്കുറിച്ചുള്ള മോഹത്തെയും ജനഹൃദയങ്ങളിൽനിന്നു ഉന്മൂലനം ചെയ്യാതെ അവർക്കു യഥാർത്ഥസൗഭാഗ്യം കൈവരുന്നതല്ല" എന്നുൽഘോഷിച്ച കാറൽ മാർക്സിന്റെ പ്രവാചകത്വത്തിൽ വിശ്വസിക്കുന്ന ആളുകളെ നമുക്കു് മതബോധത്തെയും ആദ്ധ്യാത്മികമൂല്യങ്ങളെയുമാഞ്ഞുപുൽകി... കൊണ്ടു നേരിടാം.

## തീർത്ഥകരുടെ ശ്രദ്ധയ്ക്കു്

മാർ തോമ്മാശ്ലീഹായുടെ തിരുശേഷിപ്പു് സ്ഥാപിക്കപ്പെട്ടിരിക്കുന്ന കൊടുങ്ങല്ലൂരേക്കു് തീർത്ഥയാത്ര പോകുന്നതിനും, മററു കൂട്ടമായ യാത്രകൾക്കും പററിയ പല സൈസിലുള്ള ബോട്ടുകൾ കൂലിക്കുകൊടുക്കുവാൻ തയ്യാർ.

Box No 10
C/o Sathiadeepam
Ernakulam

## "കാളൻ'സ് ബുള്ളററിൻ"

(രോഗങ്ങളും പ്രതിവിധികളും)

നീർവീഴ്ച, തുമ്മൽ, ചുമ, ക്ഷയം, ഏങ്ങൽ, അർശസ്സ് (മൂലക്കുരു), വയറുവേദന, നെഞ്ചുവേദന, വായുസ്തംഭനം (ഗ്യാസ്ട്രബിൾ), അസ്ഥിസ്രാവം, രക്തദൂഷ്യം മുതലായ അനവധി തരം രോഗങ്ങളുടെ ഉത്ഭവകാരണങ്ങളേയും, പ്രതിവിധികളേയുംപററി സവിസ്തരം പ്രതിപാദിക്കുന്ന "കാളൻ'സ് ബുള്ളററി"ന്റെ സാമ്പിൾ കോപ്പി സൌജന്യം. "കാളൻ'സ് ബുള്ളററിൻ പബ്ലിക്കു് ലൈബ്രറികൾക്കും സ്കൂൾ ലൈബ്രറികൾക്കും സൌജന്യമായും തുടർന്നും അയച്ചുകൊടുക്കുന്നതാണു്.

"കാളൻ" സ്ഥാപനത്തിന്റെ പ്രൊപ്രൈററായ കാളത്തു് പാവുണ്ണി ഔസേപ്പുവൈദ്യൻ ആലപ്പുഴ, കോട്ടയം മുതലായ സ്ഥലങ്ങളിൽ ക്യാമ്പുചെയ്തു വരുന്നുണ്ടോയെന്നു്, പല രോഗികളും എഴുതി ചോദിക്കുന്നുണ്ടു്. എന്നാൽ "കാളൻ'സ് ബുള്ളററിൻ" മാസത്തിൽ 2 തവണ വീതം പ്രസിദ്ധീകരിക്കേണ്ടതുള്ളതുകൊണ്ടും മററും കാളത്തു് പാവുണ്ണി ഔസേപ്പു വൈദ്യനു് ആലപ്പുഴ, കോട്ടയം മുതലായ സ്ഥലങ്ങളിൽ ഇപ്പോൾ ക്യാമ്പുചെയ്യുന്നതിനു് സൗകര്യപ്പെടുന്നതല്ലെന്നുള്ള വിവരം ഞങ്ങളുടെ എല്ലാ മാന്യസുഹൃത്തുക്കളേയും അറിയിച്ചുകൊള്ളുന്നു.

**അനുകരണങ്ങളെ സൂക്ഷിക്കണം.** "കാളൻ"സ്ഥാപനത്തിന്റെ ആലപ്പുഴ ബ്രാഞ്ചു് (സെയിൽസ് ഡിപ്പോ) ബോട്ടുജെട്ടിക്കു സമീപമാകുന്നു. കൂടുതൽ വിവരങ്ങൾ ബുള്ളററിനിൽനിന്നു ഗ്രഹിക്കാവുന്നതാണു്.

എഴുത്തുകൾ മുതലായവ അയക്കേണ്ടും വിലാസം:-

കാളൻ, നെല്ലായി

പ്പോഴാണോ നീ ജയ്‌വിളിച്ചതു്?"

"അതല്ല. മിന്നൽവേഗത്തിൽ ഒരു വെള്ളക്കുതിരപ്പുറത്തു് ഒരു യോദ്ധാവു് അവിടെ പ്രത്യക്ഷപ്പെട്ടു. അദ്ദേഹം തന്റെ വാൾ ഊരി ആ സർപ്പത്തെ വെട്ടിക്കൊന്നു. എന്നിട്ടു് ബോധരഹിതനായി നിലത്തു കിടന്നിരുന്ന യുവാവിനെ ആ യോദ്ധാവു് കോരി എടുത്തു് തന്റെ കുതിരപ്പുറത്തു് വച്ചുകെട്ടി. അദ്ദേഹവും അതിന്റെ പുറത്തു് ചാടിക്കയറി. ഹിക്കപ്പ്, ഹിക്കപ്പ്, കുതിര പാഞ്ഞു. അപ്പോഴാണു് ഞാൻ ജയ്‌വിളിച്ചുപോയതു് ഈ സ്വപ്നത്തിൽ ഏതോ ഗൂഢാർത്ഥം അടങ്ങിയിട്ടുണ്ടെന്നു് എനിക്കു തോ



അ. കേ. ക. കോൺഗ്രസ് പ്രസിഡണ്ടു് മി. ടി. ജെ. മാത്യു

ന്നുന്നു. അമ്മച്ചിയുടെ അഭിപ്രായം എന്താണു്?"

"ഓ! സ്വപ്നം! അതുകള. നീ പകൽ വിചാരിച്ച വല്ല കാര്യവുമായിരിക്കും രാത്രിയിൽ സ്വപ്നമായിത്തീർന്നതു്."

"ഞാൻ പകൽസമയത്തു് സർപ്പത്തെക്കുറിച്ചോ യുവാവിനെക്കുറിച്ചോ വിചാരിച്ചില്ല. പിന്നെ എന്തുകൊണ്ടു് ഈ സ്വപ്നം?"

"മിസ്റ്റർ മാത്യു എന്തെങ്കിലും പുതുതായി നിന്നെ പഠിപ്പിച്ചുവോ?"

"മതം എന്താണെന്നു ഞാൻ ചോദിച്ചു. സ്രഷ്ടാവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ അംഗീകാരമാണെന്നുമാത്രം അദ്ദേഹം പറഞ്ഞു. അതേപ്പററി ഞാൻ കുറേ ആലോചിക്കയുണ്ടായി. അത്രമാത്രം."

"എന്നാൽ നിനക്കു് അവതാരങ്ങളുടെ ഒരു കാര്യമാണുണ്ടായതു്. സംശയമില്ല."

"എന്നെ അതൊന്നു പറഞ്ഞു മനസ്സിലാക്കണം."

"പത്തവതാരങ്ങളാണു്:

"മത്സ്യകൂർമ്മവരാഹശ്ച:
നരസിംഹശ്ചവാമന
രാമോരാമശ്ച രാമശ്ച
കൃഷ്ണകൽക്കിജനാർദ്ദന:"

നാശത്തിൽനിന്നു ലോകത്തെ ഉദ്ധരിക്കുന്നതിനും ദുഷ്ടന്മാരെ ശിക്ഷിക്കുന്നതിനുംവേണ്ടി വിഷ്ണു പത്തു പ്രാവശ്യം അവതരിച്ചിട്ടുണ്ടു്. മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, ശ്രീരാമൻ, പരശുരാമൻ, ബലരാമൻ, ശ്രീകൃഷ്ണൻ, കൽക്കി ഇങ്ങനെ.

"എന്റെ അമ്മച്ചീ, ഒരു ദൈവം ലോകത്തെ ഉദ്ധരിക്കുന്നതിനുവേണ്ടി പത്തുപ്രാവശ്യം അവതരിച്ചുവെന്നു പറയുന്നതു് വിശ്വസിക്കുവാൻ തോന്നുന്നില്ല. ദൈവത്തിനു് ഒരവതാരമാണു് സയുക്തികം."

"നീ എന്തു പറയുന്നു?

"പരിത്രാണായ സാധൂനാം
വിനാശായ ചദുഷ്കൃതാം
ധർമ്മസംസ്ഥാപനാർത്ഥായ
സംഭവാമിയുഗേയുഗേ."

എന്നാണു്. അതുകൊണ്ടു പത്തല്ല ഓരോ യുഗത്തിലും അവതാരമുണ്ടാകാം എന്നാണു് ഹിന്ദുശാസ്ത്രം." ലീലാവതി ഓരോ അവതാരത്തിന്റെയും ചരിത്രം അവർക്കു പറഞ്ഞുകൊടുത്തു.

"എന്നാൽ അമ്മച്ചീ, ഞാൻ ഒരു കാര്യം പറയട്ടെ. ദുഷ്ടന്മാരെ നശിപ്പിക്കുന്ന ഒരു ദൈവത്തെയല്ല ഞാൻ അന്വേഷിക്കുന്നതു്, അവരെ രക്ഷിക്കുന്ന ഒരു ദൈവത്തെ. ദൈവം നമ്മുടെ പിതാവാണെങ്കിൽ തന്റെ സന്താനങ്ങളെ നശിപ്പിച്ചുകളയുവാൻ മനസ്സാകുമോ?"

"ക്രിസ്തുമതത്തിലാണു് ദൈവം പിതാവും മനുഷ്യർ സന്താനങ്ങളും. എന്നാൽ നമ്മുടെ മതത്തിൽ അങ്ങനെയല്ല."

"എന്നാൽ ക്രിസ്തുമതത്തിലെ ദൈവത്തോടാണു് എനിക്കു സ്നേഹവും ബഹുമാനവും." (തുടരും)

# അ. കേ. കത്തോലിക്കാകോൺഗ്രസ

## 36_ാമതു വാർഷികം

മുട്ടുചിറ സെൻറു് തോമസ് നഗറിൽവച്ചു് നടക്കുന്ന അഖിലകേരളകത്തോലിക്കാകോൺഗ്രസിന്റെ 36-ാംവാർഷികസമ്മേളനവും അവിടെ പണികഴിച്ചിരിക്കുന്ന ഹോളിഗോസ്റ്റ് മിഷൻ ആശുപത്രിയും ഉൽഘാടനം ചെയ്യുന്നതിനായി മേയ് 26-ാം തീയതി ഉച്ചക്കു് കർദ്ദിനാൾ തിരുമേനി എറണാകുളം മെത്രാപ്പോലീത്തൻ അരമനയിലേക്കു് എഴുന്നെള്ളി.

അരമനയിൽ എത്തിയ കർദ്ദിനാൾ തിരുമേനിയെ എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സുകൊണ്ടു് സ്വീകരിച്ചു. കർദ്ദിനാൾ തിരുമനസ്സുകൊണ്ടു് വകയായി വമ്പിച്ച ഒരു സ്വീകരണമാണു് തിരുമേനിക്കു നൽകിയതു്. വൈസ് ചെയർമൻ ശ്രീ കൃഷ്ണൻനായർ തിരുമേനിയെ ഹാരമണിയിച്ചു സ്വീകരിച്ചു. തുടർന്നു പാലാ നിവാസികളുടെ വകയായി മുനിസിപ്പൽ ചെയർമൻ മി. കെ. സി. സെബാസ്റ്റ്യൻ ബി. എ. ബി. ടി.



കർദ്ദിനാൾ തിരുമേനിയെ എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോ. അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സുകൊണ്ടു് ഹസ്തദാനം ചെയ്തു സ്വീകരിക്കുന്നു

### എറണാകുളത്തു്

സൗത്തു് സ്റ്റേഷനിൽ സമാഗതനായ തിരുമേനിക്കു് സ്റ്റേഷനിൽ വച്ചു്, എറണാകുളം മെത്രാപ്പോലീത്താ മാർ അഗസ്റ്റിൻകണ്ടത്തിൽ തിരുമേനിയെ പ്രതിനിധീകരിച്ചുകൊണ്ടു് സഹായമെത്രാൻ റൈററു റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയും, പാലാ രൂപതയുടെ മെത്രാൻ റൈററു് റവ. ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയും, വരാപ്പുഴമെത്രാപ്പോലീത്താ ഡോ. ജോസഫ് അട്ടിപ്പേററി തിരുമേനിയുടെ അഭാവത്തിൽ അതിരൂപതാ അഡ്മിനിസ്ട്രേററർ റൈററു റവ. മോൺ. അലക്സാണ്ടർ ലന്തപ്പറമ്പിലും ഹാരമണിയിച്ചു സ്വീകരിച്ചു. തുടർന്നു് കത്തോലിക്കാ കോൺഗ്രസ് പ്രസിഡണ്ടു് മി. ടി. ജെ. മാത്യു, സ്വീകരണക്കമ്മിററി പ്രസിഡണ്ടു് വെരി റവ. ഫാദർ പിണക്കാട്ടു് വൈസ് പ്രസിഡണ്ടു് മി. മാത്യു മുരിക്കൻ മുതലായവർ ഹാരമണിയിക്കയുണ്ടായി.

സ്റ്റേഷനിൽനിന്നും അഭിവന്ദ്യതിരുമേനിമാരോടൊന്നിച്ചു് അരമനക്കപ്പേളയിൽ ദിവ്യബലി അർപ്പിച്ചു. ഉച്ചതിരിഞ്ഞു 3 മണിക്കു് പാലാമെത്രാൻ തിരുമേനിയോടൊന്നിച്ചു് മററു പല കാറുകളുടെ അകമ്പടിയോടുകൂടി കർദ്ദിനാൾ തിരുമനസ്സുകൊണ്ടു് പാലായിലേക്കു് എഴുന്നള്ളി.

### പാലായിൽ

എറണാകുളത്തുനിന്നും പാലാ മെത്രാൻ തിരുമേനിയോടൊന്നി



പാലാ മെത്രാൻ തിരുമേനി

ച്ചു യാത്രതിരിച്ച അത്യുന്നതകർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ് തിരുമനസ്സുകൊണ്ടു് 5 മണിയോടുകൂടി പാലായിൽ എത്തി സെൻറു് തോമസ് ഹൈസ്കൂൾഹാളിൽവച്ചു് മുനിസിപ്പാലിററിയുടെ മംഗളപത്രം വായിച്ചു് ഉത്തമീതമായ കാസ്കററിൽ അടക്കംചെയ്തു് തിരുമേനിക്കു സമർപ്പിച്ചു. മംഗളപത്രത്തിനും സ്വീകരണത്തിനും കർദ്ദിനാൾ തിരുമേനി സമുചിതമായ മറുപടി നൽകി.

അനന്തരം പാലാ അരമനയിൽ കർദ്ദിനാൾ തിരുമനസ്സിലെ ബഹുമാനാർത്ഥം നടത്തിയ ചായസല്ക്കാരത്തിൽ ഒട്ടുവളരെപ്പേർ സംബന്ധിച്ചിരുന്നു.

### കോൺഗ്രസ് ഉൽഘാടനം

27-ാംനു കാലത്തു് 8 മണിക്കു പതാക ഉയർത്തൽകർമ്മം തിരുവനന്തപുരം അതിരൂപതാ അഡ്മിനിസ്ട്രേററർ റൈററു് റവ. ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി നിർവ്വഹിച്ചു.

9 മണിക്കു സമ്മേളനോൽഘാടകനായ അത്യുന്നത കർദ്ദിനാൾ തിരുമേനിയെയും പ്രസിഡണ്ടു മി. ടി. ജെ. മാത്യു അവർകളെയും സമ്മേളനപന്തലിലേക്കു സ്വീകരിച്ചാനയിച്ചു.

യോഗാരംഭത്തിനു മുൻപായിത്തന്നെ അനേകായിരക്കണക്കിനു ജനങ്ങളാൽ സമ്മേളനരംഗവും പരിസരങ്ങളും നിറഞ്ഞിരുന്നു. അത്യുന്നതകർദ്ദിനാൾ തിരുമേനിയെക്കൂടാതെ പാലാ മെത്രാൻ ഡോ. സെബാസ്റ്റ്യൻ വയലിൽ, ചങ്ങനാശ്ശേരിമെത്രാൻ ഡോ. മാത്യു കാവുകാട്ടു്, വിജയപുരംമെത്രാൻ ഡോ. അംബ്രോസ്, കൊല്ലം മെത്രാൻ ഡോ. ജറോംഫർണാണ്ടസ്, തിരുവനന്തപുരം അതിരൂപതാ അഡ്മിനിസ്ട്രേററർ ബനഡിക്ട് മാർ ഗ്രിഗോറിയോസ് എന്നീ തിരുമേനിമാരും, കർദ്ദിനാൾ തിരുമനസ്സിലെ സെക്രട്ടറി, കോൺഗ്രസിന്റെ ആദ്ധ്യാത്മികോപദേഷ്ടാവായ വെരി റവ. ജോസഫ് മണ്ണാറ, മി. ടി. ജെ. മാത്യു, ഷെവ. തയ്യിൽ കുഞ്ഞിത്തൊമ്മൻ തുടങ്ങിയ നേതാക്കന്മാരും അദ്ധ്യക്ഷവേദിയിൽ ആസനസ്ഥരായിരുന്നു.

പ്രാർത്ഥന, സ്വാഗതഗാനം സ്വീകരണസംഘാദ്ധ്യക്ഷൻ വെ. റവ. ഫാ. സെബാസ്റ്റ്യൻ പിണക്കാട്ടു് അവർകളുടെ സ്വാഗതപ്ര



വെരി റവ. ഫാദർ സെബാസ്റ്റ്യൻ പിണക്കാട്ടു്

സംഗം എന്നിവയ്ക്കുശേഷം അത്യുന്നതകർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ് തിരുമനസ്സുകൊണ്ടു് ഉൽഘാടനപ്രസംഗം നിർവ്വഹിച്ചു. തുടർന്നു കോൺഗ്രസിനും അതിൽ സംബന്ധിക്കുന്നവർക്കും അനുഗ്രഹാശിസ്സുകൾ നൽകിക്കൊണ്ടു് പരിശുദ്ധപിതാവു് അയച്ച സന്ദേശം മി. എം. മാത്യു ബി. എ. ബി. എൽ. വായിച്ചു. "കുരിശുപടയാളികൾ" എന്ന വിനോദപ്രകടനത്തിനുശേഷം മി. ടി ജെ മാത്യു അദ്ധ്യക്ഷപ്രസംഗം നിർവ്വഹിച്ചു.

തുടർന്നു എറണാകുളം മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യശ്രീ മാർ അഗസ്റ്റിൻ കണ്ടത്തിൽ, ബാംഗ്ലൂർ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോ. തോമസ് എന്നീ തിരുമേനിമാരുടേയും ഡോ. പി. ജെ. തോമസ്, മെഡിക്കൽമന്ത്രി മി. പി. കെ. കുഞ്ഞു് എന്നിവരുടേയും സന്ദേശങ്ങൾ പാരായണം ചെയ്തു. മി. ജോസഫ് നീരാക്കൽ ബി. എ. ബി. എൽ. ന്റെ കൃതജ്ഞതാപ്രകടനം, പാപ്പാമംഗളം, ജനഗണമന എന്നിവയ്ക്കുശേഷം കാലത്തെ സമ്മേളനം സമംഗളം പര്യവസാനിച്ചു.

### മിഷൻ ആശുപത്രി ഉൽഘാടനം

രണ്ടരമണിക്കു് മുട്ടുചിറ ഹോളിഗോസ്റ്റ് മിഷൻ ആശുപത്രി ഉൽഘാടനം സംബന്ധിച്ചുള്ള



ഹോളിഗോസ്റ്റ് മിഷൻ ആസ്പത്രി

പൊതുയോഗം പയസ് ടെന്തു് പന്തലിൽ സമ്മേളിച്ചു. ആശുപത്രി ഉൽഘാടനം ചെയ്യുവാൻ കർദ്ദിനാൾ തിരുമേനിയോടു് അഭ്യർത്ഥിച്ചുകൊണ്ടു് പാലാമെത്രാൻ ഡോ. സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സുകൊണ്ടു പ്രസംഗിച്ചു.

മെത്രാനച്ചൻ തിരുമനസ്സിലെ പ്രസംഗത്തിൽ ഇന്ത്യയുടെ അഭിമാനഭാജനമായ പ്രഥമ കർദ്ദിനാൾ തിരുമേനിയാൽ ഇടവകവാസികളുടെയെന്നല്ല ഉദാരമതികളായ അയൽപ്രദേശക്കാരുടെയും ശ്രമഫലമായി രൂപമെടുത്ത ഈ ആശുപത്രിയുടെ ഉൽഘാടനകർമ്മം നിർവ്വഹിക്കപ്പെടുവാൻ സാധിച്ചതിൽ കൃതജ്ഞത രേഖപ്പെടുത്തുകയുണ്ടായി. ഈ ആശുപത്രിയുടെ ഭരണഭാരം ഏറെറടുത്തിട്ടുള്ളതു ഭരണജ്ഞാനത്തു് പ്രശസ്തമായി നടന്നുകൊണ്ടിരിക്കുന്ന മേരിഗിരി മെഡിക്കൽ മിഷൻ സന്യാസിനിസഭയാണെന്നും തിരുമേനി അനുസ്മരിക്കുകയുണ്ടായി. തുടർന്നു കർദ്ദിനാൾ തിരുമേനിയോടു് ഉൽഘാടനകർമ്മം നിർവ്വഹിക്കുവാൻ അഭ്യർത്ഥിച്ചുകൊണ്ടു് തിരുമേനി തൻെറ പ്രസംഗം ഉപസംഹരിച്ചു.

തുടർന്നു കർദ്ദിനാൾ തിരുമേനി ഒരു സ്വർണ്ണത്താക്കോൽകൊണ്ടു് ആശുപത്രികെട്ടിടംതുറന്നു് അതിൻെറ ഉൽഘാടനം നിർവ്വഹിച്ചു. മുട്ടുചിറ ഇടവകക്കാരുടെ വക മംഗളപത്രം മി മാത്യു മുരിക്കൻ വായിച്ചു ദന്തനിർമ്മിതമായ ഒരു കാസ്കററിൽ അടക്കം ചെയ്തു സമർപ്പിക്കുകയുണ്ടായി.

### കർദ്ദിനാൾ തിരുമനസ്സിലെ പ്രസംഗം

ഈ ആശുപത്രിയുടെ ഉൽഘാടനം നിർവ്വഹിക്കുവാൻ സാധിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. ഈ ആശുപത്രി സ്ഥാപിച്ചതിൽ ഉള്ള ഉദ്ദേശം സഫലമാകട്ടെയെന്നു് ഞാൻ ആശംസിക്കുന്നു. എളുപ്പത്തിൽ വൈദ്യസഹായം എത്തിച്ചുകൊടുക്കുകയെന്നതു വളരെ വിലയേറിയ ഒരു കാര്യമാണു്. ഇതിൻെറ പണിക്കു മുന്നിട്ടുനിന്ന എല്ലാവരെയും ഞാൻ അനുമോദിക്കുന്നു. സഭയിൽനിന്നും വിദ്യാസ്ഥാപനങ്ങളും സാധുസംരക്ഷണശാലകളും ആതുരാലയങ്ങളും ആശുപത്രികളും നടത്തുന്നുണ്ടു്. ഇതു സഭയുടെ ആദർശങ്ങളെ നടപ്പിൽ വരുത്തുന്നതിനാണു്. പ്രത്യേകിച്ചു് ഈ ഇടവക വകയായി ഏറെറടുത്തിരിക്കുന്ന ഭാരമായ ചുമതലയിൽ ഒരിക്കൽക്കൂടി ഭാരവാഹികളെ അഭിനന്ദിക്കുന്നു. നാം അധികവും വലിയ ധനികരല്ല. സഭയുടെ ഭാരമായ ചുമതലയെ സഹായിക്കുവാൻ നാം ഓരോരുത്തനും അവനവൻെറ ചുമലിൽ അർപ്പിച്ചിരിക്കുന്ന ചുമതലയെ നിർവ്വഹിക്കുകയാണു് വേണ്ടതു എന്നു തിരുമേനി ഉൽബോധിപ്പിക്കുകയുണ്ടായി.

### സോഷ്യൽ മെഡിക്കൽ സമ്മേളനം

അത്യുന്നത കർദ്ദിനാൾ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനത്തിൽ വെരി റവ. ഫാ. എ. നെവെററു് (സോഷ്യൽ ഇൻസ്റ്റിററ്യൂട്ടു്, പൂനാ) ചെയ്ത പ്രസംഗത്തിൽ മലയാളക്കരയിലെ കത്തോലിക്കർ പല പരിപാടികളിലും മുന്നിട്ടു പ്രവർത്തിക്കുന്നുവെന്നും വിദ്യാസ്ഥാപനങ്ങളും സാമൂഹ്യകേന്ദ്രങ്ങളും നടത്തുന്നതിനു ജാഗരൂകരാണെന്നും അനുസ്മരിക്കുകയുണ്ടായി. മലയാളി നെഴ്സുകളുടെ ആതുരശുശ്രൂഷാതുഷ്ണയെയും അദ്ദേഹം പ്രശംസിച്ചു.

തുടന്നു റവ. ഡോ. ജോസഫ് ഏററുമാനൂക്കാരൻ ഇന്ത്യയിലെ

(ശേഷം എട്ടാംപേജിൽ)

തിരുസഭാചരിത്രം 30

# ആദിമസഭയിലെ ആചാരാനുഷ്ഠാനങ്ങൾ

(പ്രഫസർ പി. ററി. തോമസ് എം. എ.)

(തുടർച്ച)

### പാപസങ്കീർത്തനം

തിരുസ്സഭയെ പുണ്യവാന്മാരുടെ ആത്മീയസംസർഗ്ഗാനുഭവത്തിൽ (Communion) അധിഷ്ഠിതമായ ഒരു സമൂഹമായിട്ടാണു് വിശ്വാസികൾ കരുതിപ്പോന്നതു്. അതുകൊണ്ടു് ഗൗരവമായ പാപങ്ങൾ ചെയ്യുന്നവരെ സഭയുടെ പുണ്യാത്മകമായ ഐക്യത്തിൽ നിന്നും വിച്ഛേദിക്കപ്പെട്ടവരായി പരിഗണിച്ചുപോന്നു. ചുരുക്കത്തിൽ ഗൗരവമായ പാപകൃത്യം മൂലം ഒരാൾ സ്വയം സഭാഭ്രഷ്ടനായിത്തീർന്നിരുന്നു. വീണ്ടും സഭയിൽ പ്രവേശം ലഭിക്കണമെങ്കിൽ അയാൾ മെത്രാൻെറ നിർദ്ദേശമനുസരിച്ചു് ദീർഘകാലം പരസ്യമായ പരിഹാരക്രിയകൾ അനുഷ്ഠിക്കേണ്ടിയിരുന്നു. മനസ്താപചിഹ്നമായി പരുത്ത വസ്ത്രങ്ങൾ (Sack cloth) ധരിച്ചുകൊണ്ടു് മതാദ്ധ്യേതാക്കളുടെ (Catechumen) കൂടെ ദൈവാലയത്തിൻെറ ഏററവും പിൻഭാഗത്തു് നിന്നുകൊണ്ടുവേണം അവർ ദിവ്യബലിയിൽ സംബന്ധിക്കുവാൻ. കാഴ്ചവയ്പിനു മുൻപായി അദ്ധ്യേതാക്കളുടെകൂടെ അവർ ദൈവാലയത്തിൽനിന്നും പുറത്തുപോകേണമെന്നായിരുന്നു നിയമം. നിർദ്ദിഷ്ടമായ പരിഹാരക്രിയകൾ നിറവേററിക്കഴിയുമ്പോൾ മെത്രാൻ അവക്കു പരസ്യമായി പാപമോചനം നൽകിയിരുന്നു. ഈ കർമ്മം പെസഹാവ്യാഴാഴ്ചയാണു് നടത്തപ്പെട്ടിരുന്നതു്. ഒരിക്കൽ പരിഹാരം ചെയ്യപ്പെട്ട പാപങ്ങളിൽ വീണ്ടും വ്യാപരിക്കുന്നവക്കു് സഭയിൽ പുനഃപ്രവേശനം നിഷേധിച്ചിരുന്നു. വിഗ്രഹാരാധന, കൊലപാതകം, വ്യഭിചാരം എന്നീ മൂന്നുപാപങ്ങൾക്കു് നിത്യമായ സഭാഭ്രഷ്ടായിരുന്നു ശിക്ഷ. കലിസ്റ്റസ് മാർപ്പാപ്പാ (217—222) വ്യഭിചാരക്കുററം ചെയ്യുന്നവക്കു് നിർദ്ദിഷ്ടമായ പരിഹാരക്രിയകൾ നിറവേററുന്നപക്ഷം പാപമോചനം നൽകുന്നതാണെന്നു് പ്രഖ്യാപിച്ചപ്പോൾ തെർത്തുല്യൻ അതിനെ നിശിതമായി വിമർശിക്കുകയുണ്ടായി. രണ്ടും മൂന്നും ശതാബ്ദങ്ങളിൽ മതപീഡനകാലത്തു് വിശ്വാസനിഷേധംമൂലം സഭാഭ്രഷ്ടരാക്കപ്പെട്ടിരുന്നവർ രക്തസാക്ഷിത്വം കൈവരിക്കുവാൻ പോകുന്ന ക്രിസ്ത്യാനികളെ ജയിലിൽച്ചെന്നു് സന്ദർശിക്കുകയും അവരോടു് തങ്ങളുടെ പാപങ്ങൾ ഏററുപറയുകയും ചെയ്തിരുന്നു. അവരുടെ മനസ്താപപ്രകടനത്തിൽ സന്തുഷ്ടരായിത്തീർന്ന തടവുകാർ അവക്കു വേണ്ടി മാപ്പപേക്ഷിച്ചുകൊണ്ടുള്ള സമാധാനലേഖനങ്ങൾ (letter of peace) മെത്രാൻെറപേക്കു് അയച്ചുകൊടുത്തിരുന്നു. ഈ കത്തുകൾ ലഭിച്ചുകഴിഞ്ഞശേഷം മെത്രാൻ സഭാഭ്രഷ്ടരുടെ ആത്മാർത്ഥതയെപ്പററി അന്വേഷിക്കുകയും അവരുടെ മനസ്താപം തൃപ്തികരമാണെന്നു ബോദ്ധ്യമായാൽ അവരെ വീണ്ടും സഭയുടെ സമാധാനത്തിലേക്കു് സ്വീകരിക്കുകയും ചെയ്തുപോന്നു.

നാലാം ശതാബ്ദമായപ്പോഴേക്കും, മരണസമയത്തു് മനസ്താപമുള്ള ഏതൊരു പാപിയേയും, അയാളുടെ മുൻകുററങ്ങൾ എത്രതന്നെ ഗൗരവതരങ്ങളായിരുന്നാലും സഭയുടെ ഐക്യത്തിലേക്കു് സ്വീകരിക്കാമെന്നുള്ള നിയമം പ്രാബല്യത്തിൽവന്നു. ആദിമകാലങ്ങളിൽ വളരെ കർക്കശമായ പാപപരിഹാരപ്രവൃത്തികളാണു് സഭ നിർദ്ദേശിച്ചിരുന്നതു്. പരുത്ത വസ്ത്രം ധരിക്കുക, ഉപവസിക്കുക, പ്രാർത്ഥിക്കുക മുതലായ പരിഹാരക്രിയകൾ ദീർഘകാലം അനുഷ്ഠിക്കേണ്ടിയിരുന്നു. പാപങ്ങൾ അത്യന്തം ഗൗരവതരമാണെങ്കിൽ മരണംവരെ പരിഹാരപ്രവൃത്തികൾ ചെയ്യുകയെന്നുള്ളതും സാധാരണയായിരുന്നു. പാപവിമോചനം സാധിക്കുക മാത്രമല്ല അതിൻെറ അനന്തവും കാലത്തിനടുത്തതുമായ എല്ലാ ശിക്ഷകളിൽനിന്നും പാപിയെ വിമുക്തനാക്കണമെന്നുമായിരുന്നു സഭയുടെ ഉദ്ദേശ്യം.

രഹസ്യമായി ചെയ്യപ്പെട്ട പാപങ്ങൾ ഒരു വൈദികനോടു് രഹസ്യമായി ഏററുപറയുകയായിരുന്നു പതിവു്. പരസ്യമായ പാപങ്ങൾക്കു് സഭയുടെ മുൻപാകെയുള്ള പരസ്യമായ പാപസങ്കീർത്തനം ആവശ്യമായിരുന്നു. പലപ്പോഴും രഹസ്യമായ കുമ്പസാരത്തിനു പുറമെ പരസ്യമായ ഏററുപാച്ചിലും അനുശാസിക്കപ്പെട്ടിരുന്നു. എന്നാൽ ഏതെങ്കിലും പാപങ്ങളുടെ പരസ്യമായ ഏററുപാച്ചിൽ ശ്രോതാക്കളെ നന്മയിലേക്കാകർഷിക്കുന്നതിനു പകരം തിന്മയിലേക്കു് പ്രലോഭിപ്പിക്കുമെന്നു കണ്ടാൽ അങ്ങനെയുള്ള സന്ദർഭങ്ങളിൽ പരസ്യമായ പാപസങ്കീർത്തനം അനുവദിക്കപ്പെട്ടിരുന്നില്ല. പരിഹാരക്രിയകൾ പൂർണ്ണമായി അനുഷ്ഠിച്ചുകഴിയുമ്പോൾ ആ പാപിയുടെ ശിരസ്സിന്മേൽ മെത്രാനോ വൈദികനോ ശമ്മാശനോ കൈകൾവച്ചു് സഭയുടെ ഐക്യത്തിലേക്കു് സ്വീകരിച്ചിരുന്നു.

ആദിമക്രിസ്ത്യാനികൾ എല്ലാ ബുധനാഴ്ചയും വെള്ളിയാഴ്ചയും ഉപവാസം അനുഷ്ഠിക്കുക പതിവായിരുന്നു. ഈ ദിവസങ്ങളിൽ മദ്ധ്യാഹ്നം കഴിയുന്നതുവരെയും ഒരു ക്രിസ്ത്യാനിയും ഭക്ഷണപാനീയങ്ങൾ സ്പർശിച്ചിരുന്നില്ല. ഉയിർപ്പുതിരുനാളിനു മുൻപുള്ള രണ്ടു ദിവസങ്ങളിലും കഴിവുള്ളവരെല്ലാം ഭക്ഷ്യപാനീയങ്ങളെ പരിപൂർണ്ണമായി വർജ്ജിച്ചിരുന്നു. മൂന്നാം ശതാബ്ദമായപ്പോഴേക്കും ഉയിർപ്പിനു മുൻപുള്ള നാല്പതുദിവസവും തുടർച്ചയായി ഉപവസിക്കുന്ന ഏർപ്പാടു് പ്രചാരത്തിൽ വന്നു. ബുധൻ വെള്ളി ഈ ദിവസങ്ങളിലെ ഉപവാസാനുഷ്ഠാനം കാലക്രമേണ നിന്നുപോയി.

### തിരുനാളുകൾ

അപ്പസ്തോലകാലം മുതൽ ആഴ്ചയിലെ ആദ്യദിവസം (ഞായറാഴ്ച) ക്രിസ്തുവിൻെറ ഉയിർപ്പിനെ അനുസ്മരിച്ചുകൊണ്ടു് ശുദ്ധമായി ആചരിച്ചുപോന്നു. ഞായറാഴ്ചയെ കർത്താവിൻെറ ദിവസമെന്നാണു് വിളിച്ചുപോന്നിട്ടുള്ളതു്. തിരുസ്സഭയിലെ തിരുനാളുകളിൽ ഏററം പഴക്കമുള്ളവ ഉയിർപ്പുതിരുനാളും പന്തക്കുസ്താ തിരുനാളുമാണു്. ആദ്യത്തേതു് ക്രിസ്തുനാഥൻെറ പുനരുത്ഥാനത്തേയും രണ്ടാമത്തേതു് പരിശുദ്ധാത്മാവിൻെറ ആഗമനത്തേയും അനുസ്മരിപ്പിക്കുന്നു. ഉയിർപ്പുതിരുനാളിൻെറ തീയതിയെ സംബന്ധിച്ചുണ്ടായ തർക്കത്തെപ്പററി മുൻലേഖനത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഇന്നു് അംഗീകരിക്കപ്പെട്ടിരിക്കുന്ന തീയതി തിരുസ്സഭയിൽ പൊതുവെ നടപ്പിൽവന്നതു് വളരെ നൂററാണ്ടുകൾക്കുശേഷമാണു്.

മൂന്നു രാജാക്കന്മാരുടെ തിരുനാൾ (Epiphany) ആഘോഷിക്കുന്ന പതിവു് മൂന്നാംശതാബ്ദത്തിൻെറ പ്രാരംഭഘട്ടത്തിൽ ഈജിപ്റ്റിലാണു് സമാരംഭിച്ചതു്. മൂന്നു രാജാക്കന്മാർ ക്രിസ്തുവിനെ ആരാധിച്ച അവസരത്തിലും, യോർദ്ദാൻ നദിയിൽവച്ചുള്ള ക്രിസ്തുവിൻെറ ജ്ഞാനസ്നാനം, കാനായിലെ വിവാഹവിരുന്നു് എന്നീ സന്ദർഭങ്ങളിലും പ്രകടിതമായ ക്രിസ്തുവിൻെറ ദൈവികമഹത്വത്തെ അനുസ്മരിപ്പിക്കുന്നതിനുവേണ്ടിയാണു് ഈ തിരുനാൾ ആഘോഷിക്കപ്പെട്ടതു്.

ആദിമക്രിസ്ത്യാനികൾ അവരുടെ മതകർമ്മങ്ങൾ നടത്തിയിരുന്നതു് സ്വവസതികളിൽ വച്ചായിരുന്നു. ദൈവാരാധനയ്ക്കുവേണ്ടി പ്രത്യേകം സമർപ്പിക്കപ്പെട്ടിട്ടുള്ള ആലയങ്ങൾ ആദ്യകാലത്തു് ഇല്ലായിരുന്നു. A. D. 201 ൽ എഡേസ്സായിൽ സ്ഥാപിക്കപ്പെട്ടതാണു് ചരിത്രത്തിൽ അറിയപ്പെട്ടിട്ടുള്ള പ്രഥമ ക്രൈസ്തവദൈവാലയം. ആദ്യകാലത്തെ ദൈവാലയങ്ങൾ വളരെ ലഘുവായരീതിയിൽ പണിയപ്പെട്ടവയായിരുന്നെങ്കിലും, ആധുനികദൈവാലയങ്ങളെപ്പോലെ അവയ്ക്കുമുണ്ടായിരുന്നു മൂന്നു പ്രധാനവിഭാഗങ്ങൾ. ഒന്നു് പ്രവേശനഭാഗം (Vestibule) രണ്ടു് നടുഭാഗം (Nave: വിശ്വാസികൾ ഇരിക്കുന്ന സ്ഥലം) മൂന്നു് കർമ്മമണ്ഡപം (Apse). മതാദ്ധ്യേതാക്കൾ (Catechumens) ക്കും പാപപരിഹാരത്തിനായുള്ള പ്രായശ്ചിത്തപ്രവൃത്തികളിൽ ഏർപ്പെട്ടിരുന്നവർക്കും വേണ്ടി പ്രത്യേകം തിരിച്ചിടപ്പെട്ടിരുന്നതാണു് പ്രവേശനഭാഗം (Vestibule). ദൈവാലയങ്ങളിൽ മാത്രമല്ല രക്തസാക്ഷികളുടെ ശവകുടീരങ്ങളിൽ നിർമ്മിക്കപ്പെട്ടിരുന്ന കപ്പേളകളിലും, ഭൂഗർഭശ്മശാനങ്ങളിലുംവച്ചു് കർബാന അനുഷ്ഠിക്കുക പതിവായിരുന്നു.

—o—


ഡാമിയൻ സബ്സിഡീസ് ക്ലിപ്തം, തൃശ്ശിവപേരൂർ

ഗവമ്മെണ്ടനുമതിയോടുകൂടി തുടങ്ങുന്ന

(as per order D. Dis. No. 4009/54 R. D. dated 3-5-'54)

പുതിയ മാസക്കുറി

(ഒന്നാമത്തെ നറുക്കെടുപ്പു്:- 2—8—54)

| വിഭാഗം | തവണ സംഖ്യ | ആകെ നറുക്കു് | സ്ഥിരം ഡിസ്കൗണ്ടു് | കിട്ടുന്ന നറുക്കിനുള്ള സംഖ്യ |
|---|---|---|---|---|
| എ | 50 ക. | 111 | 550 ക. | 5000 ക. |
| ബി. | 40 ക. | 111 | 440 ക. | 4000 ക. |
| സി. | 30 ക. | 111 | 330 ക | 3000 ക. |
| ഡി. | 20 ക. | 111 | 220 ക. | 2000 ക. |
| ഇ | 10 ക. | 111 | 110 ക. | 1000 ക. |
| എഫ്. | 5 ക. | 111 | 55 ക. | 500 ക. |

പ്രത്യേക സൗകര്യങ്ങൾ

* ഒന്നിടവിട്ടു് മാസങ്ങളിൽ ലേലം
* ആവശ്യമനുസരിച്ചു് മൊത്തസംഖ്യ ലഭിക്കുന്നതിനു് ലേലം കൂടുതൽ ഉപകാരപ്രദം.
* ഓരോ വരിക്കാരനും തനിയെ ലേലംചെയ്യുന്നതിനുള്ള അവകാശം.
* ലേലാമൂലം വരിസംഖ്യ താരതമ്യേന ആദായകരം
* സംഖ്യ അടക്കുന്നതിനുള്ള ബാങ്കു് സൗകര്യം.
* 5ക. മുതൽ 50 ക. വരെയുള്ള നറുക്കുകൾ.

കുറിസംബന്ധമായ പ്രോസ്പക്ടസ് മുതലായതുകൾക്കു് താഴെ വിലാസത്തിൽ എഴുതുക:—

ഡാമിയൻ സബ്സിഡീസ് ക്ലിപ്തം, തൃശ്ശിവപേരൂർ

ചാക്കോള ലോനപ്പൻ പാലു,

ചെയർമാൻ.


വി. യൗസേപ്പുപിതാവിൻെറയും അൽഫോൻസാമ്മയുടേയും സഹായത്താൽ, കുടുംബസഹിതം ബാധിച്ച പനി സുഖപ്പെട്ടതിനു നന്ദി.

സി എം. ദേവസ്യാ,
മരങ്ങോലി




## ഇടവകവാർത്തകൾ

**വെച്ചൂർ:** സ്ഥലം സെൻറു് വിൻസെൻറു് ഡി പോൾ സൊസൈററിയുടെയും മരിയസഖ്യത്തിൻെറയും മിച്ചനിക്ഷേപബാങ്കിൻെറയും സംയുക്തവാർഷികം മേയ് 16-ാംതീയതി 4മണിക്കു് റവ. ഫാദർ ജോസഫ് മേപ്രക്കരോട്ടു് എൽ. പിഎച്ചു് അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. യോഗത്തിൽ മി. വർഗ്ഗീസു് നരയമ്പറമ്പിൽ ബി. എ. ബി. എൽ. പ്രസംഗിച്ചു. മീററിംഗിനിടയ്ക്കു് ബാലികാബാലന്മാരുടെ കലാപ്രകടനങ്ങൾ നടന്നു. യോഗാനന്തരം വെച്ചൂർ സെൻറു് മേരീസു് കലാസമിതി "സേവനം" എന്ന നാടകം അഭിനയിച്ചു.

**അതിരംപുഴ:** സ്ഥലം ലീജിയൻ ക്യൂരിയായുടെ കീഴിലുള്ള 14 പ്രസീദിയങ്ങളിലെ അംഗങ്ങളുടെ വിജ്ഞാനാഭിവൃദ്ധിയെ ഉദ്ദേശിച്ചു് സ്ഥലം സ്കൂൾഹാളിൽ വച്ചു് മേയ് 23-ാംതീയതി രാവിലെ 10മണിക്കു് സ്റ്റഡീക്ലാസ്സ് ഉൽഘാടനംചെയ്തുകൊണ്ടു് വെരി റവ. ഡോ. എൽ. ജെ. ചിററൂർ പ്രസംഗിച്ചു. തുടന്നു് ബ്രദേഴ്സു് എം ഒ. ജോസഫ് സാ. വിശാരദു്, എം. യു. സ്ലീഹ

---

**വി. പത്താംപീയൂസിൻെറ മാദ്ധ്യസ്ഥത്താൽ അപേക്ഷിച്ചകാര്യം സാധിച്ചതിനു കൃതജ്ഞത.**

കെ. എൽ. വക്കി

---

ൻ ബി. എ. എൽ. ടി.. ററി. കെ. ജോൺ, റവ. ഫാ. അഗസ്റ്റിൻ ബി. എ എൽ. ടി. ചിലമ്പിക്കുന്നേൽ, ബ്ര. എൻ. ററി. ദേവസ്യാ എന്നിവർ നിയമഗ്രന്ഥത്തെ ആസ്പദമാക്കി ഓരോ ക്ലാസ്സെടുത്തു. കൃതജ്ഞതാപ്രകടനത്തിനുശേഷം ക്ലാസ്സുകൾ 5-30നു് സമംഗളം സമാപിച്ചു. അനന്തരം ഒരു കാപ്പിസൽക്കാരവും ഉണ്ടായിരുന്നു.

**എറണാകുളം.** ഈ ഇടവക ചിറയത്തു ശ്രീ പോൾ ഡി. എസു്. എസു്. ഏ. അവർകൾ 1954 ജൂൺമാസാവസാനത്തിൽ കാനഡായിൽ ടോറൻേറാ എന്ന സ്ഥലത്തുവച്ചു നടക്കുന്ന അന്തർദ്ദേശീയ സാമൂഹ്യപ്രവത്തകസമിതിയുടെ 7-ാമത്തെ സമ്മേളനത്തിൽ ടാററാക്കമ്പനിയുടെ ഒരു പ്രതിനിധിയായി നിയമിക്കപ്പെട്ടിരിക്കുന്നതനുസരിച്ചു അദ്ദേഹം പുറപ്പെട്ടിരിക്കുന്നു. അദ്ദേഹം ഇററലി, സ്വിററു്സർലണ്ടു്, ഇംഗ്ലണ്ടു് മുതലായ രാജ്യങ്ങൾ സന്ദർശിക്കുന്നതാണു്.

എറണാകുളം സെൻറു് ആൽബർട്ട്സ് കോളെജിൽ സമ്മേളിച്ച പ്രതിനിധിസമ്മേളനത്തിൽ അടുത്തവർഷത്തെ ക. വി. മുന്നണി ഔദ്യോഗികഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡണ്ടു് ശ്രീ ജോസഫ് വെട്ടിക്കാടൻ, സിക്രട്ടറി ശ്രീ കെ. എം. സെയ്തുമുഹമ്മതു്, ട്രഷറർ ശ്രീ ആലപ്പുറം എന്നിവരാണു്.

**നെടിയകാടു്:** സെൻറു് വിൻസെൻറു് ഡി പോൾ കോൺഫറൻസിൻെറ ദ്വിതീയവാർഷികം മെയ് 27-ാംനു പകൽ 9 മണിക്കു് റവ. ഫാ ജോസഫ് മണവാളൻ ബി. എ. ബി. ററി. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ സ്ഥലം സ്കൂൾഹാളിൽവച്ചു് നടന്നു. പ്രസംഗികന്മാർ റവ. ജോസഫ് ഇടിയൻപ്ലാക്കലും, അഡ്വക്കേറ്റു് ശ്രീ ദേവസ്യാ കാപ്പനുമായിരുന്നു. പ്രസംഗങ്ങൾ എല്ലാംതന്നെ ശരിയായ ക്രിസ്തീയജീവിതം നയിക്കുന്നതിനു ശ്രോതാക്കളെ ആഹ്വാനംചെയ്തുകൊണ്ടുള്ളവയായിരുന്നു. ജീവകാരുണ്യപരമായ പ്രവത്തനങ്ങൾ വഴിയായി ദീനദയാലുവായ ക്രിസ്തുവിനെ മററുള്ളവക്കു കാണിച്ചുകൊടുക്കേണ്ട ആവശ്യകതയെപ്പററി അവർ ഊന്നിപ്പറഞ്ഞു.

**ചെമ്മലമററം:** പാലാ രൂപതയിലെ വിവിധ ക്ലാരമഠങ്ങളിൽപ്പെട്ട 27 നവകന്യകകളുടെ സഭാവസ്ത്രദാനം മെയ് 24-ാംനു രാവിലെ റൈററു് റവ. മാർ സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സുകൊണ്ടു് സ്ഥലം ദേവാലയത്തിൽവച്ചു നിർവ്വഹിച്ചിരിക്കുന്നു.

ഈ ഇടവകയിൽ പ്രശസ്തമായി പ്രവത്തനം നടത്തിവരുന്ന ചെറുപുഷ്പ മിഷൻലീഗിൻെറ വാർഷികാഘോഷങ്ങൾ മെയ് 24-ാംനു നടത്തപ്പെട്ടു. ഉച്ചകഴിഞ്ഞു രണ്ടരമണിക്കു കൂടിയ പൊതുസമ്മേളനത്തിൽ പാലാ മെത്രാൻ തിരുമേനി ആദ്ധ്യക്ഷം വഹിച്ചു. ശ്രീ ഏ. ററി. ദേവസ്യാ എം. ഏ. അവർകളായിരുന്നു പ്രാസംഗികൻ.

### For favours received



Omana

**ഭരണങ്ങാനം:** അഖില കേരളചെറുപുഷ്പ മിഷൻലീഗിൻെറ ഏഴാംവാർഷികം ആലപ്പുഴമെത്രാൻ റൈററു് റവ. ഡോക്ടർ മൈക്കിൾ ആറാട്ടുകുളം തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ ഏ. ററി. ദേവസ്യാ എം. എ., റവ. പുത്തൻകളം എസു്. ജെ. എന്നിവർ പ്രസംഗിക്കയും മിഷൻലീഗിൻെറ ധനശേഖരാത്ഥം മി. ജോസഫ് കൈമാപറമ്പൻ ഒരു കഥാപ്രസംഗം നടത്തുകയും ചെയ്തു.

**കണ്ണമാലി:** സ്ഥലത്തെ മാതൃവണക്കമാസാഘോഷം പ്രമാണിച്ചു് ഭക്തപരിപാടികൾക്കുശേഷം മി. ജോസഫ് കൈമാപറമ്പൻ മഗ്ദലനമറിയം കഥയെ അധികരിച്ചു ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു.

**താന്നിപ്പുഴ:** ഈ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിൻെറ വാർഷികയോഗം 23-ാംനു റവ. ഫാദർ തോമസ് കണ്ടത്തിൽ അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. കുമാരി തെരേസാ ഡോമിനിക്കു് ബി. എ. റവ. ബ്രദർ വറുഗീസ് തേലക്കാട്ടു എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ പെൺകുട്ടികൾ "മാതൃസ്നേഹം" എന്ന പ്രഹസനവും, ആൺകുട്ടികൾ "നല്ല ദാസി" എന്ന നാടകവും അഭിനയിക്കുകയുണ്ടായി.

**വല്ലാർപാടം:** മരിയൻ വത്സരത്തിലെ മേയ്മാസം പ്രമാണിച്ചു് മരിയൻ സൊഡാലിററി പുരുഷവിഭാഗത്തിൻെറ ഒരു അസാധാരണയോഗം ഡയറക്ടരുടെ അദ്ധ്യക്ഷതയിൽ 27-ാംനു സമ്മേളിച്ചു. മി. പി. പി. തോമസ് "മരിയൻ വത്സരത്തിലെ മേയ് മാസം" എന്ന പ്രബന്ധം വായിച്ചു. യോഗാനന്തരം "ദൈവവിളി" "മൂന്നാൻ" എന്നീ ലഘുപ്രഹസനങ്ങൾ അഭിനയിക്കപ്പെട്ടു.

**ഇരിഞ്ഞാലക്കുട:** ഫാത്തിമാബാലസംഘത്തിൻെറ ആഭിമുഖ്യത്തിൽ ബാലദിനം അത്യന്തം ആഡംബരപൂർവ്വം ആഘോഷിച്ചിരിക്കുന്നു. രാവിലെ സെൻറു് മേരീസു് പള്ളിപ്പരിസരത്തിൽ നിന്നു് ഒരു ഭക്തിപ്രദക്ഷിണം ആരംഭിച്ചു അങ്ങാടിച്ചുററി സെൻറു് ജോർജ്ജ്സ് ഫൊറോനാപ്പള്ളിയിൽ എത്തിച്ചേർന്നു. ജനങ്ങളുടെ പൊതുദിവ്യകാരുണ്യസ്വീകരണത്തിനു പുറമെ 90 കുട്ടികളുടെ ആദ്യകുർബാനസ്വീകരണവും ഉണ്ടായിരുന്നു. ഉച്ചതിരിഞ്ഞു് നാലുമണിക്കു് ലോകമാനസാന്തരത്തിനുവേണ്ടിയുള്ള പ്രാത്ഥനയെ തുടന്നു് ബ്രദർ ജോസ് അക്കരക്കാരൻെറ അദ്ധ്യക്ഷതയിൽ ബാലദിനസമ്മേളനം നടന്നു. യോഗത്തിൽ ബ്രദർ ഡാനിയേൽ, ബ്രദർ മാത്യു, മി. കെ. കെ. തോമസ് എന്നിവർ പ്രസംഗിച്ചു. മി. ടി. കെ. ജോണിയുടെ "ജോബ്" എന്ന കഥാകാലക്ഷേപവും സംഘാംഗങ്ങളുടെ ഫാഴ്സും ഉണ്ടായിരുന്നു.

## വിവാഹങ്ങൾ

**അത്രൂർ:** മംഗലാപുരം ഗവർമ്മെൻറു് ആർട്ട്സു് കോളെജിലെ വൈസു് പ്രിൻസിപ്പാൾ എ. ജോസഫ് കരോട്ടു് എം. എ. എൽ. ടി. അവർകളുടെ പ്രഥമപുത്രി ജോസഫിനാ ബി. എ. യും, കൂനമ്മാവു് പള്ളി ഇടവകയിൽപ്പെട്ട ചീങ്ങന്തറ ജോർജ് അവർകളുടെ പുത്രൻ മാനുവൽ ബി. എ. യുംതമ്മിലുള്ള വിവാഹം അത്രൂർ സെൻറു് അഗസ്റ്റിൻസു് ദേവാലയത്തിൽവച്ചു നടന്നിരിക്കുന്നു.

**കരികുന്നം:** ഈ പള്ളിയിടവക ചക്കുങ്കൽ ശ്രീ മാണിയുടെ പുത്രൻ ഉലഹന്നാനും നെടുഞ്ചിറ ഉലഹന്നാൻ അവർകളുടെ പുത്രി ഏലിക്കുട്ടിയും തമ്മിലുള്ള വിവാഹം ബ്രഹ്മമംഗലംപള്ളിയിൽവച്ചു് സമംഗളം നടന്നിരിക്കുന്നു.

## ചരമവാർത്തകൾ

**ചേർപ്പുങ്കൽ** പള്ളി ഇടവക കീഴെടത്തെ ചെറിയാൻ റോസ വാർദ്ധക്യസഹജമായ സുഖക്കേടിനാൽ മെയ്മാസം നാലാംതീയതി ചൊവ്വാഴ്ച 77-ാമത്തെ വയസ്സിൽ ചരമംപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പിറെറദിവസം യഥാവിധി നിർവഹിക്കപ്പെട്ടു.

**അറക്കുളം:** "സത്യദീപം"തുടങ്ങിയ പല പ്രസിദ്ധീകരണങ്ങളുടേയും സ്ഥിരവരിക്കാരനും ഒരു പൊതുക്കാര്യപ്രസക്തനും ഔദാര്യവാനുമായ കുന്നുംപുറത്തു് മത്തായി കുര്യൻ (കുഞ്ഞാപ്പൻ) 62-ാമത്തെ വയസിൽ മേയ് 20-ാംതീയതി രാവിലെ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. നേരത്തെ കുടുംബകാര്യങ്ങളെല്ലാം ക്രമപ്പെടുത്തി, അന്ത്യകൂദാശകൾ സുബോധത്തോടെ സ്വീകരിച്ചുകൊണ്ടാണു് അദ്ദേഹം ചരമമടഞ്ഞതു്. ശവസംസ്കാരകർമ്മം 21-ാംതീയതി രാവിലെ നിർവ്വഹിക്കപ്പെട്ടു. റവ. ഫാദർ ജോസഫ് തുങ്കുഴി ചരമപ്രസംഗം നടത്തി.

**ഇരിഞ്ഞാലക്കുട:** കവലക്കാട്ടു് തോട്ടത്തിൽ പാലി അന്തപ്പൻ മേയ് 21-ാംതീയതി 85-ാമത്തെ വയസ്സിൽ പരലോകംപ്രാപിച്ചിരിക്കുന്നു. R. I. P

## തിരുക്കൊച്ചിവാർത്തകൾ

### എറണാകുളം–കൊല്ലം റെയിൽവെ

ഇപ്പോൾ ഊർജ്ജിതമായി പണിനടത്തിവരുന്ന കൊല്ലം-എറണാകുളം റെയിൽവെ വൈദ്യുതീകരിക്കുന്നതിനാവശ്യമായ വിദ്യുച്ഛക്തി തിരുക്കൊച്ചിയിൽത്തന്നെലഭ്യമാണെന്നു് സംസ്ഥാനഗവമ്മെൻറു് ഇൻഡ്യാഗവമ്മെൻറിനെ അറിയിച്ചിരിക്കുന്നു. പുതിയ ലൈനിൻെറ ദൈർഘ്യം 95 മൈലാണു്.

### അഴിമതിനിരോധന കമ്മീഷൻ

ഉന്നതാധികാരങ്ങളോടുകൂടിയതും അനുദ്യോഗസ്ഥാംഗങ്ങളുടങ്ങിയതുമായ ഒരു അഴിമതിനിരോധന കമ്മീഷനെ നിയമിക്കുവാൻ തത്സംബന്ധമായി മേയ് 28-ാംതീയതി തിരുവനന്തപുരം സെക്രട്ടറിയേററിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ കോൺ

---

### കൃതജ്ഞത

വി. റീത്താപുണ്യവതിയുടേയും ബ. അൽഫോൻസാമ്മയുടേയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത.

മറിയാമ്മ, മുരിക്കുന്തറയിൽ
വടയാർ

---

ഫറൻസു് തീരുമാനിച്ചിരിക്കുന്നു. കമ്മീഷൻെറ തീരുമാനങ്ങളിന്മേൽ ഗവർമ്മെൻറിനു് യാതൊരധികാരവുമുണ്ടായിരിക്കുന്നതല്ല.

### ട്രാൻസ്പോർട്ടു് ദേശസാൽക്കരണം

എറണാകുളം മട്ടാഞ്ചേരി ബസ് ലൈനും ഷൊർണ്ണൂർവരെയുള്ള ട്രങ്കുലൈനും അടുത്ത വർഷംമുതൽ ദേശസാല്കരിക്കുന്നതാണെന്നു ഗതാഗതവകുപ്പുമന്ത്രി ശ്രീ അച്ചുതൻ വെളിപ്പെടുത്തിയിരിക്കുന്നു. കടലാക്രമണനിരോധനാത്ഥം കേന്ദ്രഗവർമ്മെൻറിൽനിന്നും 11 ലക്ഷം ക. വായ്പ ലഭിച്ചിട്ടുണ്ടെന്നും അതുപയോഗിച്ചു് ഇക്കൊല്ലംതന്നെ ഒരു മൈൽനീളത്തിൽ കരിങ്കൽ ചിറകെട്ടുന്നതാണെന്നും അദ്ദേഹം തുടന്നു പ്രസ്താവിക്കയുണ്ടായി.

### ഡിവിഷൻ ഇൻസ്പെക്ടർമാർ

പുതിയ വിദ്യാഭ്യാസപുനസ്സംവിധാനപദ്ധതിയനുസരിച്ചുള്ള മൂന്നു ഡിവിഷൻ എഡ്യൂക്കേഷനൽ ഓഫീസർമാരെ ഇതിനകം നിയമിച്ചുകഴിഞ്ഞിരിക്കുന്നു. സീനിയർമോസ്റ്റു് ഡിവിഷൻ ഇൻസ്പെക്ടർമാരായ മെ. എ. ചെറിയാൻ, എം. കെ. രാമൻ, രാമവമ്മ അപ്പൻതമ്പുരാൻ എന്നിവരാണു് പ്രസ്തുത ഓഫീസർമാർ. എന്നാൽ മി. എ. ചെറിയാൻ ഡപ്യൂട്ടി ഡയറക്ടർ സ്ഥാനത്തേക്കു് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ അദ്ദേഹത്തിൻെറ സ്ഥാനത്തു് മി. ബിജിലി നിയമിതനാകാനിടയുണ്ടത്രെ. ഡിസ്ട്രിക്ടു് എഡ്യൂക്കേഷനൽ ഓഫീസർമാരുടെ നിയമനങ്ങളും ഇതിനകം ഏതാണ്ടു പൂത്തിയായിട്ടുണ്ടെന്നറിയുന്നു.

### അഗ്രിക്കൾച്ചറൽ കോളെജിലേക്കു്

അടുത്ത വിദ്യാലയവർഷത്തിൽ തിരുക്കൊച്ചിയിൽനിന്നു രണ്ടുപേക്കു് കോയമ്പത്തൂർ അഗ്രിക്കൾച്ചറൽ കോളെജിൽ സീററുകൾ റിസർവ്വുചെയ്യാൻ മദ്രാസ് ഗവർമ്മെൻറു് അനുവദിച്ചിരിക്കുന്നു. അതിലേക്കുള്ള അപേക്ഷകൾ ഈ ജൂൺ 10-ാംനു യോ അതിനുമുമ്പോ തിരുവനന്തപുരത്തു് വിദ്യാഭ്യാസഡയറക്ടരുടെ പക്കൽ സമപ്പിച്ചിരിക്കേണ്ടതാണു്.

### രാഷ്ട്രീയസ്വഭാവമുള്ള 70 കേസുകൾ പിൻവലിക്കുന്നു

മുൻകാലങ്ങളിൽ ട്രെയ്ഡ് യൂണിയൻ പ്രവത്തകരുടേയും രാഷ്ട്രീയപ്രവത്തകരുടേയും പേരിൽ എടുത്തിട്ടുള്ള 76 കേസുകളിൽ രാഷ്ട്രീയസ്വഭാവമുള്ള 70 കേസുകൾ ഉടനടി പിൻവലിക്കുവാൻ മുഖ്യമന്ത്രി ശ്രീ പട്ടം ഐ. ജി. ക്കു നിർദ്ദേശം നൽകിയിരിക്കുന്നു. ഇതു സംബന്ധിച്ചു് ഗവർമ്മെൻറു് ഉത്തരവയച്ചിട്ടുള്ളതായുമറിയുന്നു.

## ഇൻഡ്യാവാർത്തകൾ

### സ്പെൻസർ മുറികൾ നിർത്തലാക്കുന്നു

കഴിഞ്ഞ 70 വർഷങ്ങളായി പ്രധാന ദക്ഷിണ റയിൽവേ സ്റ്റേഷനുകളിലുണ്ടായിരുന്ന സ്പെൻസർ സ്വീകരണമുറികൾ ഈ ആഗസ്റ്റുമുതൽ നിറുത്തലാക്കാൻ തീരുമാനിച്ചിരിക്കുന്നു. മദ്യനിരോധനനിയമത്തെയും പൊതുവായ സാമ്പത്തികനയത്തെയും അടിസ്ഥാനമാക്കിയാണത്രെ ഈ സല്ക്കാരക്കടകൾ അടയ്ക്കുന്നതു്.

### മലബാറിൽ റേഷൻ വർദ്ധിപ്പിക്കുന്നു

മലബാറിലെ അരിറേഷൻ അടുത്തുതന്നെ 7 ഔൺസിൽനിന്നും 12 ഔൺസാക്കി വർദ്ധിപ്പിക്കുന്നതാണെന്നു് മദ്രാസ് ഭക്ഷ്യവകുപ്പുമന്ത്രി മി. സുബ്രഹ്മണ്യം പ്രസ്താവിച്ചിരിക്കുന്നു.

### ഇൻഡോ–അമേരിക്കൻ ഉടമ്പടി

മേയ് 28-ാംനു ഡൽഹിയിൽ വച്ചു് ഒപ്പുവയ്ക്കപ്പെട്ട ഒരു ഇൻഡോ അമേരിക്കൻ ഉടമ്പടിയനുസരിച്ചു് ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിലായി 16 മണ്ണുപരിശോധന ലാബറട്ടറികൾ സ്ഥാപിക്കപ്പെടുന്നതാണു്. കൂടാതെ നദീതടങ്ങളിലേയും മററും ഉപയോഗത്തിനായി സകല സജ്ജീകരണങ്ങളോടുംകൂടിയ ഒരു മൊബൈൽ ലാബറട്ടറിയും പ്രസ്തുത കരാർമൂലം ഇൽഡ്യക്കു ലഭിക്കുന്നതാണു്.

### പത്രാധിപസംഘം പ്രസിഡണ്ടു്

അഖിലേന്ത്യാ പത്രാധിപസംഘത്തിൻെറ അടുത്ത കൊല്ലത്തെ പ്രസിഡണ്ടായി നാഗപ്പൂരിലെ ഹിതവാദായുടെ പത്രാധിപരായ മി. എ. ഡി. മണി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

### നാഷണൽപ്ലാൻ ലോണിലേക്കു്

ശ്രീ നെഹ്റുവിൻെറ കുടുംബംവക ഒരു ലക്ഷം ഉറുപ്പികയുടെ ആഭരണങ്ങൾ ദേശീയപ്ലാൻ വായ്പയ്ക്കു സംഭാവന ചെയ്തിരിക്കുന്നു. അതു് ശിശുക്ഷേമ പ്രവത്തനങ്ങൾക്കായി ഉപയോഗിക്കണമെന്നാണത്രെ ശ്രീ നെഹ്റുവിൻെറ ആഗ്രഹം. നാഷനൽപ്ലാൻ ലോണിലേക്കു് പണത്തിനു പകരം സ്വർണ്ണവും രത്നവും മററും സ്വീകരിക്കുന്നതിനു ഗവമ്മെണ്ടു് ഇപ്പോൾവ്യവസ്ഥചെയ്തിരിക്കുന്നു

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 27 ERNAKULAM JUNE 2, 1954 No. 39


## കത്തോലിക്കാകോൺഗ്രസ് വാർഷികം

### കർദ്ദിനാൾ തിരുമനസ്സിലെ ഉൽബോധനം

മേയ് 27-ാംതീയതി അഖില കേരളകത്തോലിക്കാ കോൺഗ്രസ്സിൻെറ 36-ാമതു വാർഷികസമ്മേളനോൽഘാടനം നിർവ്വഹിച്ചുകൊണ്ടു്, മട്ടുചിറായിൽ സജ്ജമാക്കിയിരുന്ന സെൻറു തോമസ് നഗറിലെ പയസ്ടെൻതു പവിലിയനിൽ സമ്മേളിച്ച അനേകായിരങ്ങളോടു് അത്യുന്നതകർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ് തിരുമേനി ചെയ്ത മഹത്തായ പ്രസംഗത്തിൽ കേരളീയകത്തോലിക്കർ അവശ്യം പരിചിന്തിക്കേണ്ട പല ജീവൽപ്രശ്നങ്ങളേയും സുവ്യക്തമായി പ്രതിപാദിച്ചിരുന്നു.

### ഭാരതത്തിലെ ക്രിസ്തുമതം

ക്രിസ്തുമതത്തിനു ഭാരതത്തിലുള്ള സ്ഥാനത്തെ വിശദമാക്കിക്കൊണ്ടും അതിൻെറ പ്രവർത്തനസ്വാതന്ത്ര്യത്തെ സംബന്ധിച്ച് അടുത്തകാലത്തുണ്ടായിട്ടുള്ള വാദങ്ങളെ സൂചിപ്പിച്ചുകൊണ്ടും തിരുമേനി പ്രസ്താവിച്ചതു് ഇപ്രകാരമാണു്: "കാലത്തിൻെറ ഗതിയിൽ ഭാരതരാഷ്ട്രം പ്രവർത്തനോന്മുഖമാകുന്നതിനു നൂററാണ്ടുകൾക്കു മുമ്പു തന്നെ സഭ ഇവിടെ ഉണ്ടായിരുന്നു. നമ്മുടെ സംഖ്യ താരതമ്യേന വളരെ ചെറുതായി തന്നെ തുടരുന്നുവെങ്കിലും ക്രിസ്ത്യാനികൾ ന്യൂനപക്ഷബോധം ഇനി ആവശ്യമില്ല. എന്തെന്നാൽ കർദ്ദിനാൾ ന്യൂമാൻെറ വാക്കുകളിൽ പറഞ്ഞാൽ, നമ്മുടെ ശക്തി നിലകൊള്ളുന്നതു് എണ്ണത്തിലല്ല; രഹസ്യതന്ത്രത്തിലോ കൂട്ടുകെട്ടിലോ ലൗകികവിജ്ഞാനത്തിലോ അല്ല. വെലിഷ്ഠമായ നമ്മുടെ ആത്മബോധ്യത്തിലും, അനിരോധ്യമായ നിശ്ചയദാർഢ്യത്തിലും, പ്രബുദ്ധമായ മനസ്സിലും, വിശ്വാസദീപ്തിയാലും ദിവ്യസ്നേഹാഗ്നിയാലും മുദ്രിതമാക്കപ്പെട്ട സ്വതന്ത്രമായ ഹൃദയത്തിലുമാണു ആ ശക്തി നിലകൊള്ളുന്നതു്. അതിപുരാതനമായ ഒരു പാരമ്പര്യം നമുക്കുണ്ടു്. അതിൻെറ വേരുകൾ നൂററാണ്ടുകളിലൂടെ ക്രിസ്തുമതത്തിൻെറ ആദിമകാലങ്ങൾവരെയും ചെന്നെത്തുന്നു. ഈ യാഥാർത്ഥ്യത്തിൻെറ സാക്ഷാൽക്കാരത്തിലാണു് നമ്മുടെ ശക്തി നിലകൊള്ളുന്നതു്. നമ്മുടെ സ്വന്തം ജീവിതചൈതന്യംകൊണ്ടും പ്രേഷിതാസക്തികൊണ്ടും നമുക്കു ലഭിച്ചതിനെ പരിപുഷ്ടമാക്കി അനന്തരതലമുറകൾക്കു കൈമാറുന്നതിനുള്ള അഭിനിവേശത്തിൽ ഈ ശക്തി പ്രകാശിക്കണം."

രാഷ്ട്രീയ മണ്ഡലങ്ങളിലെ അഭിപ്രായഗതികളെ അനുസ്മരിച്ചുകൊണ്ടു തിരുമേനി ഇപ്രകാരം പ്രസ്താവിച്ചു:-

"ഇന്ത്യൻ സഭയെ ഇന്നഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ പശ്ചാത്തലം എങ്ങിനെയിരുന്നാലും അതിനെതിരായി ആഹ്ലാദജനകമായ ഒരു വസ്തുത നിലകൊള്ളുന്നുണ്ടു്. ഇന്നാട്ടിലെ സുമനസ്സുകളായ എല്ലാവരും അതംഗീകരിക്കുകയും ചെയ്യുന്നു. ക്രിസ്തുമതം ഈ നാട്ടിൻെറ ഒരു മതമാണെന്നും, മറെറല്ലാ മതങ്ങൾക്കും നൽകുന്ന അവകാശങ്ങൾ അതിനും ലഭിക്കുമെന്നുള്ള ഉറപ്പു അതംഗീകരിക്കുന്നുണ്ടെന്നും, ക്രിസ്തുമതം ഈ രാജ്യത്തു അതിപ്രാചീനവും സുപ്രതിഷ്ഠിതവും സമാദരണീയവുമായ ഒരു മതമാണെന്നും രണ്ടാഴ്ച മുമ്പു പ്രധാനമന്ത്രി പാർലമെൻറിൽ പ്രസ്താവിച്ചതായി റിപ്പോർട്ടുണ്ടു്. ക്രിസ്തുമതം ഇന്ത്യയിൽ അന്യമോ ഭിന്നമോ ആയി ഉപരിവൃത്തങ്ങളിൽ പ്രസ്താവിക്കപ്പെടുന്നുമില്ല."

### മനോവീര്യത്തെ പാലിക്കണം

"ഒരു സമൂഹത്തിൻെറ മനോവീര്യത്തെ പാലിക്കുന്നതിനു ആദ്യമായി പ്രകാശമാനവും പ്രത്യാശാപരവുമായ വശങ്ങളെ ചൂണ്ടിക്കാണിക്കണം. പിന്നീടു വൈഷമ്യങ്ങളിലേക്കും പ്രശ്നങ്ങളിലേക്കും കടക്കുക. ഇതാണു് വെറും മനശ്ശാസ്ത്രപരമായ പദ്ധതി. കഴിഞ്ഞ 12 മാസക്കാലം എല്ലാ സ്ഥലത്തും ഈ തത്വമാണു് ഞാൻ ഉന്നയിച്ചിട്ടുള്ളതു്. ക്രിസ്തീയാരാധനക്രമം, സാമൂഹ്യവ്യവസ്ഥിതി എന്നീ കാര്യങ്ങളിൽ നമുക്കുള്ള യഥാർത്ഥ മൂല്യങ്ങൾ എന്താണെന്നു നമ്മുടെ ജനങ്ങളെ മനസ്സിലാക്കുന്നതിനാണു് ഞാൻ ശ്രമിച്ചിട്ടുള്ളതു്. അതിപരിചയംകൊണ്ടു അനാസ്ഥയുണ്ടാകുവാൻ നാമനുവദിക്കരുതു്. നമുക്കു ലഭ്യമായിരിക്കുന്ന മഹാദാനങ്ങളിലാണു് നമ്മുടെ ഭാവിപ്രത്യാശകൾ അന്തർലീനമായിരിക്കുന്നതു്. അലസമനോഭാവം നമ്മിൽ കടന്നുകൂടുമ്പോൾ നമ്മുടെ ആസ്ഥികളെ നാം വേണ്ടവിധത്തിൽ വിലമതിക്കാതാകുന്നു. നമ്മുടെ അവകാശങ്ങളേയും അധികാരങ്ങളേയും സംരക്ഷിക്കുകയും അവയ്ക്കുവേണ്ടി വാദിക്കുകയും ചെയ്യേണ്ട അവസരങ്ങളിൽ ധൈര്യമായും ത്യാഗത്തോടെയും പ്രവർത്തിക്കാൻ നമുക്കു കഴിയാതെ വരുന്നതു ഇക്കാരണംകൊണ്ടാണു്." അനന്തരം തിരുമേനി കേരളകത്തോലിക്കരുടെ പ്രാചീനവും മഹനീയവുമായ പാരമ്പര്യങ്ങളേയും, ഇവിടത്തെ കത്തോലിക്കാജീവിതചൈതന്യത്തേയും, നാട്ടിൻെറ മനോഹാരിതയേയും നാട്ടാരുടെ നേട്ടങ്ങളേയും, കത്തോലിക്കാ യുവതീയുവാക്കന്മാരിൽ പ്രകാശിക്കുന്ന പ്രേഷിതചൈതന്യത്തേയും അകമഴിഞ്ഞഭിനന്ദിച്ചുകൊണ്ടു് പ്രസ്താവിച്ചതു്, "വിദേശങ്ങളിൽനിന്നു മിഷനറിമാർ ഇന്ത്യയിൽ വരുന്നതു സംബന്ധിച്ചു ഏർപ്പെടുത്തപ്പെട്ടിരിക്കുന്ന നിയന്ത്രണങ്ങൾമൂലം പ്രേഷിതരുടെ ദുർഭിക്ഷതാപ്രശ്നം ഇപ്പോൾ വിഷമതരവും കൂടുതൽ സങ്കീർണ്ണവുമായ ഒരു നിലയിൽ എത്തിയിരിക്കുന്നുവെന്നും, തന്മൂലം നിങ്ങളുടെ ആത്മബോധ്യത്തിൽനിന്നു ഈ വിഷമതയെ നേരിടുന്നതിനുള്ള ധീരതയും അതിനെ പരിഹരിക്കുന്നതിനുള്ള മനോഭാവവും നിങ്ങൾ സംഭരിക്കേണ്ടിയിരിക്കുന്നു" എന്നുമാണു്.

അവിടുന്നു തുടർന്നു: "നമ്മുടെ വിഷമതകളേയും പ്രശ്നങ്ങളേയും നാം നിസ്സാരങ്ങളാക്കി തള്ളിക്കളഞ്ഞാൽ അതു തീർച്ചയായും നമുക്കു ആപൽക്കരമായിത്തീരും. ഈ രാജ്യത്തെ ക്രൈസ്തവ പുരോഗതിയെ സാരമായി തടയുന്നവയാണു് നമ്മുടെ പല പ്രശ്നങ്ങളും. എൻെറ രൂപതാജോലികളെല്ലാം മാററിവച്ചിട്ടു് ബോമ്പെയിൽനിന്നു ഇത്ര ദൂരം സഞ്ചരിച്ചു ഞാനിവിടെ എത്തിയതു നിങ്ങളുടെ വൈഷമ്യങ്ങളെ ചൂണ്ടിക്കാണിക്കാൻ മാത്രമല്ല, അവയുടെ കാരണങ്ങളെ കണ്ടുപിടിക്കുന്നതിനും അവയെ നേരിടുന്നതിനുള്ള മാർഗ്ഗങ്ങളെ നിർദ്ദേശിക്കുന്നതിനും വേണ്ടിയാണു്. ഇതു സാധിച്ചാൽ എൻെറ ഈ സന്ദർശനം ഫലപ്രദമായി എന്നു കരുതാം."

### എന്തു നിലപാടു സ്വീകരിക്കണം

"ഇന്ത്യൻ ചരിത്രത്തിൻെറ ഈ ഘട്ടത്തിൽ ക്രിസ്ത്യൻ സമുദായം എന്തു നിലപാടു സ്വീകരിക്കണം? മൗലികവും പ്രായോഗികവുമായ ഒരു ചോദ്യമാണിതു്. എല്ലാററിലുമുപരിയായി അവർ യാഥാർത്ഥ്യബോധമുള്ളവരായിരിക്കണം. അതായതു്, നിരാശാഭരിതരോ അമിതമായ ശുഭപ്രതീക്ഷാഭരിതരോ ആകാതെ ക്ഷമയും പ്രായോഗികതയും ധീരതയുമുള്ളവരായിരിക്കണം.....നാം ജാഗ്രതയുള്ളവരായിരിക്കണം. യഥാർത്ഥസംഭവങ്ങൾ, അവയുടെ ഗതിവിഗതികൾ, അഭിപ്രായഗതികൾ, ഇവയെല്ലാം നമ്മുടെ ശ്രദ്ധാവിഷയമാകണം. സ്വാതന്ത്ര്യത്തിനു നൽകേണ്ട വിലയാണു് ജാഗ്രത. മാതാപിതാക്കന്മാർ കുടുംബജീവിതത്തിൽ അവരുടെ ഭാഗം നിർവ്വഹിക്കണം. കുടുംബജീവിതത്തിൻെറ സ്വൈരതയേയും പാവനതയേയും നശിപ്പിക്കുന്ന സിദ്ധാന്തങ്ങളുടെയും നടപടികളുടെയും കാര്യത്തിൽ കുട്ടികൾക്കു ശരിയായ പരിരക്ഷ നൽകണം. വിദ്യാർത്ഥികൾക്കു വിജ്ഞാനം മാത്രമല്ല വിശിഷ്ടമായ സ്വഭാവരൂപവല്ക്കരണംകൂടി നൽകത്തക്കവണ്ണം വിദ്യാഭ്യാസരംഗം സജ്ജമാക്കണം.

"സാധാരണ ജനങ്ങളുമായി നാം യഥാർത്ഥത്തിൽ സമ്പർക്കം പുലർത്തുന്നുണ്ടോ എന്നു കാര്യമായി ചിന്തിക്കണം. സാധാരണ ജനങ്ങൾ ദുരുപദിഷ്ടവും വ്യാമോഹജനകവുമായ പ്രകടനങ്ങളാൽ നയിക്കപ്പെട്ടുപോകുന്നതാണു് കത്തോലിക്കാസഭയുടെ ഏററം വലിയ വിപത്തു് എന്നു ചരിത്രം തെളിയിക്കുന്നു. ദേവാലയങ്ങളിൽ നടക്കുന്ന പരിപാടികൾകൊണ്ടുമാത്രം കത്തോലിക്കാ ജീവിതത്തിൻെറ മാറു നിർണ്ണയിക്കരുതു്. വൈദികരും അൽമായരും സാധാരണ ജനങ്ങളോടു പുലർത്തിപ്പോരുന്ന സമ്പർക്കമായിരിക്കണം അതിൻെറ മാനദണ്ഡം.....

"രണ്ടാമതായി, ക്രിസ്തുവിൻെറ മൗതികശരീരത്തിൽ നാമെല്ലാം ഒന്നായതുകൊണ്ടു് നാമഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെല്ലാം നമുക്കു പൊതുവാണെന്നു ധരിക്കണം. പ്രശ്നങ്ങൾ എവിടെ ആയിരുന്നാലും, അവ ഒരു വിഭാഗത്തെ മറെറാരുവിഭാഗത്തെക്കാൾ കൂടുതൽ സ്പർശിക്കുമെന്നിരുന്നാലും ഓരോരുത്തരും, എല്ലാവരും ഏകമനസ്സോടെ അതിൽ തല്പരരാകേണ്ടിയിരിക്കുന്നു "ഒന്നിച്ചാൽ നാം നിൽക്കും, ഭിന്നിച്ചാൽ നാം വീഴും."

"ദേശീയസ്വാതന്ത്ര്യം ദേശീയസമരത്തിൻെറ അവസാനമല്ല. അതു് ദേശീയസ്വയംപ്രയത്നത്തിൻെറ ആരംഭം മാത്രമാണു്. സ്വാതന്ത്ര്യത്തെ ഏററം മഹത്തായ ഒരു നേട്ടമായി നിലനിർത്തുന്നതിനുള്ള സമരം ആരംഭിച്ചതേയുള്ളു. ക്ഷേമം, സംതൃപ്തി, രാജ്യത്തിൻെറ പുരോഗമനോന്മുഖമായ വളർച്ച, സാമ്പത്തികവും സാമുദായികവും ആദ്ധ്യാത്മികവുമായ പുരോഗതി ഇവയ്ക്കെല്ലാം സുശക്തമായ കർമ്മകുശലതയും ആത്മാർത്ഥമായ പ്രയത്നവും ആവശ്യമുണ്ടു്. ശരിയായ ശുഭപ്രതീക്ഷയും വിനയമനസ്ഥിതിയും ചേർന്നുള്ള പ്രവർത്തനമാണു് സാക്ഷാത്തായ രാജ്യതന്ത്രജ്ഞത. നമ്മിൽതന്നെയും, അതിലുപരിയായി ദൈവത്തിലുമുള്ള വിശ്വാസത്തോടെ യാഥാർത്ഥ്യങ്ങളെ നാം നേരിടണം. അതുകൊണ്ടു് ദേശീയപുനരുദ്ധാരണത്തിൽ ക്രിസ്ത്യാനികൾ ഒരു ഭാഗഭാഗിത്വം വഹിക്കാനുണ്ടു്. മററു കത്തോലിക്കാ ജനതകൾക്കു അവരുടെ രാജ്യങ്ങൾക്കുവേണ്ടി ചെയ്യുവാൻ കഴിഞ്ഞിട്ടുള്ളതിൽ ഉപരിയായി, നമ്മുടെ ക്രിസ്തീയതത്വങ്ങളിൽ നാം ഉറച്ചുനിന്നു പ്രവർത്തിച്ചാൽ നമ്മുടെ മാതൃരാജ്യത്തിനു് യഥാർത്ഥമായ ക്ഷേമൈശ്വര്യങ്ങൾ കൈവരുത്തുവാൻവേണ്ടി നമുക്കു ചെയ്യുവാൻ സാധിക്കും."

### മതവും രാഷ്ട്രവും

"പരമ്പരാഗതമായ അർത്ഥത്തിൽ, സമാന്തരങ്ങളും പരസ്പരപോഷിതങ്ങളുമായ രണ്ടു ഘടകങ്ങളായിട്ടല്ല ഇന്നു സഭയും രാഷ്ട്രവും നിലകൊള്ളുന്നതു്. എല്ലാ മനുഷ്യപ്രവർത്തനങ്ങളുടെയും ആരംഭവും അവസാനവും സമുദായമാണെന്നു ശഠിക്കുന്ന ഒരു ജനതാമദ്ധ്യത്തിൽ മതത്തെ എങ്ങനെയാണു് നിലനിർത്തുക എന്നതാണു് പ്രശ്നം. പണ്ടു സമുദായങ്ങൾ രാഷ്ട്രീയശക്തിക്കുനിദാനമായിരുന്നു. ഇന്നതു വ്യത്യാസപ്പെട്ടു. സാമുദായികവൈവിദ്ധ്യപ്രതിബന്ധങ്ങൾ മാററി ഏകസമുദായവാദമാണു് ഉന്നയിക്കപ്പെടുന്നതു്. ദേശീയവും വർഗ്ഗീയവുമായ സമുദായത്തിൻെറ ഭിത്തികളെല്ലാം തകർത്തു ഏകസമുദായോപകരണമായി മാറിയിരിക്കുന്നു രാഷ്ട്രം. ഈ മാററം കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളിൽ മാത്രമല്ല ജനകീയമെന്നു വിളിക്കപ്പെടുന്ന സിദ്ധാന്തങ്ങളിലും നിലവിലുണ്ടു്. ഡെമോക്രസി എന്നുവച്ചാൽ വ്യക്തികളുടേയും സമൂഹങ്ങളുടെയും സ്വാതന്ത്ര്യമെന്നു മാത്രമല്ല ഇന്നത്തെ അർത്ഥം; അതു സമുദായത്തിൻെറ സുചിന്തിതമായ ആത്മബോധപ്രകടനമാണുപോലും. ഈ വ്യതിയാനം നമ്മുടെ രാജ്യത്തിലും പ്രത്യക്ഷമായിട്ടുണ്ടു്. രാഷ്ട്രത്തെ സർവ്വസ്വമായി കരുതുന്ന ഒരു രാഷ്ട്രീയവീക്ഷണത്തിൽക്കൂടി വേണം മതപരമായ കാര്യങ്ങളേയും ദർശിക്കുവാനെന്നാണു അവരുടെ വാദം. നമ്മുടെ പരമാധികാരജനാധിപത്യ റിപ്പബ്ളിക്കിൻെറ ഭരണഘടനയിൽ വേണ്ടത്ര ഉറപ്പു നൽകപ്പെട്ടിട്ടുണ്ടെങ്കിലും, ജനങ്ങളിൽ ചിരകാലമായി വേരൂന്നി ഉറച്ചുപോയിട്ടുള്ള മുൻവിധികൾക്കും വീക്ഷണഗതികൾക്കും ഞൊടിയിടകൊണ്ടു മാററം വരുത്താമെന്നു വിചാരിക്കുന്നതു ശരിയല്ല. ജനങ്ങൾ മഹാഭൂരിപക്ഷവും അക്രൈസ്തവരും അവരിൽ ചില വിഭാഗക്കാർ ഉൽപതിഷ്ണുക്കളും, മററു ചിലർ ക്രൈസ്തവവിരോധികളും സമരോദ്യുക്തരുമാണു്. അവരുടെ ആക്രമണത്തിൽനിന്നൊഴിഞ്ഞുമാറുവാൻ നമ്മുടെ ഈ രാജ്യത്തു സാദ്ധ്യമല്ല. മതേതരനയത്തിൽ മതപരമായ പക്ഷപാതിത്വത്തിനു സ്ഥാനമില്ലെങ്കിലും, ഔദ്യോഗികനടപടികളിലും സമ്പർക്കങ്ങളിലും, തികഞ്ഞ മതേതരത്വം പാലിക്കുക സങ്കീർണ്ണവും ദുർഘടമേറിയതുമായ ഒരു പ്രശ്നമാണു്. ഭരണാധികാരികൾ അവരുടെ സ്വന്തം മതത്തെ മനഃപൂർവ്വം സഹായിക്കുന്നില്ലെങ്കിലും, അറിയാതെതന്നെ അതിൻെറ സ്വാധീനത്തിൽപ്പെട്ടു പ്രവർത്തിച്ചുവെന്നുവരാവുന്നതാണു്. നമുക്കുണ്ടാകുന്ന വൈഷമ്യങ്ങളുടെ ഗൗരവം ലഘൂകരിക്കാനല്ല ഞാനിതു പറയുന്നതു്, ഈവക അനുഭവങ്ങൾ എങ്ങനെ നമുക്കു സംഭവിക്കുന്നുവെന്നു നിങ്ങൾ ഗ്രഹിക്കുവാനും അവയുടെ ആവിർഭാവം നിങ്ങൾക്കു അപ്രതീക്ഷിതമായി തോന്നാതിരിക്കുന്നതിനും വേണ്ടിയാണു്.......

"ശക്തി ഉപയോഗിച്ചു സഭയെ ആക്രമിച്ചാൽ സഭയുടെ അനശ്വരത്വം കാണുമാറാകും;

"വ്യാജശക്തികൾ ഉപയോഗിച്ചാക്രമിച്ചാൽ അതിൻെറ സനാതനസത്യം നിങ്ങൾക്കു പ്രത്യക്ഷമാകും;



അത്യുന്നത കർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ് തിരുമേനി




# വിശുദ്ധ പത്താം പീയൂസ് പാപ്പാ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്ക

വിശുദ്ധപദപ്രഖ്യാപനസ്മാരകം

1954 മേയ് 29

(സത്യദീപം സപ്ലിമെൻറ്)

"വികാരാവേശംകൊണ്ട മറ്റിച്ചാൽ അവളുടെ നിസ്സീമസ്നേഹം നിങ്ങൾക്കു ഗ്രഹിക്കാറാകും."

## തിരുമനസ്സിലെ സന്ദേശം

മർദ്ദനങ്ങൾകൊണ്ടോ എതിർപ്പുകൾകൊണ്ടോ മരിച്ചവരിൽനിന്നുയിർത്ത ക്രിസ്തുവിൻെറ സഭയ്ക്കു യാതൊരപകടവും കാര്യമായി സംഭവിക്കുകയില്ല എന്നും ഏതാദൃശാവസരങ്ങൾ നമ്മെ സഭയ്ക്കു വേണ്ടി സേവനമനുഷ്ഠിക്കുന്നതിനു കൂടുതൽ സന്നദ്ധരാക്കുകയാണു് വേണ്ടതെന്നും പ്രതിപാദിച്ചശേഷം തിരുമേനി തുടർന്നു:-

"ഒരു സുവ്യക്തമായ സന്ദേശമാണു് കേരളത്തിലെ കത്തോലിക്കർക്കു നൽകാൻ ഞാനാഗ്രഹിക്കുന്നതു്. ഒരു ക്രൈസ്തവൻ നിർവ്വഹിക്കേണ്ടുന്ന കർത്തവ്യത്തെപ്പററി ജാക്ക്മാരിട്ടയിൻ ഇപ്രകാരം പറയുന്നു:- (a) തത്വശാസ്ത്രപരവും സാമ്പത്തികശാസ്ത്രപരവുമായ ഒരു പദ്ധതി; (b) ഒരു സാമൂഹ്യതത്വശാസ്ത്രം ഇവയാണു് അവനാവശ്യം......

"ലോകത്തിൻെറ ഓരോ പരിവർത്തനഘട്ടത്തിലും അതിനെ കൂടുതൽ സഹായിച്ചിട്ടുള്ളതു കൂടുതൽ അതിനെ എതിർത്തിട്ടുള്ളവരാണു്, എന്നു ചെസ്റ്റർട്ടൻ പറയുന്നുണ്ടു്.

"ശിഷ്യനു ഗുരുവിനെക്കാൾ വലിയവനാകുവാൻ സാദ്ധ്യമല്ലല്ലോ. അതുകൊണ്ടു് ഒരു ക്രിസ്ത്യാനിയുടെ ജീവിതം ഒരിക്കലും ക്ലേശരഹിതമായിരുന്നിട്ടില്ല, ഇനി ആയിരിക്കുകയുമില്ല. തത്വശാസ്ത്രത്തിൻെറയും സന്മാർഗ്ഗശാസ്ത്രത്തിൻെറയും രണ്ടു മണ്ഡലങ്ങളിലും ലോകത്തിൻെറ തത്വസംഹിതകളെ നാം ഖണ്ഡിക്കേണ്ടിയിരിക്കുന്നു. ഇതു വിശദമാണു്. ലോകം ഇന്നു ദൈവത്തെപ്പററി ചിന്തിക്കുന്നില്ല. അതുകൊണ്ടു് അതിനോടു സമുന്നതമായ ആദ്ധ്യാത്മികതത്വങ്ങളെപ്പററി പ്രതിപാദിച്ചിട്ടു പ്രയോജനമില്ല. ലോകത്തിലെ മനുഷ്യർക്കു ഗ്രഹിക്കത്തക്കവണ്ണം, താരതമ്യേന അധഃസ്ഥിതങ്ങളെങ്കിലും സാധാരണതത്വങ്ങളെപ്പററി നാം സംസാരിക്കണം. പ്രകൃതിനിയമങ്ങളിലേക്കുതന്നെ നാമിറങ്ങണം.

'ഒരു പ്രവർത്തനമണ്ഡലം ഇവിടെ ദൃശ്യമാകുന്നുണ്ടു്. നമുക്കു ചുററും പതഞ്ഞുപൊങ്ങുന്ന അസ്വസ്ഥമായ ഒരു മനസ്ഥിതിയാണു് നാം കാണുന്നതു്. ഇതിൽനിന്നുളവാകുന്ന ശൂന്യതാബോധമാണു് ഇന്നത്തെ വലിയ വിപത്തു്. എന്തുകൊണ്ടെന്നാൽ തന്മൂലം മനുഷ്യൻ നിരവധി ചിന്താവിഗതികൾക്കു വിധേയനായിത്തീരുന്നു. ആകയാൽ ശരിയായ ക്രിസ്തീയചിന്താഗതിയാണു് ഇന്നത്തെ ഒഴിച്ചുകൂടാത്ത ആവശ്യം. ജീവിതരീതിയെ നിയന്ത്രിക്കുന്നതിനു പര്യാപ്തമായ ചിന്തയുടേയും പരിശീലനത്തിൻേറയും ഒരു സംഹിത നമുക്കുണ്ടു്. ലോകത്തിനു സംഭാവനചെയ്യുവാൻ സുനിശ്ചിതമായ ഒരു പദ്ധതിയും നമുക്കുണ്ടു്. പക്ഷെ അവ നമ്മിൽ പരിപുഷ്ടമായി നിലകൊള്ളുന്നില്ലെങ്കിൽ ഉദാരമായി മററുള്ളവർക്കു അവയെ പ്രദാനം ചെയ്യുവാൻ നമുക്കു കഴിയുന്നതല്ല.

"വിശാലമായ ഈ ലോകത്തിൽ ഏതൊരു കാര്യത്തിലും ഒരു കത്തോലിക്കാ വീക്ഷണമുണ്ടെന്നു നാം ധരിക്കേണ്ടതാവശ്യമാണു്. ആശുപത്രിതൊട്ടു നാടകശാലവരെയും, വേലക്കൂലിതൊട്ടു വ്യവസായത്തിലെ ഓഹരിലാഭംവരെയും, ഉടുതുണിതൊട്ടു രാജ്യാന്തരപൊളിട്ടിക്സ്‌വരെയും അതിനു പ്രസക്തിയുണ്ടു്. നമ്മുടെ കോളേജുകളും, സ്കൂളുകളും, പ്രസിദ്ധീകരണങ്ങളും, പ്രസ്സുകളും, സംഘടനകളും, ദേവാലയങ്ങളും നമ്മുടെ ജനലക്ഷങ്ങളിൽ ഈ യഥാർത്ഥമായ ക്രൈസ്തവവീക്ഷണം സംജാതമാക്കുവാൻ പര്യാപ്തമായ വിധത്തിൽ ശ്രമിക്കുന്നുണ്ടോ? മനുഷ്യനെ സംബന്ധിക്കുന്ന സകലവും ആവിർഭവിക്കുകയും വളരുകയും പുലരുകയും ചെയ്യുന്ന സമുദായത്തിൽ ക്രിസ്തീയമൂല്യങ്ങൾ വ്യക്തിഗതമായ മൂല്യങ്ങളായിത്തീരണം. അതുകൊണ്ടത്രെ വിശ്വാസത്തിൻെറ തത്വങ്ങൾ സ്വകാര്യജീവിതത്തിലും കുടുംബജീവിതത്തിലും പൗരജീവിതത്തിലും പാലിക്കപ്പെടണമെന്നു മാർപ്പാപ്പാമാർ അനുസ്യൂതം ഉൽബോധിപ്പിച്ചുകൊണ്ടിരിക്കുന്നതു്. കാൾആഡം പറയുന്നതു്, ജീവിതത്തിൻെറ എല്ലാ രംഗങ്ങളിലുമുള്ള മൂല്യങ്ങളുടെ സ്ഥിരീകരണമാണു് കത്തോലിസിസ്സം എന്നത്രെ. എല്ലാ നന്മകളിലേക്കുമുള്ള സാർവ്വത്രികവും ഉൽകൃഷ്ടവുമായ പ്രവേശനസൗകര്യം അതിലുണ്ടെന്നാണു് അദ്ദേഹം പ്രസ്താവിക്കുന്നതു്. വരപ്രസാദത്തോടു് പ്രകൃതിയും, മതത്തോടു് കലയും, വിശ്വാസത്തോടു് വിജ്ഞാനവും എന്നല്ല, ലോകത്തിലുള്ള എല്ലാം പരസ്പരം ഈ വീക്ഷണത്തിൽ ഐക്യപ്പെടുന്നുണ്ടു്. ഈദൃശ ആദ്ധ്യാത്മികവീക്ഷണത്തെ പരിഹാസ്യമാക്കിത്തീർക്കുവാൻ കമ്മ്യൂണിസത്തിലെ ഭൗതികസിദ്ധാന്തം പരിശ്രമിക്കുകയാണു്.

## അൽമായ പ്രേഷിതത്വം

ക്രിസ്ത്യാനികളുടെ ഗൗരവാവഹമായ കർത്തവ്യങ്ങളെ അനുസ്മരിച്ചുകൊണ്ടു തിരുമേനി തുടർന്നു:

"അതുകൊണ്ടു ശരിയായ തത്വങ്ങളിൽ അധിഷ്ഠിതമായ അത്മായപ്രേഷിതത്വത്തിനുള്ള ആഹ്വാനം അർത്ഥമാക്കുന്നതു്, ക്രൈസ്തവൻെറ ആത്മാവിൽ പ്രേഷിതത്വത്തിനുള്ള വാസനയെ പുനഃസ്ഥാപിക്കുക എന്നതാണു്. അതുമൂലം ക്രിസ്തുവിൻെറ മനുഷ്യാവതാരത്തിൻെറ ഫലം മിശിഹായുടെ മൗതികശരീരത്തിൽ തുടർന്നുകൊണ്ടിരിക്കുന്നു. ഇവയെപ്പററി ആത്മാർത്ഥമായും പ്രായോഗികമായും നമുക്കു ബോദ്ധ്യം വന്നാൽ, ലോകത്തെ നവീകരിക്കുന്നതിനു നമുക്കു സാധിക്കുകയില്ല എന്നു ആർക്കെങ്കിലും സംശയം തോന്നുന്നുണ്ടോ?

"ലോകത്തിൻെറ പുരോഗതിക്കുവേണ്ടിയുള്ള പരിയത്നങ്ങളിൽ രണ്ടു വിരുദ്ധസിദ്ധാന്തങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ടു്. ഒന്നു് ദൈവത്തെ അവഗണിച്ചുകൊണ്ടും, സാഹോദര്യത്തെ അനാദരിച്ചുകൊണ്ടും, ബാഹ്യമായ നിയമത്തിൻേറയും ശക്തിയുടേയും ഒത്തുതീർപ്പുകളുടേയും സഹായത്തോടുകൂടിയും പ്രവർത്തിക്കുന്നു. ബാഹ്യമായ ശക്തി ക്ഷയിക്കുമ്പോൾ ഈ പദ്ധതി തകർന്നുപോകുന്നു. മററതോ എന്നാൽ ആന്തരികമായ ഐക്യത്തെയാണു് സംജാതമാക്കുന്നതു്. സ്വർഗ്ഗപിതാവിൻെറ മക്കളായ മനുഷ്യരെയെല്ലാം അതു സഹോദരന്മാരായി ദർശിക്കുന്നു. അതു ക്രമപ്പെട്ടു വളരുകയും സാക്ഷാത്തായ ഐക്യത്തെ ഉല്ലാദിപ്പിക്കുകയും ചെയ്യുന്നു. ഈ രണ്ടാമത്തെ തത്വത്തിനുവേണ്ടിയാണു് നാം നിലകൊള്ളുന്നതു്. സെൻറു് ജോൺ സമർത്ഥിക്കുന്നതുപോലെ, "ക്രിസ്തുവിനെ പുറംതള്ളുന്ന ആദർശങ്ങളൊന്നും ദൈവത്തിൽനിന്നുള്ളതല്ല, അന്തിക്രിസ്തുവിൻേറതാണു്." അന്തിക്രിസ്തു മാനവസമുദായത്തിൻെറ മിത്രമല്ല, ശത്രുവാണു്. യാതൊരുവൻ ദൈവചൈതന്യത്തിലും മിശിഹായുടെ ഹൃദയത്തോടു ചേർന്നും ജീവിക്കുന്നുവോ അവൻ മനുഷ്യൻെറ ഉത്തമസുഹൃത്തും സമുദായത്തിനു ആശ്രയിക്കാവുന്ന വിശ്വസ്തസേവകനുമായിരിക്കും. മററു യാതൊരു പരിശീലനപദ്ധതികൾക്കും താദൃശവ്യക്തിയെ ഉല്ലാദിപ്പിക്കാൻ സാധിക്കയില്ല

"മനുഷ്യരോടുള്ള സ്നേഹമാണു് നമ്മുടെ സ്വഭാവവിശേഷമെങ്കിൽ, ഓരോ ക്രിസ്ത്യാനിയും അവൻെറ സമസൃഷ്ടിയോടു ഹൃദയപൂർവ്വകമായ സ്നേഹം പുലർത്തുകയും, യാതൊരുത്തർക്കും തിന്മ ഇച്ഛിക്കാതിരിക്കുകയും ജീവിതഭാരങ്ങളെ ചുമക്കുന്നതിനു പരസ്പരം സഹകരിക്കുകയും ആവുംവിധം തൻെറ അയൽക്കാരനെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുകയാണെങ്കിൽ, നാം നമ്മുടെ പാരമ്പര്യത്തിനു അനുയോജ്യരാണെന്നു തീർച്ചയായും നമുക്കഭിമാനിക്കാം. ദൈവം നമ്മിൽനിന്നഭിലഷിക്കുന്ന വിധത്തിൽ നമ്മുടെ സഹോദരങ്ങളോടും പ്രവർത്തിക്കുന്നുവെന്നും, നമ്മുടെ അമ്മയായ തിരുസഭയുടേയും അവളുടെ മണാളനായ ക്രിസ്തുവിൻെറ തിരുഹൃദയത്തിൻേറയും അഭിലാഷങ്ങൾ നാം പൂർത്തിയാക്കി അവർക്കു സാന്ത്വനം നൽകുന്നു എന്നും, ഇഹത്തിലും പരത്തിലും ശാന്തിയുടേയും ക്ഷേമത്തിൻേറയും സൗഭാഗ്യത്തിൻേറയും ശാശ്വതമായ അടിത്തറ പണിയുകയാണെന്നും നമുക്കു വിശ്വസിക്കുകയും ചെയ്യാം.

## പ്രസാധകക്കുറിപ്പുകൾ

### വിദേശ മിഷനറിമാരെപ്പററി നെഹ്റുവിൻെറ പരാമർശനം

വിദേശകാര്യങ്ങളെക്കുറിച്ചു് ലോകസഭയിൽ (പാർലമെൻറിലെ ജനസഭയിൽ) പ്രസംഗിക്കവെ പ്രധാനമന്ത്രി നെഹ്റു ക്രിസ്ത്യൻ മിഷനറിമാരെപ്പററി താഴെക്കാണുംവിധം ഒരു പരാമർശനം നടത്തി.

ഇവിടെ അല്ലെങ്കിൽ മററു സ്ഥാനങ്ങളിൽ ക്രൈസ്തവമിഷനറിമാരുടെ പ്രവർത്തനങ്ങളെക്കുറിച്ചും ക്രൈസ്തവമിഷനറിമാർക്കെതിരായ മററുള്ളവരുടെ പ്രവർത്തനങ്ങളെക്കുറിച്ചും ചോദ്യങ്ങൾ ചോദിക്കാറുണ്ടു്. ഗവമ്മെൻറിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യങ്ങൾ മതപരമായ അടിസ്ഥാനത്തിലല്ല, പ്രത്യുത രാഷ്ട്രീയമായ അടിസ്ഥാനത്തിലാണു ഞങ്ങൾ വീക്ഷിക്കുന്നതു്. ക്രൈസ്തവമതം ഇൻഡ്യയിലെ വളരെ പുരാതനവും സ്ഥിരപ്രതിഷ്ഠ ലഭിച്ചതും സമാദരിക്കപ്പെടുന്നതുമായ ഒരു മതമാണു്. നമ്മുടെ ജനങ്ങളിൽ ലക്ഷക്കണക്കിനു ക്രിസ്ത്യാനികൾ ഉണ്ടു്. ഇവിടെ തന്നെ അവരുടെ പല പ്രതിനിധികളുമുണ്ടു്. മതപരമായ പക്ഷഭേദചിന്തയുടെ യാതൊരു പ്രശ്നവും ഇല്ലതന്നെ. എന്നാൽ അതിർത്തിപ്രദേശത്തോടു തൊട്ടടുത്തുള്ള ഏതു വിദേശിയേയും നാം സംശയദൃഷ്ടിയോടുകൂടി വീക്ഷിക്കുന്നു. മററു സ്ഥലങ്ങളിലുള്ളവരെ ആരേയും, സംശയിക്കുവാൻ മതിയായ കാരണങ്ങൾ ഇല്ലെങ്കിൽ നാം സംശയിക്കുന്നില്ല. അതിർത്തിയിലുള്ളവരെ എല്ലാവരേയും നാം സംശയിക്കുന്നു, സംശയിക്കാതിരിക്കാൻ കാരണമില്ലെങ്കിൽ. ഇതാണു നമ്മുടെ സമീപനരീതി. വിദേശസ്ഥാപനങ്ങളേയും വിദേശക്രിസ്ത്യൻ മിഷനറിമാരേയും സംബന്ധിക്കുന്ന വേറൊരു വശമുള്ളതു്, ചിലപ്പോൾ നിയമപരവും സാമുദായികവുമായ വിഷമപ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നു എന്നതാണു്. ഏതദ്ദേശീയ മിഷനറിമാരെയോ മററുള്ളവരെയോ ഈ പ്രശ്നം തീർച്ചയായും ബാധിക്കുന്നില്ല. ഈ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം നമ്മുടെ സമീപനരീതി രാഷ്ട്രീയമാണു്, ഭാവിയിൽ കുഴപ്പങ്ങൾ സൃഷ്ടിക്കാതിരിക്കുവാൻ വേണ്ടിയുള്ളതാണു്. ഈ രാജ്യത്തു് വിദേശങ്ങളിൽനിന്നുള്ള മിഷനറിമാർ വളരെയുണ്ടു്, സഹസ്രക്കണക്കിനുണ്ടു്. അവരിൽ വളരെപ്പേരും പ്രശസ്തമായ സേവനം നടത്തുന്നു. ആതുരശുശ്രൂഷ, വിദ്യാഭ്യാസം മുതലായ പ്രവർത്തനങ്ങൾ നടത്തുന്നു. ആ സേവനങ്ങൾക്കു് നാം സ്വാഗതം നൽകുകയും ചെയ്യുന്നു. എന്നാൽ ഒരു കാര്യം വിസ്മരിക്കാവുന്നതല്ല. അതെന്തെന്നാൽ വിദേശികളുടെ സംഖ്യ ഈ രാജ്യത്തു വളരെ വർദ്ധിച്ചാൽ എല്ലാത്തരം പ്രശ്നങ്ങളെയും അതു സൃഷ്ടിക്കുമെന്നു് തീർച്ചയാണു് ആകയാൽ വിദേശവ്യക്തികളുടെ എണ്ണം വർദ്ധിക്കുന്നതിൽ നാം അനുകൂലികളല്ല. അവരുടെ സംഖ്യ വർദ്ധിക്കണമെന്നു് നാം ആഗ്രഹിക്കുന്നില്ല എന്തുകൊണ്ടെന്നാൽ അതു പുതിയ പ്രശ്നങ്ങളെ സൃഷ്ടിക്കും. ഏഷ്യയിലെ സകല രാജ്യങ്ങളിലും ആ വർദ്ധനവു് സകലതരം പ്രശ്നങ്ങൾക്കും കാരണമായിട്ടുള്ളതായി കാണാം.

പ്രധാനമന്ത്രിയുടെ ഈ പരാമർശനം വിദേശമിഷനറിമാരുടെ കാര്യത്തിൽ ഇൻഡ്യൻ കത്തോലിക്കർക്കുള്ള ന്യായമായ ഭീതിയെ നിരാകരിക്കുവാൻ പര്യാപ്തമാകുന്നില്ല. ഗവമ്മെൻറിൻെറ വീക്ഷണം മതപരമല്ലെങ്കിലും, രാഷ്ട്രീയമാണെങ്കിലും, വിദേശമിഷനറിമാരുടെ മതപരമായ പ്രവർത്തനങ്ങൾക്കു് തടസ്സം നേരിട്ടാൽ അതു് ഭരണഘടന ഉറപ്പുനൽകിയിട്ടുള്ള മൗലികമായ മതസ്വാതന്ത്ര്യങ്ങൾക്കു് എതിരാണെന്നുള്ളതിനു വല്ല സംശയവുമുണ്ടോ?

* * *

### ചെറുപുഷ്പമിഷൻ ലീഗിൻെറ കാലോചിത സേവനം

വിദേശമിഷനറിമാർക്കു് ഇൻഡ്യയിൽ മതപ്രചരണം നടത്താൻ ഭാവിയിൽ വളരെ തടസ്സങ്ങൾ ഉണ്ടായിരിക്കുമെന്നു് ന്യായമായി ഭയപ്പെടേണ്ട ഇന്നത്തെ സാഹചര്യങ്ങളിൽ ഏതദ്ദേശീയ മിഷനറിമാരുടെ സംഖ്യ പൂർവ്വാധികം വർദ്ധിക്കേണ്ടതു് അവശ്യാവശ്യമാണല്ലോ. ഇൻഡ്യയിൽ ക്രിസ്തുമതത്തിൻെറ പിള്ളത്തൊട്ടിലായ കേരളത്തിൽ നിന്നല്ലാതെ മറെറവിടെനിന്നാണു ഏതദ്ദേശീയമിഷനറിമാർ ഉണ്ടാകേണ്ടതു്? ഈ പ്രേഷിതബോധത്താൽ പ്രേരിതമായി സ്ഥാപിക്കപ്പെട്ടിരിക്കുന്ന അഖിലകേരള ചെറുപുഷ്പ മിഷൻലീഗ് എത്രയോ കാലോചിതമായ ഒരു സ്ഥാപനമാണു്! അതിനു ഏഴു വയസ്സേ പ്രായമുള്ളുവെങ്കിലും 250-ൽപ്പരം ശാഖകളും 25000 ത്തോളം അംഗങ്ങളും അതിനുണ്ടെന്നറിയുന്നതു് ഏററവും സന്തോഷാവഹംതന്നെ. കേരളത്തിനു പുറത്തുള്ള 31 രൂപതകളിലായി 200ഓളം മിഷൻ കേന്ദ്രങ്ങളിലേക്കു് ലീഗിൽനിന്നു് പ്രതിമാസം ധനസഹായം ചെയ്യുന്നുണ്ടു്. ഇക്കൊല്ലം 40000 രൂപായോളം മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാൻ ലീഗ് ധനശേഖരംചെയ്തു വിനിയോഗിച്ചിരിക്കുന്നു. ഇതു ലീഗ് അംഗങ്ങൾ നേരിട്ടു പിരിച്ചയച്ചതാണു്. ഇതിനും പുറമേ മിഷൻ ഞായർ പിരിവു് ഇനത്തിലും മിഷനറിമാർ വന്നു് നേരിട്ടു പിരിക്കുന്ന ഇനത്തിലും വലിയ തുകകൾ കേരളത്തിൽനിന്നു് മിഷൻവേലയ്ക്കായി പോകുന്നുണ്ടു്. ഇതിനുവേണ്ട ഉത്തേജനം നൽകുന്നതും അന്തരീക്ഷം സൃഷ്ടിക്കുന്നതും ലീഗ് അംഗങ്ങളാണു്.

മിഷൻ വേലയ്ക്കായി ഇന്നാട്ടിലെ കത്തോലിക്കാ യുവതീയുവാക്കന്മാരെ പ്രോത്സാഹിപ്പിക്കുന്നതിലും, സന്നദ്ധരാക്കുന്നതിലും ലീഗ് നല്ലൊരു പങ്കുവഹിക്കുന്നുണ്ടു്. ലീഗിൻെറ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന 80 ഇടവകകളിൽനിന്നും 200ത്തോളം യുവതീയുവാക്കന്മാർക്കു് ഇക്കൊല്ലം ദൈവവിളി ലഭിക്കുകയുണ്ടായി. ഇവരിൽ 80 പേർ ലീഗ് അംഗങ്ങൾതന്നെയാണു്. ഏവംവിധം ആൾകൊണ്ടും അർത്ഥംകൊണ്ടും ഭാരതത്തിലെ മിഷൻ പ്രവർത്തനങ്ങൾക്കായി മുന്നോട്ടുവന്നിരിക്കുന്ന ചെറുപുഷ്പമിഷൻലീഗിനെ ഞങ്ങൾ ഹാർദ്ദമായി അനുമോദിക്കുന്നു. അതിൻെറ പ്രേഷിതചൈതന്യം നാൾക്കുനാൾ വർദ്ധിക്കട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

* * *

### ആർ. എസ്. പി. ഐ. മു. വിൽ നിന്നു പിരിഞ്ഞു

തിരുക്കൊച്ചിയിലെ ഐക്യമുന്നണിയിൽ ഒരു ഘടകം ആർ. എസ്. പി. (റവലൂഷണറി സോഷ്യലിസ്റ്റ് പാർട്ടി) യാണല്ലോ. ഐ. മു. വിൻെറ നേതൃത്വം വഹിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി ആർ. എസ്. പി. തെററിപ്പിരിയുവാൻ പോകുന്നുവെന്നു് കേട്ടുതുടങ്ങിയിട്ടു് കുറെനാളായി. ഇപ്പോൾ ആ പിരിവു നടന്നുകഴിഞ്ഞിരിക്കുകയാണു്. ആർ. എസ്. പി. യുടെ കേരളാകമ്മററി പാസ്സാക്കിയ ഒരു പ്രമേയം വഴിയായിട്ടാണു് ഇതു സംബന്ധിച്ചുള്ള തീരുമാനം ചെയ്തതു്. പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന സംഗതികളുടെ ചുരുക്കം ഇങ്ങനെയാണു്:

ഐക്യമുന്നണിയിലെ ഇതര ഘടകങ്ങളുടെ നേരെ കമ്മ്യൂണിസ്റ്റ്പാർട്ടി ഇതുവരെ സ്വീകരിച്ച നയം ഐക്യമുന്നണിയുടെ നിലനില്പു് അസാദ്ധ്യമാക്കിത്തീർത്തിരിക്കുന്നു. മന്ത്രിസഭാ രൂപീകരണം സംബന്ധിച്ച ചർച്ചകളിലും നടപടികളിലും ഇതര പാർട്ടികളുമായി ആലോചിക്കാതെ കമ്മ്യൂണിസ്റ്റ്പാർട്ടി ചില നിലപാടുകൾ സ്വീകരിച്ചു. ഐക്യമുന്നണി എം. എൽ. എ. മാർ ഒപ്പിട്ട കടലാസു് ഇതരപാർട്ടികളുമായി ആലോചിക്കാതെ കമ്മ്യൂണിസ്റ്റ്പാർട്ടി പൂഴ്ത്തിവച്ചു മന്ത്രിസഭാരൂപീകരണചർച്ചകളിൽ ഔദ്യോഗികസ്ഥാനങ്ങൾക്കുവേണ്ടി വിലപേശൽ നടത്തി സംഭാഷണങ്ങൾ പരാജയപ്പെടുത്തി. കോൺഗ്രസ് വീണ്ടും പദരാക്കമായിട്ടെങ്കിലും അധികാരത്തിൽ വരുന്നതു് തടയുന്നതിനു് ഒരു പരിപാടിയുടെ അടിസ്ഥാനത്തിൽ പി. എസ്. പി. മന്ത്രിസഭയ്ക്കു് പിൻതുണ നൽകാൻ വിസമ്മതിച്ചു. കൗൺസിൽ ഓഫ് സ്റ്റേറ്റ് തെരഞ്ഞെടുപ്പിൽ മുൻധാരണകൾക്കു് വിരുദ്ധമായി സ്വന്തം സ്ഥാനാർത്ഥിയെ നിറുത്തി. ഇൻഡസ്ട്രീസ് ബോർഡിലേക്കു് തമിഴ്നാട്ടു് കോൺഗ്രസ്സ് സ്ഥാനാർത്ഥിക്കു് പിൻതുണ നൽകാമെന്ന അടിസ്ഥാനത്തിൽ ഒരു കരാറുണ്ടാക്കി. ഇതെല്ലാം വ്യക്തമാക്കുന്നതു്, ഐക്യമുന്നണി പിരിച്ചുവിടുന്നതിനും, ഐക്യമുന്ന

ണിവഴി രൂപംകൊണ്ട ജനകീയ ശക്തി സ്വന്തംവിശാല ജനാധി പത്യമുന്നണിയാക്കി മാററുവാനും കമ്മ്യൂണിസ്റ്റ്പാർട്ടി കരുക്കൾ നീക്കിത്തുടങ്ങിയിരിക്കുന്നുവെന്നാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിഭാഗീയവാസനകൾ കൊണ്ടും ശിഥിലീകരണപ്രവണതമൂലവും സംജാതമായിരിക്കുന്നതു്, ഇന്നത്തെ നിലയിൽ ഐക്യമുന്നണിക്ക് ചരിത്രപരമായ അതിൻെറ കടമ നിറവേററാൻ സാദ്ധ്യമല്ലാത്ത പരിതസ്ഥിതിയാണ്. ഇക്കാരണങ്ങളാൽ ഐക്യമുന്നണി പിരിച്ചുവിടണമെന്നും നിയമസഭയിൽ ആർ. എസ്. പി. എം. എൽ. എ. മാർ ഒരു സ്വതന്ത്രബ്ളോക്കായി നില്ക്കുന്നതിനു് നിർദ്ദേശം നൽകണമെന്നും ആർ. എസ്. പി. കേരളാകമ്മററി തീരുമാനിച്ചു

കമ്മ്യൂണിസ്റ്റ്പാർട്ടി നേതൃത്വം വഹിക്കുന്ന ഏതൊരു സംയുക്തസംഘടനകളിലും അവരുടെ പ്രധാനോദ്ദേശം സ്വന്തം ശക്തി വർദ്ധിപ്പിക്കുകഎന്നതുമാത്രമാണെന്നും,അതിനുവേണ്ടി സംയുക്തത്തിലെ ഇതരഘടകങ്ങളോട് എന്തു നീതികേടും ചെയ്യുവാൻ അവർ മടിക്കുകയില്ലെന്നും പ്രസിദ്ധമാണല്ലോ. ഈ വസ്തുതങ്ങൾ പലപ്പോഴും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ആർ. എസ്. പി. ഇപ്പോൾ അതിനു് അനിഷേധ്യമായ സാക്ഷ്യംവഹിച്ചിരിക്കുന്നു.

* * *

## മിഡിൽസ്കൂൾ ഫീസ് സൗജന്യം

ഒന്നും രണ്ടും ഫാറത്തിലെ ട്യൂഷൻ ഫീസ് നീരുത്തൽ ചെയ്തിരിക്കുന്നു; ലൈബ്രറി ഫീസ് 8ണയും, ഗെയിംഫീസ് 12ണയും ഓരോ കുട്ടിയിൽനിന്നും വസൂൽചെയ്യും.

തിരുവിതാംകൂർ വിഭാഗത്തും കൊച്ചിവിഭാഗത്തും വ്യത്യസ്തമായ സ്കൂൾഫീസ് നിരക്കാണുണ്ടായിരുന്നതു്. ഇപ്പോൾ തുടങ്ങുന്ന വിദ്യാലയവർഷം മുതൽ രണ്ടിടത്തേയും ഫീസ് ഒരേ നിരക്കിലായിരിക്കും. ട്യൂഷൻഫീസ് 3-ാംഫാറത്തിൽ 24രൂപാ, 4,5,6 ഫാറങ്ങളിൽ 48 രൂപാ വീതം. 3-ാംഫാറത്തിൽ ലൈബ്രറി ഫീസ് 8ണ, ഗെയിംഫീസ് 12ണ, 4,5,6 ഫാറങ്ങളിൽ ലൈബ്രറി ഫീസ് 1രൂ. 4ണ, ഗെയിംഫീസ് 1രൂപാവീതം.

ട്യൂഷൻ ഫീസ് 8 തുല്യതവണകളിലായും ലൈബ്രറിഫീസും ഗെയിംഫീസും രണ്ടു തുല്യതവണകളിലായും അടയ്ക്കണം. ഫീസ് അടയ്ക്കുന്നതിൽ താമസം നേരിട്ടാൽ 3-ാംഫാറത്തിലെ കുട്ടികൾക്ക് ആദ്യത്തെ ഒരാഴ്ചത്തേക്ക് 2ണ പ്രകാരവും (പരമാവധി 4), ഹൈസ്കൂൾ ക്ലാസ്സുകളിലെ കുട്ടികൾക്ക് ആദ്യആഴ്ചയിൽ നാലണയും (പരമാവധി 8ണ) പിഴ.

പ്രൈമറിയും മിഡിലുംസ്കൂൾക്ലാസ്സുകളിൽ പ്രവേശനഫീസ് ഇല്ല. ഹൈസ്കൂൾ ക്ലാസിലേക്കു പ്രവേശനഫീസ് 1 രൂപാ. പഠിക്കുന്ന സ്കൂളിൽത്തന്നെ 3-ാം ഫാറത്തിൽനിന്നു് നാലാംഫാറത്തിലേക്കു കയററം ലഭിക്കുമ്പോഴും ഈ പ്രവേശനഫീസ് കൊടുക്കണം. പുനഃപ്രവേശനഫീസ് ഉണ്ടായിരിക്കുകയില്ല.

മിഡിൽസ്കൂൾ ക്ലാസ്സുകളിലെ വിദ്യാഭ്യാസം സൗജന്യമാക്കുന്നതു് ഫീസ് കൊടുത്തു പഠിക്കാൻ നിവൃത്തിയില്ലാത്തവരുടെ കാര്യത്തിൽ ആദരണീയംതന്നെ. എന്നാൽ നിവൃത്തിയുള്ളവരുടെകാര്യത്തിൽ അതു് എങ്ങനെ ആദരണീയമായിരിക്കും? ഈ സൗജന്യപരിഷ്കാരംമൂലം 25 ലക്ഷത്തിൽപ്പരം രൂപാ ഗവമ്മെൻറിനു് നഷ്ടംവരുമെന്നു് അവർതന്നെ സമ്മതിക്കുന്നു. ഈ പരിഷ്കാരം പ്രൈവററുമാനേജ്മെൻറുകളെ എങ്ങനെ ബാധിക്കുമെന്നു് കണ്ടറിയേണ്ടതാണ്. ഗവമ്മെൻറും മാനേജ്മെൻറും നഷ്ടം സഹിക്കുന്ന സാഹചര്യങ്ങളിൽ, ഫീസുകൊടുത്തു പഠിക്കുവാൻ നിവൃത്തിയുള്ളവൾക്ക് ഫീസ് സൗജന്യം മൊത്തത്തിൽ അനുവദിക്കുന്നതിൻെറ യുക്തി മനസ്സിലാകുന്നില്ല.

### അറിയിപ്പ്

വി. പത്താംപീയൂസിൻെറ പടം ക്രൗൺ ഹാഫ് സൈസിൽ ഈ ലക്കത്തോടൊന്നിച്ചു എല്ലാ വരിക്കാർക്കും സപ്ലിമെൻറായി അയയ്ക്കുന്നു. മാനേജർ

## അടുത്തയാഴ്ചയിൽ

ജൂൺ

6 ഞാ: പന്തക്കുസ്താ ഞായർ
7 തി: റോബർട്ട്
8 ചൊ: മെഡാർഡ്
9 ബു: പ്രിമൂസും ഫെലിഷ്യനും
10 വ്യാ; മാർഗരററ്
11 വെ: ബാർണബാസ്
12 ശ: ബസിലിയസ്

## കത്തോലിക്കാ കോൺഗ്രസ്

(4-ാംപേജ് തുടർച്ച)

ജനനമരണക്കണക്കുകളെ ഉദ്ധരിച്ചുകൊണ്ടു് അതിൻെറ പരിഹാരത്തിനായി പ്രവർത്തിക്കണമെന്നുൽബോധിപ്പിച്ചു

26-ാംതീയതി രാവിലെ 9-30നു് വനിതാസമ്മേളനം ആരംഭിച്ചു. മിസ്സ് പി. എൽ. ഏലിക്കുട്ടി ചൂളക്കൽ ആദ്ധ്യക്ഷം വഹിച്ചു.

രാഷ്ട്രീയ - സാമുദായികരംഗങ്ങളിൽ സ്ത്രീകൾക്കുള്ള കർത്തവ്യങ്ങളെ സരസമായും സമഷ്ടിയായും ചൂണ്ടിക്കാണിക്കുന്ന ഒ

Humble thanks for favours already received and to receive favours prayed for, through our Beloved Mother B. V. Mary, our Favourite Little Flower of Child Jesus and especially our merciful Sister Alphonsa. George, Trichur

ന്നായിരുന്നു അദ്ധ്യക്ഷപ്രസംഗം.

പിന്നീട് മിസ്സ് പി. സി. മേരിക്കുട്ടി എം. എ. പ്രസംഗിച്ചു. "ലോകം മുഴുവനും നേടിയാലും ആത്മാവു നശിച്ചാൽ ഫലമെന്തു്" എന്ന വാക്യത്തെ ഉദ്ധരിച്ചുകൊണ്ടു്, ലോകസമാധാനത്തിനും, സംതൃപ്തിക്കും, സൗഭാഗ്യത്തിനും ആദ്ധ്യാത്മികമൂല്യങ്ങളെ മുറുകിപ്പിടിക്കേണ്ടതാണെന്നു സരസമായി സമർത്ഥിക്കുകയുണ്ടായി.

മിസ്സ് ത്രേസ്യാമ്മ തോമസ് ആലപ്പുഴപ്പള്ളി എം. എസ്സ് സി. ചെയ്ത പ്രസംഗത്തിൽ, സ്ത്രീകൾ അണിയറകളിൽ അടങ്ങിയൊതുങ്ങി കഴിയേണ്ടവരല്ലെന്നും, രാഷ്ട്രീയസാമുദായികരംഗങ്ങളിൽ ഇറങ്ങി പ്രവർത്തിക്കണമെന്നും ഉൽബോധിപ്പിക്കുകയുണ്ടായി.

ഉച്ചകഴിഞ്ഞു 2 15-നു് സാഹിത്യസമ്മേളനം എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. അദ്ധ്യക്ഷപ്രസംഗത്തിൽ, കത്തോലിക്കാ സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനു കത്തോലിക്കാകോൺഗ്രസ്സ് മുൻകൈയെടുത്തു പ്രവർത്തിക്കണമെന്നു തിരുമേനി ശക്തിയായി ഉൽബോധിപ്പിച്ചു.

സാഹിത്യപ്രേഷിതത്വം എന്ന വിഷയത്തെ ഉപജീവിച്ചു ശ്രീ കെ. ഇ. ജോബും, സാഹിത്യധർമ്മത്തെപ്പററി മി. ജോസഫ് അഞ്ചനാടനും പ്രസംഗിച്ചു.

29-ാംനു ശനിയാഴ്ച രാവിലെ കൃത്യം 9 30-നു് ഹിന്ദുസ്ഥാൻ സ്റ്റാൻഡാർഡു പത്രാധിപർ ശ്രീ കെ. പി. തോമസിൻെറ അദ്ധ്യക്ഷതയിൽ പൗരാവകാശസമ്മേ



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

A. V. Joseph, Pothanikad

ളനം ആരംഭിച്ചു. കന്യാകുമാരിമുതൽ ഹിമാലയംവരെയുള്ള ഓരോ ക്രിസ്ത്യാനിയേയും പ്രക്ഷോഭിപ്പിക്കുന്ന അത്തരമൊരു കാര്യമാണ് വിദേശമിഷനറിമാരുടെ നേരെയുള്ള ഇൻഡ്യാഗവർമ്മെൻറിൻെറ ഇപ്പോഴത്തെ മനോഭാവം. ഭരണകൂടത്തിൻെറ ഉന്നതസ്ഥാനങ്ങളിലിരിക്കുന്ന ചിലർ നിർഭാഗ്യകരമായ ചില പ്രസ്താവനകൾ ചെയ്യുകയും, ഇൻഡ്യയിലെ മിഷനറി പ്രവർത്തനത്തിൻെറമേൽ അനാവശ്യമായ ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്തിരിക്കുന്നു. ദുരുപദിഷ്ട പ്രവർത്തനങ്ങളിലും തെററിദ്ധാരണകളിലും നിന്നാണ് വിദേശമിഷനറിമാർക്കെതിരായുള്ള വിമർശനങ്ങളിൽ അധികവും ജനിച്ചിട്ടുള്ളതെന്നു് അദ്ദേഹം പ്രസ്താവിച്ചു.

പിന്നീട് ബ്രദർ വടക്കൻ പ്രസംഗിച്ചു. രണ്ടരമണിക്കൂർ ദീർഘിച്ച ആ പ്രസംഗം ഒരു നീണ്ട കൊട്ടങ്കാററുപോലെ ആയിരുന്നു. നാടിൻെറ ചുട്ടുപഴുത്ത പ്രശ്നങ്ങളുടെ പരിഹാരത്തിനായി ഈ കത്തോലിക്കാ കോൺഗ്രസിനു് എന്തെങ്കിലുംസംഭാവനചെയ്യാനുണ്ടോ? എന്നൊരു പ്രശ്നമാണ് അദ്ദേഹം ചർച്ചചെയ്തതു്.

ഉച്ചകഴിഞ്ഞു മൂന്നുമണിക്കു് സമാപനയോഗം പ്രസിഡണ്ടു മി. ടി. ജെ. മാത്യു തെള്ളിയുടെ അദ്ധ്യക്ഷതയിൽകൂടി. താഴെപറയുന്ന രണ്ടു പ്രമേയങ്ങൾ അംഗീകരിക്കപ്പെട്ടു.

### നിശ്ചയങ്ങൾ

1) ക്രൈസ്തവമത പ്രചരണ സ്വാതന്ത്ര്യത്തെ സ്പർശിക്കുന്ന ചില പ്രസ്താവനകളും നിരൂപണങ്ങളും അടുത്തകാലത്തു ഇൻഡ്യൻ പാർലമെൻറിൽ ഉണ്ടായതുമൂലം കത്തോലിക്കാ ജനസാമാന്യമദ്ധ്യേ ഉത്ഭവിച്ച വിപുലവ്യാപ്തമായ ഉൽക്കണ്ഠയും വിദേശമിഷനറിമാർക്കെതിരായി ഇൻഡ്യയുടെ ചില ഭാഗങ്ങളിൽ നടക്കുന്ന പ്രക്ഷോഭണങ്ങളും പരിഗണിച്ചു്, 1954 മേയ് 29-ാംനു തിരുക്കൊച്ചി സംസ്ഥാനത്തു് മുട്ടുചിറയിൽ സമ്മേളിക്കുന്ന അഖിലകേരള കത്തോലിക്കാ കോൺഗ്രസിൻെറ 36-ാമത്തെ വാർഷികയോഗം ക്രിസ്തുമതപ്രചരണത്തിനു് ഇൻഡ്യയിൽ യാതൊരു പ്രതിരോധവും ഉണ്ടായിരിക്കുകയില്ലെന്നു് ഇൻഡ്യൻ പ്രധാനമന്ത്രി ചെയ്ത പ്രഖ്യാപനംമൂലം ലഭിച്ച സമാശ്വാസം രേഖപ്പെടുത്തുന്നു.

എന്നിരുന്നാലും വിദേശമിഷനറിമാർ ഇൻഡ്യയിൽ പ്രവേശിക്കുന്നതു സംബന്ധിച്ചു് നിരോധനങ്ങൾ നിലവിലിരിക്കുന്നതു് ഈ കോൺഗ്രസ്സ് ഗ്രഹിക്കുകയും യഥാർഹം പ്രവർത്തകരില്ലാതെ കത്തോലിക്കാ സമുദായത്തിനു് അതിൻെറ മതപരമായ ആചാരങ്ങളിലും ആദർശങ്ങളിലും ഉടവുതട്ടാതിരിക്കത്തക്കവണ്ണം വിദേശമിഷനറിമാരുടെ സഹായം ധാരാളം ലഭിക്കുന്നതിലേക്കു് വേണ്ടതു ചെയ്തുതരണമെന്നു് ഇൻഡ്യാ ഗവമ്മെൻറിനോടു് ഈ കോൺഗ്രസ്സ് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

2) കത്തോലിക്കരുടെ ഏകസാമുദായിക സംഘടനയായ കത്തോലിക്കാ കോൺഗ്രസിൻെറ പ്രവർത്തനം കുറെക്കൊല്ലങ്ങളായി മന്ദഗതിയിലായിരിക്കുന്നതിനെ ഈ യോഗം ഉല്ക്കണ്ഠാപൂർവ്വം വീക്ഷിക്കുന്നു. ഈ നിലപാടു മാററുന്നതിനു് അംഗങ്ങളിൽനിന്നും പിരിഞ്ഞുകിട്ടാനുള്ള വാർഷികവരിസംഖ്യ പിരിച്ചും കൂടുതൽ അംഗങ്ങളെ ചേർത്തും എല്ലാ ശാഖകളും കോൺഗ്രസിൻെറ പുരോഗമനത്തിനുവേണ്ടി സജീവമായി പ്രവർത്തിക്കണമെന്നു് ഈ യോഗം ഉൽബോധിപ്പിക്കുന്നു.

—o—


## വിശുദ്ധ പത്താംപീയൂസ്

10-ാംപീയൂസ് മാർപ്പാപ്പായുടെ ജീവചരിത്രം (By Rev. Fr. Thomas Kalam S. J.) ആക്കം ഗ്രഹിക്കത്തക്ക ലളിതമായ ഭാഷ. ആകർഷകമായ കവർ. 200-ൽപ്പരം പേജുകൾ. വില 1രൂ. 6ണ. റജി. ബുക്ക്പോസ്റ്റ് ചാർജ്ജ് 9ണ. വി. പി. അയക്കുന്നതല്ല.

മൂക്കന്നൂർ S. H. ഓർഫനേജ് ഡിപ്പോ,
എറണാകുളം 1.


## വിനോദവീഥി

സ്നേഹിതൻ:- "മിസ്റ്റർ, നിങ്ങളെന്തിനാണ് നിങ്ങളുടെ ഫോർമാനുമായി വഴക്കുണ്ടാക്കിയതു്?"

ജോലിക്കാരൻ:- ഫോർമാൻ എന്നുവച്ചാൽ ആരാണെന്നറിയാമോ? മററുള്ളവർ ജോലിചെയ്യുമ്പോൾ ഒന്നും ചെയ്യാതെ കണ്ടു നില്ക്കുന്ന ശമ്പളക്കാരനാണ്."

സ്നേഹിതൻ:- "അതുകൊണ്ടു വഴക്കുകൂടാൻ കാരണം?"

ജോലിക്കാരൻ:- "അതു പറയാം. അയാൾക്കെന്നോടു വലിയ അസൂയയാണ്. കാരണം, ആഫീസിൽ ആരെങ്കിലും സന്ദർശകന്മാർ വന്നാൽ അവർ തെററിദ്ധരിക്കും ഞാനാണ് ഫോർമാനെന്നു്. അയാൾ അതു സഹിക്കുമോ?"

* * *



"കൊച്ചുങ്ങളെ നോക്കാതെ മനുഷ്യരെ കാണിക്കാൻ വേണ്ടി പള്ളീ പോയിരുന്നു അപേക്ഷിച്ചാലൊന്നും രക്ഷകിട്ടില്ലന്നാ ഇന്നലെ വീകാരി അച്ചൻ പറഞ്ഞതു്."

* * *

അദ്ധ്യാപകൻ:- "ജോണീ ഭൂമിയുടെ ആകൃതിയെന്താണു്?"

ജോണി:- "അതുരുണ്ടതാണ്" സാർ."

അദ്ധ്യാപകൻ:- "ഭൂമി ഉരുണ്ടതാണെന്നു നിനക്കെങ്ങിനെ അറിയാം?"

ജോണി:- "ഭൂമി പരന്നതാണു സാർ, സാറിനോടെതിരു പറയാൻ ഞാനില്ല. ഇന്നലത്തെ അടിയുടെ ചൂടു മാറിയിട്ടില്ല."




# ആ കുറവിലങ്ങാട്ടുകാരനു തെററുപററി

(വി. സി. ജോർജ്ജ് ബി. എ. എൽ. ററി.)

എൻെറ ഈ പ്രസ്താവം സാഹസികമാണെന്നു് എനിക്കുതന്നെ തോന്നുന്നു. അദ്ദേഹം അതീതകാലങ്ങളിൽ ജീവിച്ചിരുന്നുവെങ്കിലും, ബഹുധാ വിശ്വവിശ്രുതനായിത്തീർന്ന ഒരു സമുദായ നേതാവായിരുന്നു. കുറവിലങ്ങാട്ടെ പുരാതന "നാലില്ല"ക്കാരിൽ പലതുകൊണ്ടും പ്രധാനമായി പരിഗണിക്കപ്പെട്ട പകലോമററം തറവാട്ടിൽ അദ്ദേഹം ജനിച്ചു. ആ നാലില്ലങ്ങളിൽ ഒന്നായ കാളികാവു് തറവാട്ടിലാണു് ഈയുള്ളവൻെറ ജനനമെങ്കിലും കുറവിലങ്ങാട്ടുകാരനെന്നനിലയിലല്ലാതെ ഞങ്ങൾ തമ്മിൽ യാതൊരു സാമ്യവുമില്ല. പ്രത്യുത ഞങ്ങൾ തമ്മിൽ അമ്പിളിയും കുമ്പിളും തമ്മിലുള്ളതിൽ കവിഞ്ഞ അന്തരവുമുണ്ടു്. അദ്ദേഹം സമുദായനേതാവു് മാത്രമല്ല, വൈദികാധികാരിയും കൂടിയായിരുന്നു. ഒരു വമ്പിച്ച ജനസമുദായത്തിൻെറ, അനേകായിരം ആയുധപാണികളെ യഥേഷ്ടം സമരത്തിനോ സമാധാനത്തിനോ വേണ്ടി അണിനിരത്താൻ കഴിഞ്ഞ കേരളനസ്രാണിസമുദായത്തിൻെറ നിസ്തുലനായകനായിരുന്ന അദ്ദേഹത്തിൻെറ സഖ്യം സമ്പാദിക്കുവാൻ ഇന്നാട്ടിലെ നാടുവാഴികൾ അഹമഹമികയാ മത്സരിച്ചു. ഇതുപോലെ അദ്ദേഹത്തിൻെറ സൗമനസ്യവും ആനുകൂല്യവും സമ്പാദിക്കുവാൻ വിദേശമിഷനറിമാരും വൈദികാധികാരികളും അത്യദ്ധ്വാനംചെയ്തിരുന്നു. ഒരു നാടുവാഴിയെ പ്രീണിപ്പിച്ചു് അപരനെ ഭീഷണിപ്പെടുത്തുവാൻ കഴിഞ്ഞിരുന്ന അദ്ദേഹം, വൈദികാധികാരികളോടുള്ള പെരുമാററത്തിലും നയകോവിദനെന്നറിയപ്പെട്ടു. ഇപ്രകാരമുള്ള ഒരു പുരുഷപുംഗവനു തെററുപററിയെന്നു് പറയുവാൻ സൂക്ഷ്മതയും ദീർഘചിന്തയും അത്യാവശ്യമാണു്. ശ്രദ്ധാപൂർവ്വവും അതിസൂക്ഷ്മമായും ദീർഘനാൾ ചിന്തിച്ചിട്ടും, അദ്ദേഹത്തിനു്, മാർ തോമ്മാ അർക്കദിയാക്കോനു, ചില ചരിത്രകാരന്മാർ ഒന്നാംമാർതോമ്മാ മെത്രാൻ എന്നു് കീർത്തിക്കുന്ന ആ വൈദികസ്ഥാനിക്കു് തെററുപററിയെന്നാണു് ആവർത്തിച്ചാവർത്തിച്ചു എനിക്കു് പ്രസ്താവിപ്പാനുള്ളതു്. യാക്കോബായ സമുദായക്കേസു് സംബന്ധിച്ചു് ഇന്ത്യാ സുപ്രീം കോടതിയിലോ തിരുവിതാംകൂർ കൊച്ചി ഹൈക്കോടതികളിലോ മററു കോടതികളിലോ നടന്നിട്ടുള്ള വാദിപ്രതിഭാഗങ്ങളിലെ വാദഗതിയും കോടതികളിൽനിന്നുണ്ടായിട്ടുള്ള അഭിപ്രായപ്രകടനവും പഠിച്ചിട്ടുള്ളവർക്കറിയാം ഒരു സാധാരണ പട്ടക്കാരൻ അല്ല, പട്ടക്കാരിൽ പ്രശസ്തനായ ഒരു പ്രമാണി, മെത്രാൻപദവിയിലേക്കുയരണമെങ്കിൽ ഏതെല്ലാം കാർമ്മികന്മാർക്കും കർമ്മങ്ങൾക്കും വിധേയനായിരിക്കണമെന്നു്. സഭാനിയമങ്ങളും, സൂനഹദോസു് നിശ്ചയങ്ങളും പാരമ്പര്യവും ഇതിനു് അവശ്യാവശ്യവും അലംഘനീയവുമായ നടപടികൾ നിർദ്ദേശിച്ചിട്ടുണ്ടു്. ഒരു മെത്രാൻ അപ്പസ്തോലപിൻഗാമിയാണു്. ഈ ശ്ലൈഹികപിന്തുടർച്ച ഒരു മെത്രാനു ലഭിക്കുന്നതും ലഭിക്കേണ്ടതും നിയമാനുസൃതവും അധികാരയുക്തവുമായ "കൈവെപ്പു"മൂലമത്രെ. "എന്തെന്നാൽ ഞാൻ കർത്താവിൽനിന്നു ലഭിച്ചതു് നിങ്ങൾക്കു് ഏല്പിച്ചുതരികയുംചെയ്തു" (1 കൊറി. 11. 12) എന്ന വിശുദ്ധ പൗലോസിൻെറ വാക്യം അപ്രകാരംമാത്രമാണു് സാർത്ഥീകൃതമാകുന്നതു്. വീണ്ടും "നിങ്ങൾ സ്വീകരിച്ചതിനു പുറമെയുള്ള ഒരു സുവിശേഷം ആരെങ്കിലും നിങ്ങളോടു പ്രസംഗിക്കുന്നുവെങ്കിൽ അവനു ശാപം" (ഗാല 1, 9) എന്നും ശ്ലീഹാ ഉപദേശിക്കുന്നുണ്ടു്. ഇങ്ങനെ ക്രിസ്തുവും അപ്പസ്തോലന്മാരും പ്രസംഗിച്ച സുവിശേഷം, നൽകിയ ഉപദേശം, അന്യൂനമായി കാത്തുസൂക്ഷിക്കുകയും നിർഭേദമായി അനുസരിക്കുകയും ചെയ്യുന്നതു് സാക്ഷാൽ ക്രൈസ്തവസഭയാണു്. ഈ സഭയോടാണു് ക്രിസ്തുനാഥൻ "കണ്ടാലും ഞാൻ നിങ്ങളോടുകൂടി എല്ലാ നാളുകളിലും. അതെ ലോകാവസാനംവരെ ഉണ്ടായിരിക്കും" എന്നു് കാരുണ്യപൂർവ്വം കരാർചെയ്തതു്. ഈ സഭയിൽ പഠിപ്പിക്കുന്ന വിഭാഗവും പഠിക്കുന്ന വിഭാഗവുമുണ്ടു്. മെത്രാന്മാരുൾപ്പെടെയുള്ള വൈദികാദ്ധ്യക്ഷന്മാർ പഠിപ്പിക്കുന്ന സഭാവിഭാഗമാണു്. പഠിപ്പിക്കുന്ന സഭാവിഭാഗത്തിൻെറ പ്രവർത്തനരംഗത്തിൽ പഠിക്കുന്ന സഭാവിഭാഗം കൈയേറം ചെയ്യുമ്പോൾ അധികാരധിക്കാരവും ശീശ്മയും ആവിർഭവിക്കുന്നു. അരിയൂസ്, നെസ്തോറിയസ് മുതലായവർ പ്രബോധകസഭയെ, പഠിപ്പിക്കുന്ന സഭാവിഭാഗത്തെ, യഥാർഹം ആദരിക്കുകയും അനുസരിക്കുകയും ചെയ്യാതിരുന്നതിനാൽ സഭയിൽനിന്നു് നിഷ്കാസിതരായി. സഭയെ അനുസരിക്കാതെ സത്യവിശ്വാസത്തിൽനിന്നു് വ്യതിചലിച്ചവർ ഈ വിധം നിഷ്കാസിതരായതു് റോമാ മെത്രാൻെറ അധികാരഭ്രമംകൊണ്ടല്ല, ക്രിസ്തുനാഥൻ സ്ഥാപിച്ച സഭയുടെ പരമാദ്ധ്യക്ഷൻ റോമാ മെത്രാനായതുകൊണ്ടും തായിത്തടിയിൽനിന്നു മുറിക്കപ്പെട്ട കൊമ്പു് യഥാകാലം ഉണങ്ങിപ്പോകുമെന്നുള്ളതുകൊണ്ടുമത്രെ. അപ്പസ്തോലനായ വി. യാക്കോബിൻെറ ജീവിതകാലത്തുതന്നെ റോമായിലെ ക്ലെമൻറു് പാപ്പാ പത്രോസിൻെറ പിൻഗാമിയെന്ന നിലയിൽ കൊറിന്തിലെ സഭയ്ക്കിങ്ങനെ എഴുതുകയുണ്ടായി: "ദൈവം ഞങ്ങൾ വഴിയായി സംസാരിച്ച കാര്യങ്ങളെ ആരെങ്കിലും അനുസരിക്കാതിരിക്കുന്നുവെങ്കിൽ അവർ നിസ്സാരമല്ലാത്ത ഉല്ലംഘനത്തിലും ആപത്തിലുമാണു് അകപ്പെട്ടിരിക്കുന്നതെന്നു് ബോധിക്കട്ടെ." ഒരു മെത്രാനു് സഭയിലുള്ള അധികാരം എത്രതന്നെ ഉന്നതനും സമർത്ഥനുമായ ഒരു പട്ടക്കാരനുള്ളതിൽനിന്നു വളരെ ഭിന്നമാണു്. മെത്രാൻെറ സ്ഥാനം ദൈവസ്ഥാപിതമാണു്. പാത്രിയർക്കീസിൻെറ സ്ഥാനംപോലെ സഭ വിവിധ ഭൂവിഭാഗങ്ങളിൽ അധികമധികമായി വ്യാപിച്ചതുമൂലം സ്ഥലകാലസംബന്ധിയായ കാരണങ്ങളിൽനിന്നു് രൂപമെടുത്തതല്ല. മററു വൈദികസ്ഥാനികൾക്കുള്ളതിനെക്കാൾ ഉൽകൃഷ്ടതരമാണു് മെത്രാൻെറ സ്ഥാനമെന്നു ത്രെന്തോസു് സൂനഹദോസിൻെറ ഇരുപത്തിമൂന്നാം യോഗത്തിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടു്. മെത്രാന്മാർ ദൈവത്തിൻെറ സഭയെ ഭരിപ്പാൻ പരിശുദ്ധ റൂഹായാൽ പ്രതിഷ്ഠിതരാണെന്നുള്ള ശ്ലീഹായുടെ വാക്യവും സ്മരണീയമാണു്. അപ്പസ്തോലന്മാർക്കുണ്ടായിരുന്ന സ്ഥാനംതന്നെ തുടർന്നു സഭയിൽ യഥാർത്ഥ കൈവെപ്പുമൂലം ഓരോ മെത്രാനും വഹിച്ചുകൊണ്ടിരിക്കുന്നു.

> "വ്യാവസായിക വിപ്ലവത്തിൻെറ ഭീകരവിപത്തിനേയും, തൊഴിലാളിവിഭാഗത്തിനു നേരിട്ട ക്ഷതത്തേയും സമൂലം പൊറുപ്പിക്കുന്നതിനു 13-ാം ലെയോ മാർപ്പാപ്പാ നിശ്ചയിച്ച പ്രതിവിധി സ്വകാര്യഉടമയുടെ നിർമ്മാർജ്ജനമായിരുന്നില്ല. അതു ദുസ്ഥിതിയെ വർദ്ധിപ്പിക്കുകമാത്രമേയുള്ളു. അതുകൊണ്ടു രാജ്യവ്യാപകമായ ഉടമയുടെ വിതരണമാണു അവിടുന്നു നിർദ്ദേശിച്ചതു്."
>
> —ആൻഡ്രൂ ഗോർഡൻ—

മെത്രാൻെറ ഉൽകൃഷ്ടപദവും അധികാരാവകാശങ്ങളും ഒരു മെത്രാനിൽനിന്നു് മെത്രാൻസ്ഥാനനിയുക്തനിലേക്കു്, മെത്രാൻസ്ഥാനാർത്ഥിയിലേക്കു്, കാനോനികമായ കൈവെപ്പും കർമ്മാനുഷ്ഠാനവുംമൂലം പ്രവഹിക്കുന്നു. ഈ പ്രവാഹസമ്പ്രദായം പ്രാരംഭംമുതൽ അപ്പസ്തോലന്മാർ സ്വീകരിച്ചുപോന്നതാണു്. വിദ്യുച്ഛക്തിയുടെ പ്രവാഹത്തിനുള്ള കമ്പി എവിടെയെങ്കിലും മുറിഞ്ഞുവേർപെട്ടാൽ അതിനപ്പുറം ശക്തിവ്യാപിക്കുന്നില്ലെന്നു നാം അറിയുന്നതുപോലെ ഒരു മെത്രാൻെറ മുറപ്രകാരമുള്ള സഹകരണവും പ്രവർത്തനവും കൂടാതെ മെത്രാനാകുവാനോ പട്ടക്കാരനാകുവാനോയുള്ള ശക്തി ഒരുവനും ലഭിക്കുന്നില്ല.

ഈ സത്യങ്ങളെല്ലാം തോമ്മാ അർക്കദിയാക്കോൻ അറിഞ്ഞിരുന്നുവെങ്കിലും കേരളനസ്രാണികൾ, "പൗലീത്തക്കാരെ നാമും നമ്മുടെ അനന്തരവരും കാണുകയില്ല"എന്നു് മട്ടാഞ്ചേരിയിൽക്കൂടി സത്യംചെയ്തതിനെത്തുടർന്നു്, പൗലീസ്റ്റർ അഥവാ ജെസ്വീത്തനായിരുന്ന കൊടുങ്ങല്ലൂരെ ഗാർസ്യാ മെത്രാപ്പോലീത്തായുടെ, കേരളനസ്രാണികളുടെ ധർമ്മാദ്ധ്യക്ഷൻെറ. അധികാരത്തെ തോമ്മാ അർക്കദിയാക്കോൻ ധിക്കരിക്കുകയും തൽസ്ഥാനത്തു് അധികാരത്തിൽ പ്രവേശിക്കുവാൻ, മെത്രാൻപട്ടം കൊടുക്കുന്നതിനുസാഹസിക്കുകയുംചെയ്തു. മെത്രാനാകുവാൻ ഒരാൾ ആഗ്രഹിക്കുന്നതിൽ പാപമില്ലെന്നുവന്നാലും ഒരു സാധാരണ പട്ടക്കാരൻ, ഏതാനും അനുയായികളുടെയും പാർശ്വവർത്തികളുടെയും ആനുകൂല്യവും, അംഗീകാരവുംകൊണ്ടുമാത്രം അവർ എത്ര സ്വാധീനശക്തിയുള്ള പട്ടക്കാരും അൽമായപ്രധാനന്മാരുമായിരുന്നാലും, മെത്രാനാകുക ക്രൈസ്തവസഭാചരിത്രത്തിലെ അത്ഭുതപൂർവ്വസംഭവങ്ങളിൽ പെടുന്നു. ഈ ചിന്ത അർക്കദിയാക്കോനെ മെത്രാനാകുവാനുള്ള ഉദ്യമത്തിൽനിന്നു നിവർത്തിപ്പിച്ചില്ല. മട്ടാഞ്ചേരിയിലെ കൂനൻകുരിശുസത്യം നടന്നതിൻെറശേഷം ഇടപ്പള്ളിയിൽ പട്ടക്കാരുടെയും ജനങ്ങളുടെയും ഒരു യോഗംകൂടി തൻെറ ദുർമ്മോഹത്തിനും ദുരാലോചനയ്ക്കും അദ്ദേഹം മൂർച്ചകൂട്ടി. 1653-ാം കാലം എടവമാസം 22-ാംനു "ത്രിത്വത്തിൻെറ തിരുനാൾ ദിവസം പ്രധാനികളെല്ലാം ആലങ്ങാട്ടുപള്ളിയിൽ എത്തി വേറെ നിർവ്വാഹമില്ലാഞ്ഞതിനാൽ അവുദാലാഹായുടെ അനുവാദപ്രകാരം 12 പട്ടക്കാരുകൂടി ക്രമങ്ങൾനടത്തി തോമ്മാ അർക്കദിയാക്കോനച്ചനെ മുടിവെച്ചു മെത്രാനായി വാഴിച്ചു" എന്നിപ്രകാരമാണു് തോമ്മാ അർക്കദിയാക്കോൻെറ മെത്രാൻമുടിചൂടലിനെപ്പററി ഒരു പുരാതനരേഖയിൽ കാണുന്നതു്. ഒരു മെത്രാനെങ്കിലും മെത്രാൻ പട്ടാഭിഷേകകർമ്മങ്ങളിൽ അവശ്യം സംബന്ധിക്കേണ്ടതുണ്ടെന്നു അർക്കദിയാക്കോനും ഇട്ടിത്തൊമ്മൻ കത്തനാർ ആദിയായ അദ്ദേഹത്തിൻെറ പ്രധാന സഹകാരികൾക്കും അറിയാമായിരുന്നു. അതുകൊണ്ടായിരിക്കണം ഉദ്ധൃതഭാഗത്തിൽ "വേറെ നിർവ്വാഹമില്ലാഞ്ഞതിനാൽ അവുദാലാഹായുടെ അനുവാദപ്രകാരം പന്ത്രണ്ടു പട്ടക്കാരുകൂടി ക്രമങ്ങൾ നടത്തി തോമ്മാ അർക്കദിയാക്കോനച്ചനെ മുടിവെച്ചു മെത്രാനായി വാഴിച്ചു" എന്നു് രേഖപ്പെടുത്തേണ്ടിവന്നതു്. അവുദാലാഹാ അഥവാ അഹത്തള്ളാ കേരളത്തിലേക്കു് നിയുക്തനായ ഒരു കൽദായ മെത്രാനായിരുന്നു. പന്ത്രണ്ടു് പട്ടക്കാർകൂടി നടത്തിയ ക്രമങ്ങൾ "വെറും അക്രമ"മായിരുന്നുവെന്നു് ആർക്കാണറിഞ്ഞുകൂടാത്തതു്. പന്ത്രണ്ടു പട്ടക്കാർ ചേർന്നാൽ മെത്രാനാകുമോ? ആയിരം അമ്പട്ടക്കത്തി ചേർന്നാലും മരം വെട്ടിമുറിക്കാൻ മതിയാകുകയില്ലെന്നുള്ള ചൊല്ലു ഓർമ്മയിൽ വരുന്നു. പന്ത്രണ്ടു പട്ടക്കാർ ചേരുമ്പോൾ ഒരു മെത്രാൻെറ സ്ഥാനവും അധികാരവും ലഭിക്കുമെന്നു വന്നാൽ ഇരുപത്തിനാലു വേണ്ടാ പന്ത്രണ്ടോ ആറോ ശെമ്മാശന്മാർ ചേർന്നാൽ ആർക്കെങ്കിലും കത്തനാർപട്ടം കൊടുക്കാമെന്നും പന്ത്രണ്ടോ ആറോ അൽമായർ ചേർന്നാൽ ഒരാൾക്കു് ശെമ്മാശ് പട്ടം കൊടുക്കാമെന്നും അനുമിക്കുന്നതിൽ അസാംഗത്യമില്ലല്ലോ. "കൈവെപ്പു"മൂലം കൃപാവരവും ആദ്ധ്യാത്മികാനന്തരത്വവും പിൻതുടർച്ചയും ഈവിധം അനധികൃതമായും ധിക്കാരപരമായും താഴെനിന്നു് മുകളിലേക്കൊഴുകുമെന്നുള്ള വ്യാമോഹത്തോടനുബന്ധപ്പെട്ടു് ആലങ്ങാട്ടുപള്ളിയിൽ നടന്ന ആ "അക്രമ"സംഭവം സഭാചരിത്രത്തിൽ ഇണയില്ലാത്തതാണെന്നു് അർക്കദിയാക്കോനും അനുയായികൾക്കും അറിയാമായിരുന്നു. "ഇങ്ങനെ ശമറിയക്കാരായ ജനം ദൈവത്തിൻെറ വചനം സ്വീകരിച്ചുയെന്നു് യരുശലെമിലെ ശ്ലീഹന്മാർ കേട്ടപ്പോൾ അവർ ശെമയോൻ കേപ്പായെയും യോഹന്നാനെയും അവരുടെ അടുക്കൽ അയച്ചു. അവർ ചെന്നു് അവർ പരിശുദ്ധാത്മാവിനെ പ്രാപിക്കേണ്ടുന്നതിനു് അവർക്കുവേണ്ടി പ്രാർത്ഥിച്ചു ഇങ്ങനെ ശ്ലീഹന്മാരുടെ കൈവെപ്പുമൂലം പരിശുദ്ധാത്മാവു് നൽകപ്പെട്ടു." ഇപ്രകാരമുള്ള അപ്പസ്തോലനടപടികളിലെ വാക്യങ്ങളുടെ സൂചനയും അവർക്കറിയാമായിരുന്നു. "അഗ്നിനാവുകളാൽ ശ്ലീഹന്മാരെ ജ്ഞാനികളാക്കിത്തീർത്ത ദൈവമേ, നിൻെറ റൂഹായ്ക്കുവേണ്ടി നോക്കിപ്പാർക്കുന്ന ഈ ദാസനെ നിൻെറ നൽവരത്താൽ ശുദ്ധീകരിക്കേണമെ നിൻെറ റൂഹായാൽ ഇവൻ ശുദ്ധീകരിക്കപ്പെട്ടവനാകണമെ" എന്നീ പ്രാർത്ഥന മെത്രാഭിഷേകകർമ്മങ്ങൾക്കിടയിൽ ഉച്ചരിക്കേണ്ടതു് പന്ത്രണ്ടു കത്തനാരോ അൽമായരോ അല്ലെന്നും, തോമ്മാ അർക്കദിയാക്കോനു് നിശ്ചയമുണ്ടായിരുന്നു. എന്നിട്ടും സാക്ഷാൽ "കൈവെപ്പി"ല്ലാത്ത ഒരു കൈവെപ്പിനു അദ്ദേഹം തലകുനിച്ചതും, മെത്രാനെന്നു് സ്വയം അഭിമാനിച്ചതും, മെത്രാൻ സ്ഥാനത്തിനടുത്ത ചുമതലകൾ, പട്ടംകൊട, സൈത്തു് കൂദാശ ഇത്യാദി നിർവ്വഹിച്ചതും വമ്പിച്ച രീതിയിലുള്ള തെററായിരുന്നുവെന്നു പറയാതെ നിവൃത്തിയില്ല.

തോമ്മാ അർക്കദിയാക്കോൻെറ മെത്രാൻ പട്ടാഭിനയം നടന്നിട്ടു് ശതാബ്ദങ്ങൾ മൂന്നു കഴിഞ്ഞു. ആ വേഷംകെട്ടലിന്നാധാരമായ താത്വികാബദ്ധവും അതിനെത്തുടർന്നു സമുദായമദ്ധ്യേ ഉണ്ടായ പിളർപ്പും അല്ലായിരുന്നുവെങ്കിൽ അതു് വിസ്മൃതികോടിയിൽ തള്ളേണ്ടതായിരുന്നേനെ. പുത്തൻകൂറു് ശീശ്മ ഇവിടെ ആവിർഭവിച്ചതിനു് മട്ടാഞ്ചേരിയിലെ കൂനൻകുരിശുസത്യത്തിലധികം കാരണംനൽകിയതു ആലങ്ങാട്ടെ മെത്രാൻപട്ടം കെട്ടലായിരുന്നു. കൂനൻകുരിശുസത്യത്തിൽ കത്തോലിക്കാസഭയോടുള്ള ഐക്യവും വിധേയത്വവും ഉപേക്ഷിക്കാതെതന്നെ ഒരു വിശ്വാസിക്കു സഹകരിക്കാമായിരുന്നു. ഒരു പ്രത്യേക മിഷനറി സംഘത്തോടൊ സന്യാസസഭയോടൊ വിപ്രതിപത്തി പ്രദർശിപ്പിക്കുന്നവർ സഹോദരബുദ്ധിക്കും പരസ്നേഹത്തിനും എതിരായി പാപംചെയ്യുന്നുവെന്നു വന്നേക്കാം. എന്നാൽ നാമമാത്രനായ ഒരു മെത്രാനു് കീഴ്പ്പെടുകയും ധർമ്മാദ്ധ്യക്ഷനായ മെത്രാനെ ധിക്കരിക്കുകയും ചെയ്യുന്നതു് ഏതൊരാളെയും സഭാഗാത്രത്തിൽനിന്നു് വേർപെടുത്തുന്ന ദുഷ്കൃത്യമാണു്. സാർവ്വത്രികസഭയുടെ അദ്ധ്യക്ഷനായ റോമാ പാപ്പായുടെ അധികാരത്തിൽനിന്നും, തന്മൂലം അപ്പസ്തോലപ്രഭുവിനോടുള്ള ബന്ധത്തിൽനിന്നും അന്യമായ ഒരു സഭയുടെ അദ്ധ്യക്ഷനായി സ്വയം പ്രഖ്യാപിച്ചുകൊണ്ടു് ഒരിക്കലും സാധൂകരിക്കാൻ പാടില്ലാതിരുന്ന ഒരു മാർഗ്ഗത്തിൽക്കൂടെയാണു് തോമ്മാ അർക്കദിയാക്കോൻ സഞ്ചാരം തുടങ്ങിയതു്. ഈ മാർഗ്ഗത്തിലേക്കു് അദ്ദേഹം ആയിരക്കണക്കിനു് അനുയായികളെ സമ്പാദിക്കുകയുംചെയ്തു. ആ ആയിരങ്ങൾ ഇന്നു് ലക്ഷങ്ങളായി വർദ്ധിച്ചിട്ടുണ്ടു്. അർക്കദിയാക്കോൻ പ്രകടിപ്പിച്ച വിയോജനാസക്തിയും അധികാരധിക്കാരവും മുന്നൂറു സംവത്സരങ്ങൾ കഴിഞ്ഞിട്ടും പണ്ടെങ്ങുമുണ്ടായിട്ടില്ലാത്തവിധം അവജ്ഞയോടും ഔദ്ധത്യത്തോടുംകൂടി നിലനില്ക്കുകയുംചെയ്യുന്നു. പാപ്പായെ ധിക്കരിച്ചവരുടെ സന്തതികൾ പിന്നൊരിക്കൽ ഒരു പാത്രിയർക്കീസിനെ ശരണീകരിച്ചുവെങ്കിലും അവരുടെ സന്തതികൾ പാത്രിയർക്കീസിനെയും പാപ്പായെയും ഒരുപോലെ ധിക്കരിക്കുന്നവരായി കാലാന്തരത്തിൽ പ്രത്യക്ഷപ്പെട്ടു. ധിക്കാരച്ചെടി യാതൊരമാന്തവും കൂടാതെ ഫലം പുറപ്പെടുവിച്ചു കൊണ്ടിരിക്കുന്നു. കേരളത്തിലെ അകത്തോലിക്കാസഭാവിഭാഗങ്ങളിൽ മേലധികാരികളെ അവഗണിക്കുകയും ധിക്കരിക്കുകയും ചെയ്യുന്ന മേല്പട്ട


## ദൈവം വിളിക്കുന്നു

കർമ്മലീത്താ സഭയിൽ, ദൈവമാതാപ്രവിശ്യയിൽ ചേർന്നു് പ്രാർത്ഥനാജീവിതത്തിനും, ഭാരതമിഷനും ആത്മാർപ്പണം ചെയ്യുന്നതിനു് ധീരതയുള്ള യുവാക്കന്മാർ താഴെ കൊടുത്തിരിക്കുന്നമേൽവിലാസത്തിൽ അപേക്ഷിക്കട്ടെ.

N. B. സന്യാസ വൈദികാർത്ഥികളിൽ Intermediate പാസ്സായവർക്കും, സന്യാസസഹോദരാർത്ഥികളിൽ പത്താംക്ലാസ്സുവരെ പഠിച്ചവർക്കും മുൻഗണന നൽകുന്നതാണു്.

Fr. Provincial
'Devamatha' Provincial House
Trichur

# മരിയവത്സരമഞ്ജരി

## സൂനം 1

മരിയഭക്തർക്കു ജപമാല ഒരു പൂമാലയാണ്. അനുദിനം അതു അമ്മയുടെ കഴുത്തിൽ ചാർത്തുന്നതു മക്കളുടെ ആനന്ദമത്രെ. പൂമാല പൂർണ്ണമാകണമെങ്കിൽ അതിൻെറ അററത്തൊരു പൂമഞ്ജരികൂടി തൊടുത്തിടണം. മാലയ്ക്കതു വളരെ ഭംഗികൂട്ടും. ജപമാലയ്ക്കുമുണ്ടതുപോലൊരു ജപമഞ്ജരി, മറിയത്തിൻെറ ലുത്തനിയാ. അമ്മയുടെ അപദാനകീർത്തനങ്ങളുടെ ഒരു മനോഹരമഞ്ജരി. അതുകൊണ്ടാണ് ജപ



മാല പൂർണ്ണമാകുന്നതു്, മനോഹരമാകുന്നതു്. ഈ മരിയവത്സരത്തിൽ ആ ഓരോ അപദാനസൂമത്തെപ്പററിയും അല്പം ഉപന്യസിക്കുന്നതിനാണ് ഈ "മരിയവത്സരമഞ്ജരി"കൊണ്ടുദ്ദേശിക്കുന്നതു്.

മദ്ധ്യശതകങ്ങളിൽ മറിയത്തിൻെറ മഹിമാവിനെ കീർത്തിക്കുന്ന പല പല ലുത്തനിയകൾ ഉപയോഗിക്കപ്പെട്ടുപോന്നു. അവയിൽ ഏററം മനോഹരമായതും തിരുസഭയുടെ ഔദ്യോഗികമായ അംഗീകാരം സിദ്ധിച്ചതും ലൊരേത്തിലെ ലുത്തനിയാ എന്നറിയപ്പെടുന്ന നിലവിലുള്ള ലുത്തനിയാ ആണ്. മാതാവിൻെറ പുണ്യതീർത്ഥമായ ലൊരേത്തു് എന്ന സ്ഥലത്തു അതു ഭക്ത്യാദരപൂർവ്വം ഉപയോഗിക്കപ്പെട്ടുപോന്നതുകൊണ്ടാണ് അതിനു ആ പേരു സിദ്ധിച്ചതു്. 1587-ൽ അഞ്ചാം സ്ക്സ്ടസ് മാർപ്പാപ്പാ ഔദ്യോഗികമായി അതിനെ അംഗീകരിക്കുകയും മററുള്ളതൊന്നും പൊതുപ്രാർത്ഥനയ്ക്കായി ഉപയോഗിക്കരുതെന്നു ആജ്ഞാപിക്കുകയും ചെയ്തു. അതിൽ കീർത്തിക്കപ്പെടുന്ന 49 അപദാനങ്ങളിൽ മറിയത്തിൻെറ അമൂല്യങ്ങളായ ഗുണഗണങ്ങളും മനോഹരങ്ങളായ മഹിമപ്രതാപങ്ങളും സഞ്ചയിച്ചിരിക്കുന്നു.

### പരിശുദ്ധി

ഏതൊരു ക്രിസ്ത്യാനിയുടേയും ഒന്നാമത്തെകടമ ആത്മീയപരിശുദ്ധിനേടുകയാണ്. അതുകൂടാതെ നിത്യരക്ഷ പ്രാപിക്കുക സാദ്ധ്യമല്ല. പരിശുദ്ധിയിൽ നിരവധി നിലകളുണ്ടു്. എത്രവേണമെങ്കിലും അതിൽ ഒരാത്മാവിനു ഉയരാം. "എൻെറ സ്വർഗ്ഗീയപിതാവു് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" ഇതാണ് പരിപൂർണ്ണതാസോപാനത്തിൻെറ പാരമ്യം ക്രിസ്തീയപരിശുദ്ധിയുടെ പിള്ളത്തൊട്ടിയാണ് ജ്ഞാ

നസ്നാനം. അവിടെ ലഭ്യമാകുന്ന പരിശുദ്ധിയെ സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യണമെന്നാണ് ദൈവം ഓരോരുത്തരോടും ആവശ്യപ്പെടുന്നതു്. ജ്ഞാനസ്നാനംവഴി നാം ക്രിസ്തുവിലേക്കു രൂപാന്തരം പ്രാപിച്ചിരിക്കുന്നു എന്നാണ് വി. പൗലോസു പ്രസ്താവിക്കുന്നതു്. വി. പത്രോസു് പറയുന്നു, ഒരു ക്രിസ്ത്യാനി ദിവ്യത്വത്തിൽ— ദൈവസ്വഭാവത്തിൽ— ഭാഗഭാക്കാക്കപ്പെട്ടിരിക്കുന്നു എന്നു്. വി. യോഹന്നാൻ പ്രസ്താവിക്കുകയാണ്, നാം ദൈവത്തിൻെറ മക്കളാണെന്നു്. ഇതിൻെറ എല്ലാം അർത്ഥം നാം ജ്ഞാനസ്നാനത്താൽ ഒരു പുതിയ ജീവിതത്തിലേക്കു്—ക്രിസ്തു നമ്മിലും നാം ക്രിസ്തുവിലും ജീവിക്കുന്ന ദിവ്യമണ്ഡലത്തിലേക്കു — ഉയർത്തപ്പെട്ടിരിക്കുന്നു എന്നാണ്. ഈ ജീവിതസ്ഥിതിയാണ് ഒരു ക്രിസ്ത്യാനിയുടെ നിധി. അതിൽ നാം പരിശുദ്ധരാകുന്നു. അനുദിനം കൂടുതൽ പരിശുദ്ധരാകുവാൻ ബാദ്ധ്യസ്ഥരുമാകുന്നു.

### പരിശുദ്ധമറിയം

പരമപരിശുദ്ധതയാകുന്ന ദൈവത്തിൻെറ അമ്മയാണ് മറിയം. നന്മനിറഞ്ഞവളെന്നാണ് മാലാഖാ അവളെ അഭിസംബോധന ചെയ്തതു്. അവൾ സകല പരിശുദ്ധന്മാരുടേയും രാജ്ഞിയാണ്, അതുകൊണ്ടു മറിയത്തിൻെറ ജീവിതപരിശുദ്ധി ഒരു മനുഷ്യവ്യക്തിക്കു പ്രാപ്യമാകുന്നതിൻെറ പരമാവധിയാണ്. നാമവളുടെ മക്കളാണ്. മക്കൾ എത്ര കൂടുതലായി അമ്മയ്ക്കനുരൂപരാകുമോ മാതൃഹൃദയം അത്രയ്ക്കു സ്നേഹനിർഭരമാകുകതന്നെ ചെയ്യും. അതാണവളുടെ വ്യാമോഹം നാം പരിശുദ്ധരാകുന്നതിനു മറിയം അത്യധികം അഭിലഷിക്കുന്നു. അതുകൊണ്ടു നമുക്കു പ്രാർത്ഥിക്കാം:-

**പരിശുദ്ധമറിയമേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്ക**

—o—

**ദന്താശുപത്രി**

തൃശ്ശൂർ പോസ്റ്റാഫീസ് റോഡിൽ ബെസ്റ്റാൻറിനു സമീപം തെക്കുവശത്തുള്ള കെട്ടിടത്തിൽ (മദ്രാസ് കേഫിനു് മുകളിൽ) ദന്തഡോക്ടർ

എ. എ. ജെയിംസ്

### കുട്ടികളുടെ പ്രാർത്ഥനാദിനം

സമാധാനത്തിനുവേണ്ടി ലോകമാസകലമുള്ള ലക്ഷക്കണക്കിനു കുട്ടികൾ ബാലദിനമായ 27-ാം തിയതി പൊതുപ്രാർത്ഥന നടത്തുകയുണ്ടായി. ആയിരക്കണക്കിനു പള്ളികളിൽ അവർ പ്രാർത്ഥന നടത്തി മാർപ്പാപ്പാ തിരുമേനി തന്നെയാണ് പ്രസ്തുത പ്രാർത്ഥന തയ്യാറാക്കിയതും, ലോകസമാധാനാർത്ഥം ഇന്നു കുട്ടികളുടെ പ്രാർത്ഥനാദിനമായി നിശ്ചയിച്ചതും.

റോമിൽ മേരിമേജർ ബസിലിക്കായിൽ 30,000 കുട്ടികൾ ചേർന്നു പ്രാർത്ഥന നടത്തി. അതേസമയം ഇററലിയിലെ വിവിധ വിദ്യാലയങ്ങളിലും വിദ്യാർത്ഥികൾ പ്രത്യേക പ്രാർത്ഥനകൾ നടത്തുകയുണ്ടായി.

---

കാരും മേല്പട്ടക്കാരോടുള്ള പെരുമാററത്തിൽ ഒരേ നാണയങ്ങൾ തന്നെ ഉപയോഗിക്കുന്ന പട്ടക്കാരും ഇന്നും വിരളമല്ല. ഇവക്കെല്ലാം മാതൃക നൽകിയതു് നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം തോമ്മാ അർക്കദിയാക്കോനത്രെ. അതുകൊണ്ടുമാത്രമാണ് "ആകുറവിലങ്ങാട്ടുകാരനു് തെററുപററി"യെന്നു് മുകളിൽ പ്രതിപാദിച്ചതു്.

# നമ്മുടെ പ്രാർത്ഥനാഗീതങ്ങൾ

(മിസ്സ് ലീലാമ്മ മാത്യു)

നവീനരീതിയിൽ പാട്ടു രചിക്കുന്നതിൽ ഇന്നു പലരുടേയും ശ്രദ്ധ തിരിഞ്ഞിരിക്കുകയാണ്. അതിനു കിട്ടുന്ന ട്യൂൺ മുക്കാലേമുണ്ടാണിയും ഇന്നത്തെ സിനിമാകളിൽനിന്നുമാണ്. അവ പാടുന്നതിനും ശ്രവിക്കുന്നതിനും ഔത്സുക്യം പ്രദർശിപ്പിക്കുക സ്വാഭാവികവുമാണല്ലോ. നമ്മുടെ പ്രാർത്ഥനാഗീതങ്ങൾ ഇതുപോലുള്ള രീതികളിലാക്കി ദേവാലയത്തിലും മററും പാടുന്നതിലുള്ള വൈകല്യങ്ങളെപ്പററി അല്പമൊന്നു പറയാമെന്നു വിചാരിക്കുന്നു.

ഇതേ വിഷയത്തെ ആസ്പദമാക്കി സത്യദീപത്തിൽത്തന്നെ ചില ലേഖനങ്ങൾ കണ്ടതായി ഓർക്കുന്നുണ്ടു്. അന്നുകണ്ട ആ ആശയം ഹൃദിസ്ഥമാക്കി അനുവർത്തിക്കാനുള്ള വൈഷമ്യംകൊണ്ടോ എന്തോ, അതിനെ തീരെ അവഗണിച്ചു പഴയ മനോഭാവം മിക്കവരുംതന്നെ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഏതായാലും അതേപ്പററി അല്പമൊന്നു ചിന്തിക്കാം.

"പാട്ടുംപൂമാൻ ഇരുമടങ്ങു ജപിക്കയത്രെ" എന്നാണല്ലോ ആപ്തവാക്യം. തന്നെയുമല്ല പാട്ടു് അഥവാ ഗീതം ഏതൊരു കഠിനഹൃദയനെപ്പോലും ആകർഷിക്കുവാനും, ആനന്ദിപ്പിക്കുവാനും, അലിയിപ്പിക്കാനും കഴിവുള്ളതാണ്. ഓരോരുത്തരേയും ആകർഷിക്കുന്നതു് രാഗത്തിൻെറ വിശേഷത, വാക്കുകളുടെ തെളിവു്, സ്വരത്തിൻെറ മാധുര്യം, ഉച്ചാരണത്തിലുള്ള വൈശിഷ്ട്യം ഇവയെല്ലാമാണ്. അല്ലാതെ ചടപട, ചടപട എന്നു തുരുതുരെ പാറിപ്പാടിയതുകൊണ്ടോ, ആളിൻെറ ആകർഷണീയതകൊണ്ടോ അല്ല. ഗീതങ്ങൾ ഓരോ രംഗത്തും, ഓരോ രീതിയിൽ അഥവാ

രാഗത്തിൽ വേണം ആലപിക്കുവാൻ. യുദ്ധരംഗത്തു് ആവേശം കൊടുക്കുന്ന രീതിയിലായിരിക്കണം. അല്ലാതെ ശോകരസത്തിലോ, നൃത്തരീതിയിലോ, ഓട്ടംതുള്ളലിലോ ആയിരിക്കരുതു്. അതുപോലെതന്നെ കല്യാണവേളയിൽ ശോകഗീതവും, മരണവേളയിൽ സന്തോഷഗീതവും ആരും പാടാറില്ലതന്നെ. ഇവയെല്ലാററിനെക്കാൾ എത്രയോ കരുതലോടും വിവേകത്തോടുംകൂടിവേണം ദേവാലയത്തിലെ പാട്ടുകൾ പാടു

---

മിഷ്യൻ രാജ്ഞിയുടെ (Queen of the Missions Berhampur Gen am. Dr ) സഹായത്താൽ സിദ്ധിച്ച അനുഗ്രഹങ്ങൾക്കായി കൃതജ്ഞത.

A. V. Joseph
Pothanikead

---

വാൻ. അവിടെ നൃത്തരീതിയോ, ഓട്ടംതുള്ളൽ രീതിയോ പാടുവാൻ തയാറാകുന്നതു് ദേവാലയത്തെപ്പററിയുള്ള ചിന്തയില്ലായ്മയാണെന്നാണ് എനിക്കു തോന്നുന്നതു്. ഈ അടുത്തൊരു ദിവസം, അടുത്തൊരു പള്ളിയിൽ ആരാധനയ്ക്കു പോയപ്പോൾ അവിടെ നടന്ന സംഭവം എന്നെ വല്ലാതെ വേദനിപ്പിച്ചു ഒരു യുവതി "എൻകവളെകണ്ണാടി, എനക്കൊന്നെ സന്തോഷം. ചുററിവരുമോ പിൻകാലെ തൊട്ടവോം" എന്ന രീതിയിൽ ഒരു പാട്ടുപാടി. ഡാൻസറിയാമായിരുന്ന വേറൊരു യുവതി അവളറിയാതെതന്നെ ആവേശംകൊണ്ടു് നൃത്തത്തിൻെറ ചില ഭാവങ്ങൾ കാട്ടി. ചിന്തിക്കുക, പ്രാർത്ഥനസ്ഥലത്തെ പേക്കൂത്തുകൾ!

പുതിയ രീതിയിൽ പാടിയില്ലെങ്കിൽ അതൊരു ഫാഷനല്ലെന്നാണ് ഇന്നത്തെ വയ്പു്. ഫാഷൻ മൂത്തുമൂത്തു് "ചക്കമു-ളകുതിപ്പുല്ലി" എന്ന മട്ടായിട്ടുണ്ടു്. വാക്കു വേർത്തുപറഞ്ഞാൽ രീതി മാറിപ്പോകുമത്രെ. രീതി മാറിയാൽ രസിക്കയില്ലപോലും! ചുരുക്കിപ്പറഞ്ഞാൽ മതിയല്ലൊ. എനിക്കെല്ലാപ്പാട്ടുമറിയാം; ഞങ്ങളെക്കഴിഞ്ഞിട്ടു വേറെയാരുമില്ല; ബെതലടിക്കാൻ തയാറുള്ളവർ വരട്ടെ എന്നൊക്കെയാണ് ആരാധനയ്ക്കു ചെല്ലുന്നവരോടു് അവരുടെ മൂകമായ വെല്ലുവിളി. എന്തിനിങ്ങനെ പാടുന്നു! എന്തിനിങ്ങനത്തെ പേക്കൂത്തുകൾ കാട്ടുന്നു! ഇതു യുവതികളുടെയിടയിൽ തന്നെയല്ല പടർന്നിരിക്കുന്നതു്.........

ആരാധിക്കുവാൻ ചെല്ലുന്ന ഒരു വിശ്വാസി ഒന്നുകിൽ പാപി; അല്ലെങ്കിൽ നീതിമാൻ. ഇതുമല്ലെങ്കിൽ ഒരു തണുത്തവൻ. ഇവക്കു് ഈ രീതിയിലുള്ള പാട്ടുകൊണ്ടു് എന്തു പ്രയോജനം കിട്ടുമെന്നാണ് ഞാൻ ചോദിക്കുന്നതു്. ഒരു പാപിയെ മനസ്സുതിരിക്കാൻ, മന്ദനെ എരിവുള്ളവനാക്കാൻ, നീതിമാനെ കൂടുതൽ ശുദ്ധീകരിക്കാൻ ഗീതങ്ങൾക്കു കഴിയുമെങ്കിൽ മേല്പറഞ്ഞ രീതിയിലുള്ളതും, അർത്ഥവ്യാപ്തിയില്ലാത്തതും, മനസ്സിലാക്കാൻ സാധിക്കാത്ത ഉച്ചാരണത്തിലുള്ളതുമായാൽ എന്തു പ്രയോജനം?

ഞാനിത്രയും പറഞ്ഞതിൽനിന്നു് പഴയ "സ്തോത്രംപാടാം രക്ഷകനു" എന്ന രീതിയിലായിരിക്കണം പാട്ടുകളെല്ലാമെന്നു ആരും വിചാരിക്കരുതു്. ഉദാഹരണത്തിനു് ഒരു പാപിയെ മനസ്സുതിരിപ്പിക്കണമെന്നു വിചാരിക്കുക.

"പാപിയെ നീ, പാക്കപരനെ, ക്രൂശതിൽ"
"കാൽവരിഗിരിയിലൊന്നു നോക്കു സോദരാ"

ഇതുപോലെയുള്ള ഗാനങ്ങൾ വാക്കുകൾ തിരിച്ചും ഹൃദയാവർജ്ജകമായ രീതിയിലും പാടിയാൽ അവൻെറ മനസ്സിനെ ഇളക്കാൻ സാധിക്കും. അല്ലാതെ "ആടാം, പാടാം, സിന്ദുകൾ പാടാം, മഹിളകളെ നിങ്ങൾ പിന്നിലായി" എന്ന രീതിയിൽ പാടിയാൽ ഫലിക്കയില്ല.

പ്രാർത്ഥന എന്നു പറയുന്നതു ദൈവവു- മനുഷ്യനുമായുള്ള സംഭാഷണമാണ്. അതിനു പുതിയ ശൈലികളൊന്നുമാവശ്യമില്ല. സാഹിത്യവും അതുപോലെതന്നെ. നിന്നെക്കാൾ നിൻെറ ഉള്ളിലുള്ളതും പുറമെയുള്ളതും അറിഞ്ഞുകൊണ്ടിരിക്കുന്ന ദൈവത്തിനു് പുതിയ ശൈലികളും സാഹിത്യവും ആവശ്യമില്ലെന്നാണ് എനിക്കു തോന്നുന്നതു്. ഭക്തി, അതാണാവശ്യം. ഭക്തിജന്യമായ ഗീതങ്ങൾ നമ്മുടെ മതകർമ്മങ്ങൾക്കു അലങ്കാരമായിരിക്കട്ടെ.

—o—

ആദ്ധ്യാത്മികവീഥി 26

# ബോധയടക്കം

ദൈവത്തിൻെറ വത്സലമക്കളേ,

പ്രാർത്ഥനയുടെ സാരാംശം നമ്മുടെ ബോധത്തെ ദൈവത്തിൻ പക്കലേക്കു ഉയർത്തുന്നതിലാണ് അടങ്ങിയിരിക്കുന്നതെന്നു പറഞ്ഞല്ലോ. അതിനാൽ പ്രാർത്ഥനയ്ക്കുള്ള ഒരുക്കമായി ആദ്യംതന്നെ ബോധത്തെ നമ്മുടെ നിയന്ത്രണത്തിൽ കൊണ്ടുവരണം. അത്ര എളുപ്പമുള്ള കാര്യമല്ല.

ഒരിക്കലും ഒരിടത്തു അടങ്ങിയിരിക്കാതെ, അവിടവിടെ ഓടിനടന്നു് എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കണമെന്നു നിർബന്ധമുള്ള ചില പ്രസരിപ്പുള്ള കുട്ടികളെ നാം കാണാറുണ്ടല്ലോ. നമ്മുടെ ബോധം ഏറെക്കുറെ ആ തരത്തിൽ പെട്ടതാണ്. അതെപ്പോഴും എന്തെങ്കിലും ചലിച്ചുകൊണ്ടിരിക്കും അപ്പഴപ്പോൾ പഞ്ചേന്ദ്രിയങ്ങൾക്കു ഗോചരീഭവിക്കുന്ന സംഗതികളും അവയോടുബന്ധിച്ചു് ഓർമ്മയിൽ വരുന്ന കാര്യങ്ങളും ഔദ്യോഗികമായും അല്ലാതെയും നാം ഏർപ്പെട്ടിരിക്കുന്ന ജോലികളും എല്ലാം ബോധത്തെ പലവഴിക്കു തിരിച്ചുകൊണ്ടുപോകാൻ സഹായിക്കുന്നുണ്ടു്.

ഒരിക്കൽ ഒരാൾ പ്രാർത്ഥനയ്ക്കായി മുട്ടുകുത്തി "നന്മനിറഞ്ഞ മറിയമേ" എന്നു് ചൊല്ലിത്തുടങ്ങിയപ്പോഴാണ് കുറെ അകലെയായി കുറുക്കൻ കൂവുന്ന ശബ്ദം കേട്ടതു്. ഉടനെ, സാധാരണ കൂട്ടിൽ കയറാത്ത ഒരു കോഴിയുടെ

കാര്യം ഓർമ്മവന്നു മററു സംഗതികളെല്ലാം മറന്നു. പെട്ടെന്നു വേലക്കാരത്തിയോടു് വിളിച്ചുചോദിക്കുകയായി "കോഴിയെ പിടിച്ചിട്ടോടീ" എന്നു്. ഈ അനാചാരത്തിനെല്ലാം കാരണം ബോധത്തിൻെറ അപഥസഞ്ചാരമാണല്ലോ

കോഴിയെ പിടിച്ചിടലും മററും മുൻകൂട്ടി കഴിച്ചുവച്ചിരുന്നെങ്കിൽ കുറുക്കൻ കൂവുന്നതു കേട്ടാലും കോഴിയെക്കുറിച്ചുള്ള ആകുലചിന്തയ്ക്കോ ആ ചോദ്യത്തിനോ ഇടവരുകയില്ലായിരുന്നു. അതിനാൽ പ്രാർത്ഥിക്കാൻ തുടങ്ങുന്നതിനു മുൻപുതന്നെ, അതായതു് നിശ്ചിതപ്രാർത്ഥനാസമയത്തിനു മുൻപുതന്നെ, അത്യാവശ്യമുള്ള ജോലികളെല്ലാം ചെയ്തുതീർക്കുന്നതിനു ശ്രദ്ധിക്കണം.

പിന്നീടു് അല്പസമയം ദൈവസാന്നിദ്ധ്യത്തെക്കുറിച്ചു ചിന്തിച്ചതിനുശേഷം വേണം പ്രാർത്ഥന ആരംഭിക്കുവാൻ. അങ്ങനെ ഒരേകാഗ്രചിത്തതയുളവാക്കാൻ ശ്രമിക്കാതിരുന്നാൽ ആദ്യന്തം പല വിചാരങ്ങൾ അലട്ടിക്കൊണ്ടിരിക്കാനിടയുണ്ടു് പ്രാർത്ഥനാസമയം കണ്ണടച്ചുകൊണ്ടിരിക്കയോ, അല്ലെങ്കിൽ വല്ല പുണ്യാത്മാക്കളുടെയോ മറേറാ രൂപത്തിന്മേൽ ദൃഷ്ടിയുറപ്പിക്കുകയോ ചെയ്യുന്നതു ഏകാഗ്രതകൊടുക്കുന്നതിനു സഹായകമായിരിക്കും.

ശേഷം അടുത്തതിൽ
പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്

—o—

### റെഡ് ക്രോസ് ചെയർമൻ

റെഡ്ക്രോസ് സംഘടനയുടെ ചെയർമനായി സ്വീഡൻകാരനായ മി. എമിൻസാൻഡ്സ്ട്രോം വീണ്ടും രണ്ടു കൊല്ലത്തേക്കു തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. 1950 മുതൽ തുടർച്ചയായി അദ്ദേഹമാണു ചെയർമൻ. രാജകുമാരി അമൃത്കൗർ(ഇന്ത്യ) പ്രിൻസ് ഫ്രെഡറിക് സൊറോഡ് (ബെൽജിയം) ജയിംസ് നിക്കൽസൺ (അമേരിക്ക) പ്രൊ. പക്കോവു് (റഷ്യ) എ. കച്ചാനോ (മെക്സിക്കൊ) എന്നിവരാണു പുതിയ വൈസ് ചെയർമൻമാർ.

വിമർശനവീഥി

# കമ്മ്യൂണിസ്ററുകൾ തിരുത്തി എഴുതുന്ന ക്രിസ്തുവിന്റെ ജീവചരിത്രം

ക്രിസ്തുമതവും കമ്മ്യൂണിസവും തമ്മിൽ പരിപൂർണ്ണമായ പൊരുത്തമുണ്ടെന്നു കാണിക്കാൻ കമ്മ്യൂണിസ്റ്റുകൾ പല അടവുകളും പ്രയോഗിക്കാറുണ്ട്. സോവ്യററു യൂണിയന്റെ കീഴിൽ അമർത്തിവച്ചിട്ടുള്ള രാജ്യങ്ങളിലെ അല്പജ്ഞരായ ക്രിസ്ത്യാനികളെ കബളിപ്പിക്കാനാണ് ഈ അടവുകൾ. ക്രിസ്തുവിന്റെ ജീവചരിത്രം അടങ്ങിയിരിക്കുന്ന സുവിശേഷഗ്രന്ഥങ്ങൾ തിരുത്തിയെഴുതുക ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന അവരുടെ ഒരു പുതിയ അടവാണ്. പ്രധാനമന്ത്രി മലങ്കോവിന്റെ കീഴിലുള്ള മോസ്കോയിലെ പുതിയ ഗവമ്മെൻറ് ക്രിസ്തീയ വിശ്വാസത്തെ പരസ്യമായി അവഹേളിക്കുന്നതിനു പകരം വേറൊരു തന്ത്രമാണ് ഉപയോഗിക്കുന്നതു്. ക്രിസ്തുവിനെ കമ്മ്യൂണിസത്തിന്റെ മിത്രമായി ചിത്രീകരിച്ചുകൊണ്ടു് സുവിശേഷങ്ങൾ തിരുത്തിയെഴുതി കത്തോലിക്കർക്കും മററു ക്രിസ്ത്യാനികൾക്കും അവർ നൽകിക്കൊണ്ടിരിക്കുന്നു. റഷ്യൻ ഓത്തഡോക്സ് (ശിസ്മ) സഭയിലെ ഉന്നത സ്ഥാനിയായ നിക്കോളായി മെത്രാപ്പോലീത്തായുടെ സമത്ഥമായ കരം ഈ പുതിയ സോവ്യററുതന്ത്രത്തിൽ കാണുന്നുണ്ട്. വളരെയധികം കമ്മ്യൂണിസ്റ്റനുഭാവമുള്ള ഈ വൈദികവര്യൻ സോവ്യററുഗവമ്മെൻറിന്റെ മതവിരുദ്ധനയത്തിനു് രൂപം കൊടുക്കുന്നതിൽ ശക്തിയായ സ്വാധീനം വളരെ നാളായി ചെലുത്തിക്കൊണ്ടിരിക്കുകയാണ്. സുവിശേഷഗ്രന്ഥങ്ങളെ കമ്മ്യൂണിസ്റ്റ് പ്രചാരണത്തിനുള്ള ആയുധമാക്കാൻ നടത്തുന്ന ഈ പുതിയ പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങളിൽ ക്രിസ്ത്യാനികൾ മാത്രമല്ല, ബുദ്ധമതക്കാരും മററു പല മതക്കാരും ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട്. മോസ്കോയുടെ ഈ പുതിയ ക്രിസ്തുമതവിരുദ്ധതന്ത്രത്തിന്റെ ഏററവും പ്രത്യക്ഷമായ ഒരു ദൃഷ്ടാന്തം ഇൻഡോചൈനായിലെ വിയററ്നാം സംസ്ഥാനത്തിൽ പ്രസിദ്ധപ്പെടുത്തുന്ന ഒരു പത്രത്തിന്റെ അടുത്തു കഴിഞ്ഞ ലക്കത്തിൽ കാണാം. വിയററ്നാമിലെ ജനങ്ങളിലധികവും ബുദ്ധമതക്കാരാണ്. അവിടെ കത്തോലിക്കർ 20 ലക്ഷത്തിൽ താഴെയേയുള്ളു. ആ രാജ്യത്തു് കമ്മ്യൂണിസ്റ്റാക്രമണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന പാർട്ടിയാണല്ലോ വിയററ്മിൻ. അവരുടെ പ്രചാരകന്മാർ ഒരു പത്രത്തിൽ പ്രസിദ്ധം ചെയ്ത ക്രിസ്തുചരിത്രം ഇപ്രകാരമാണ്.

### ക്രിസ്തുവിനെ കമ്മ്യൂണിസ്റ്റാക്കുന്നു!

"1953 കൊല്ലങ്ങൾക്കു മുമ്പ് ജീസസ് എന്നു പേരുള്ള ഒരു ശിശു ജനിച്ചു. ആ ശിശു സാധാരണക്കാരായ ജനങ്ങളുടെ ഗണത്തിൽപെട്ടതായിരുന്നു ബൈബിളിൽ പറയുന്നതനുസരിച്ചു അവന്റെ അമ്മ ഭൂമിയില്ലാത്ത ഒരു കർഷകസ്ത്രീയായിരുന്നു. ജന്മിമാർ അവളെ ഞെരുക്കുകയും അവൾക്കുള്ളതെല്ലാം അപഹരിക്കുകയും ചെയ്തു. തന്മൂലം ശൈത്യമുള്ളതും പരിത്യക്തവുമായ ഒരു തൊഴുത്തിൽവച്ചു് ആ ശിശുവിനെ പ്രസവിക്കാൻ അവൾ നിർബന്ധിതയായി. ശൈശവത്തിലും പുരുഷപ്രായം പ്രാപിക്കുന്നതുവരെയും ജീസസിനു പണമോ, വസ്തുവോ, നെൽപ്പാടങ്ങളോ ഉണ്ടായിരുന്നില്ല. കൈകൊണ്ടു വേലകൾ ചെയ്തു മാത്രമാണു അവൻ ജീവിച്ചതു്.

"തന്റെ ജീവിതകാലം മുഴുവനും ജന്മികൾക്കും, പ്രഭുക്കന്മാർക്കും, മുതലാളിമാർക്കും, ചൂഷകന്മാർക്കും എതിരായി തന്റെ സകല ശക്തികളോടുംകൂടി അവൻ സമരം ചെയ്തു. തന്റെ ജീവിതകാലം മുഴുവനും അവൻ ജനങ്ങളുടെ സംരക്ഷണത്തിനായി നിലകൊള്ളുകയും തൊഴിലാളിവർഗ്ഗത്തിന്റെ ഗണത്തിൽ ദൃഢനിശ്ചയത്തോടു കൂടി ചേരുകയും ചെയ്തു. തന്റെ ആയുഷ്ക്കാലം മുഴുവനും അവൻ പ്രവൃത്ത്യുന്മുഖമായ പ്രചരണം നയിക്കുകയും സ്വരാജ്യത്തെ സ്നേഹിക്കുവാനും നീതി അഭ്യസിക്കുവാനും മനുഷ്യവർഗ്ഗത്തെ സേവിക്കുവാനും സകലരേയും പഠിപ്പിക്കുകയുമുണ്ടായി.

"നിർഭാഗ്യവശാൽ അവന്റെ വിശ്വസ്തരായ ശിഷ്യരുടെ ഇടയിൽ ജൂദാസ് എന്നു പേരുള്ള ഒരു മനുഷ്യനുണ്ടായിരുന്നു. ഇവൻ ഏതാനും നാണയങ്ങൾ വാങ്ങി അവനെ പിൻതിരിപ്പന്മാരുടെ ഒരു ഗൂഢസംഘത്തിനു വിററു. ആ പിൻതിരിപ്പന്മാരെല്ലാവരും ഇന്നത്തെ യൂദാസുമാരെപ്പോലെ കോളണിവാഴ്ചക്കാരായ സാമ്രാജ്യവാദികൾക്കു സേവനം ചെയ്യുവാൻ വേണ്ടി ദൈവത്തേയും സ്വരാജ്യത്തേയും ഒററിക്കൊടുക്കുന്നവരായിരുന്നു. ജീസസ് സ്വജീവൻ ബലികഴിച്ചുകൊണ്ടു് കുരിശിൽ തൂങ്ങിമരിച്ചു. എന്നാൽ സ്വരാജ്യസ്നേഹത്തേയും, മനുഷ്യസമത്വത്തേയും, സാഹോദര്യത്തേയുംകുറിച്ചുള്ള അവന്റെ കല്പനകൾ ലോകമാസകലം പ്രതിധ്വനിക്കും.

"തിരുസ്സഭ ശാസ്ത്രത്തെ ഒരിക്കലും ഭയപ്പെട്ടിട്ടില്ല. പ്രത്യുത എപ്പോഴും അതിനെ പോഷിപ്പിക്കുകയാണ് ചെയ്തിട്ടുള്ളതു്. ശാസ്ത്രവും സഭയും തമ്മിൽ എന്തെങ്കിലും ഏററുമുട്ടൽ ഇന്നു നിലവിലില്ല, ഇതുവരെ ഉണ്ടായിട്ടില്ല; ഇനി ഉണ്ടാവുകയുമില്ല. ഇതിനെതിരായി ജല്പിക്കുന്നതു ചില നിസ്സാരന്മാരും മുറിവിദ്വാന്മാരും മാത്രമാണ്."

—ബിഷപ്പ് എല്ലി—

"നമ്മുടെ നാട്ടുകാരെല്ലാവരും, ബുദ്ധമതക്കാരും കത്തോലിക്കരും, കാർഷികനയത്തെ പിൻതാങ്ങുന്നു; അതു ഭൂമി അതിൽ കൃഷി ചെയ്യുന്ന ആൾക്കു കൊടുക്കാൻ വേണ്ടിയാണ്. അങ്ങനെ നാം ജീസസിന്റെ കല്പനകൾ കണിശമായി പ്രയോഗിക്കുകയും അവന്റെ ഹിതത്തെ ആത്മാത്ഥമായി ബഹുമാനിക്കുകയും ചെയ്യുന്നു. ജീസസിന്റെ ജന്മദിനത്തിന്റെ വാർഷികം ആഘോഷിക്കുന്ന അവസരത്തിൽ ബൈബിളിനേയും സ്വരാജ്യസ്നേഹത്തേയും ദൈവത്തിന്റെ കീഴിലുള്ള മനുഷ്യസമത്വത്തേയും സാഹോദര്യത്തേയും നാം പ്രകീത്തിക്കുന്നു. കത്തോലിക്കരായ നമ്മുടെ നാട്ടുകാർക്കെല്ലാം അസംഖ്യം അനുഗ്രഹങ്ങൾ ഞങ്ങൾ ആത്മാത്ഥമായി ആശംസിക്കുന്നു."

### ഇംഗ്ലണ്ടിലും ഈ പുതിയ തന്ത്രം

മതത്തെ സംബന്ധിച്ചുള്ള കമ്മ്യൂണിസ്റ്റുകാരുടെ ഈ പുതിയ അടവു് ഇംഗ്ലണ്ടിലും പ്രത്യക്ഷമായി പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. അവിടെ കമ്മ്യൂണിസ്റ്റുകൾ ഗേൾഗൈഡ്പ്രസ്ഥാനത്തിൽ നുഴഞ്ഞുകയറുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പാർട്ടി അംഗങ്ങളുടേയും സഹയാത്രികന്മാരുടേയും പ്രസംഗങ്ങളിൽ അതു കാണാവുന്നതാണ്. "നിങ്ങൾക്കു് ഒരേസമയത്തു് നല്ല ക്രിസ്ത്യാനിയും നല്ല കമ്മ്യൂണിസ്ററും ആയിരിക്കാൻ കഴിയും"—ഇതാണവരുടെ പ്രധാന പ്രസംഗവിഷയം. വിയററ്നാമിൽ പ്രചരിപ്പിക്കപ്പെട്ടതിനു തുല്യമായ കമ്മ്യൂണിസ്റ്റുകാരുടെ ക്രിസ്തുചരിതചിത്രീകരണം ആംഗ്ലോ സാക്സൺ മനഃസ്ഥിതിക്കു് യോജിപ്പിച്ചു് ഇംഗ്ലണ്ടിലും പ്രചരിപ്പിക്കപ്പെട്ടുക്കും. ദൈവദ്രോഹകരമായ ഈ ക്രിസ്തുചരിതക്കെട്ടുകഥ നിർമ്മിക്കുവാൻ നിക്കോളായി മെത്രാപ്പോലീത്തായെ സഹായിച്ചതായി വിശ്വസിക്കപ്പെടുന്ന വേറൊരാൾ ലണ്ടനിലെ വിദേശകാര്യാലയത്തിൽ മുമ്പു് ഉദ്യോഗം വഹിച്ചിരുന്ന ഡൊഗ്ലാസ് മക്ലീൻ ആണ്. ഇദ്ദേഹം 1951 മേയിൽ അപ്രത്യക്ഷപ്പെട്ടു. ഇപ്പോൾ മോസ്കോയിൽ കമ്മ്യൂണിസ്റ്റുകാർക്കുവേണ്ടി പ്രവർത്തിക്കുകയാണെന്നാണ് അദ്ദേഹത്തെപ്പററിയുള്ള റിപ്പോർട്ടു. നിക്കോളായി മെത്രാപ്പോലീത്താ 1922 മുതൽ മോസ്കോ അധികാരികളെ മതപരമായ നയം സംബന്ധിച്ചു് ഉപദേശിച്ചുകൊണ്ടിരുന്നു 1930-ൽ അദ്ദേഹം സ്റ്റാലിന്റെ ഉററമിത്രങ്ങളിലൊരാളായിത്തീന്നു. 1945 നു ശേഷം പല രാജ്യങ്ങളിലേയും തലസ്ഥാനങ്ങളിലേക്കു് കമ്മ്യൂണിസ്റ്റ് "സമാധാന"പ്രചാരകനായി പല പ്രാവശ്യം സഞ്ചരിച്ചിട്ടുണ്ട്. അടുത്ത കാലത്തു് ആസ്ത്രിയായുടെ തലസ്ഥാനമായ വിയന്നായിലെ "സമാധാന"കോൺഗ്രസിൽ ഇദ്ദേഹം സന്നിഹിതനായിരുന്നു. ജമ്മനിയുടെ പുനരായുധീകരണം എതിർക്കുവാൻ ലോകത്തിലുള്ള ക്രിസ്ത്യാനികളെ അദ്ദേഹം തദവസരത്തിൽ ഉദ്ബോധിപ്പിക്കുകയുണ്ടായി.

### കമ്മ്യൂണിസത്തിന്റെ മതവിരുദ്ധത

കമ്മ്യൂണിസത്തിനു പ്രകൃത്യാ തന്നെ സകല മതങ്ങളോടും, ക്രിസ്തുമതത്തോടു പ്രത്യേകിച്ചും ഉള്ള വിരോധത്തിന്റെ പശ്ചാത്തലത്തിൽനിന്നു ചിന്തിച്ചാൽ കാണാം, സുവിശേഷങ്ങളിലെ ക്രിസ്തുചരിതത്തെ ഈവിധത്തിൽ ഏററവും കള്ളമായും വികൃതമായും തിരുത്തി എഴുതുന്നതിന്റെ ഉദ്ദേശമെന്തെന്നു്, സോവ്യററു റഷ്യയിലും കമ്മ്യൂണിസ്റ്റ്പാർട്ടി ഭരിക്കുന്ന മററു രാജ്യങ്ങളിലും നിരീശ്വരത്വം പ്രചരിപ്പിക്കുവാൻ ഗവമ്മെൻറിന്റെ ഔദ്യോഗികമായ പരിശ്രമങ്ങൾ വളരെയേറെ നടന്നിട്ടും ജനഹൃദയങ്ങളിൽനിന്നു്, പ്രത്യേകിച്ചും ക്രിസ്ത്യാനികളിൽനിന്നു്, മതവിശ്വാസം പിഴുതുകളയുവാൻ സാധിച്ചിട്ടില്ല. നേരിട്ടുള്ള ആക്രമണങ്ങളാൽ സാധിക്കുവാൻ കഴിയാത്തതു് കള്ളപ്രചരണങ്ങളാൽ സാധിക്കുമോയെന്നു നോക്കുകയാണ് കമ്മ്യൂണിസ്റ്റുകാർ. ക്രിസ്തുവിനെ ഒരു കമ്മ്യൂണിസ്റ്റായി ചിത്രീകരിച്ചു കാണിച്ചാൽ ക്രിസ്തുവിനെ സ്നേഹിക്കുകയും അനുഗമിക്കുകയും ചെയ്യുന്നവർ കമ്മ്യൂണിസത്തിന്റെ പിന്നാലെ പൊയ്ക്കൊള്ളുമെന്നാണവരുടെ പ്രതീക്ഷ. എന്തൊരു മിഥ്യാബോധം!

സോവ്യററു റഷ്യയിൽ കമ്മ്യൂണിസം ഔദ്യോഗികമായി പ്രതിഷ്ഠിച്ച ലെനിൻ കമ്മ്യൂണിസത്തിന്റെ മതവിരുദ്ധതയെ ഏററവും സ്പഷ്ടമായി പ്രഖ്യാപിച്ചിട്ടുണ്ട്: "മാർക്സിസം മെററീരിയലിസമാകുന്നു. ആ നിലയിൽ അതു് ......മതത്തിനെതിരായി സന്ധിയില്ലാത്തവിധം സമരം നടത്തും. ഇതിനു യാതൊരു സംശയവുമില്ല......നാം മതത്തോടു സമരം ചെയ്യണം—അതാണു സകല മെററീരിയലിസത്തിന്റേയും, തൽഫലമായി മാർക്സിസത്തിന്റേയും പ്രാഥമികതത്വം, മതത്തിനെതിരായ സമരം താത്വികവും ആദർശപരവുമായ പ്രസംഗങ്ങളിൽ ഒതുക്കിനിർത്തുവാനോ, അത്തരം പ്രസംഗങ്ങൾ മാത്രമാക്കിത്തീർക്കുവാനോ പാടുള്ളതല്ല. ആ സമരം വർഗ്ഗസമരപ്രസ്ഥാനത്തിന്റെ പ്രായോഗികങ്ങളായ പ്രവർത്തനങ്ങളോടു് കൂട്ടിക്കൊളുത്തേണ്ടിയിരിക്കുന്നു."

"മാർക്സിസത്തിന്റെ തത്വപരമായ അടിസ്ഥാനം മാർക്സും എങ്കൽസും ആവത്തിച്ചു പ്രസ്താവിച്ചിട്ടുള്ളതുപോലെ ഡൈലക്ടിക്കൽ മെററീരിയലിസം ആകുന്നു.....ഈ മെററീരിയലിസമാകട്ടെ പരി[illegible] നിരീശ്വരപരവും വിട്ടുവീഴ്ചയില്ലാത്തവിധം സർവ്വമതവിരുദ്ധവുമാകുന്നു.....മതം ജനങ്ങളുടെ കറുപ്പാണ്—എന്നീ മാർക്സിന്റെ ആപ്തവാക്യമാണ് മതത്തെപ്പററിയുള്ള മാർക്സിസ്റ്റ് അഭിപ്രായഗതിയുടെ മുഴുവനും അടിസ്ഥാനം. മാർക്സിസം സകല ആധുനികമതങ്ങളേയും മതസഭകളേയും മതപരമായ സകല സംഘടനകളേയും പരിഗണിച്ചിട്ടുള്ളതു്, ചൂഷണത്തെ പരിരക്ഷിക്കുവാനും തൊഴിലാളിവർഗ്ഗത്തിന്റെ മനം മയക്കുവാനും സേവനം ചെയ്യുന്ന പിന്തിരിപ്പന്മാരായ ബൂർഷ്വാസികളുടെ (മുതലാളികളുടെ) ഉപകരണങ്ങളായിട്ടാണ്."

കണ്ടാലും, ക്രിസ്തുവിനെ മുതലാളിമാരുടേയും പിന്തിരിപ്പന്മാരുടേയും ശത്രുവായി ചിത്രീകരിച്ചു് സുവിശേഷഗ്രന്ഥങ്ങളെ കമ്മ്യൂണിസ്റ്റുകൾ തിരുത്തി എഴുതുന്നതിന്റെ ആന്തരം!

—o—

### കൃതജ്ഞത

വി. യൂദാസ് തദ്ദേവൂസിന്റെയും, വി. റീത്തായുടെയും മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത.

A believer

### നെഹ്റുവിന്റെ മറുപടി

തിരുകൊച്ചിയിലെ ക്രിസ്ത്യൻ എം. പി. മാരായ മെ. സി. പി. മാത്യു, ജോർജ്ജ് തോമസ് കൊട്ടുകാപ്പള്ളി, എ. എം. തോമസ്, സി. പി. മാത്തൻ എന്നിവർ മേയ് 20-ാംനു പ്രധാനമന്ത്രി നെഹ്റുവിനെ സന്ദർശിച്ചു് മതസ്വാതന്ത്ര്യം, മിഷൻപ്രവർത്തനം എന്നീ വിഷയങ്ങൾ സംബന്ധിച്ചു സംഭാഷണം നടത്തുകയും ആഭ്യന്തരമന്ത്രി ഈയിടെ മിഷനറിപ്രവർത്തനത്തെപ്പററി നടത്തിയ പ്രസ്താവനകളിൽ ഉൽക്കണ്ഠ പ്രകടിപ്പിക്കുകയുമുണ്ടായി. അതിനു മറുപടിയായി പണ്ഡിററ്നെഹ്റു ഗവമ്മെൻറിന്റെ ഏതൽസംബന്ധമായ നയം വിശദമാക്കുകയും പൂണ്ണമായ മതസഹിഷ്ണുത ഉറപ്പുനൽകുകയുംചെയ്തിരിക്കുന്നു.



Reg. No. M. 2293

# Sathya Deepam

Vol. 27 Ernakulam, June 2, 1954 No. 39

## —വിവിധവൃത്താന്തങ്ങൾ—

### ബോമ്പുനിർമ്മാണം നിരോധിക്കണം

ലോകത്തിലുള്ള അഞ്ചോറു വൻകിട രാഷ്ട്രങ്ങൾ ലോകത്തെ മുഴുവനും ചാമ്പലാക്കുവാൻ വേണ്ടത്ര ഹൈഡ്റജൻ ബോമ്പുകൾ നിർമ്മിക്കുകയാണ്. ഇപ്പോൾ തന്നെ ആവശ്യത്തിനു മാത്രം നിർമ്മിച്ചു കഴിഞ്ഞിട്ടുണ്ടെന്നുവേണം ഊഹിക്കുവാൻ. ഒരുപക്ഷെ ഭയാനകമായ ഈ സ്ഥിതിവിശേഷം രാഷ്ട്രങ്ങളെ പരസ്പരം ഭീഷണിപ്പെടുത്തുന്നതിൽനിന്നു അവരെ പിന്തിരിപ്പിക്കുന്നതിനും, പ്രശ്നത്തിനനുയോജ്യമായ വിധം ലോകത്തിൽ പരസ്പരബന്ധം സംസ്ഥാപിക്കുന്നതിനു പ്രേരണയായി തീരുന്നതിനും ഇടയായേക്കാം. ഏതായാലും ഐക്യരാഷ്ട്രസംഘടനയ്ക്കു സാർവ്വലൗകികമായ ഭരണമേധാവിത്വം നൽകുകയും ഹൈഡ്റജൻ ബോമ്പുകൾ നിർമ്മിക്കുന്നതിനുള്ള അവകാശവും മാറ്റങ്ങളും രാഷ്ട്രങ്ങളിൽനിന്നെടുത്തുകളയുകയും ചെയ്ക എന്നുള്ളതാണ് ഈ പ്രശ്നത്തിനു ശരിയായ ഒരു പ്രതിവിധി എന്നാണ് അമേരിക്കയിൽ നോട്ടർഡാം യൂണിവേഴ്സിററിയിലെ റേഡിയേഷൻ പ്രോജക്ട് ഡയറക്ടരായ ഡോക്ടർ മിൽട്ടൺ ബർട്ടൻ പ്രസ്താവിച്ചതു്.

### രഹസ്യപ്പോലീസ് മാനസാന്തരപ്പെട്ടു

മി. വില്ലി ലാഗസ് നാസി "ജെസ്റ്റപ്പോ" (രഹസ്യപ്പോലീസ്) ഗണത്തിലെ പ്രമുഖന്മാരിൽ ഒരാളായിരുന്നു. കഴിഞ്ഞ മഹായുദ്ധത്തിൽ അദ്ദേഹം ഡച്ചുകാരാൽ ബന്ധനസ്ഥനാക്കപ്പെട്ടു. നിയമപ്രകാരം കോടതി അദ്ദേഹത്തിനു വധശിക്ഷ വിധിച്ചുവെങ്കിലും മരണശിക്ഷ ഇളവുചെയ്തുകൊടുത്തതുമൂലം ജീവപര്യന്തം തടവിൽ കഴിഞ്ഞുകൂടുകയാണ്. ഹേഗിനടുത്തുള്ള ഷെവനിംഗൻ കാരാഗൃഹത്തിൽവച്ചു ഇപ്പോൾ അദ്ദേഹം ജ്ഞാനസ്നാനവും സ്ഥൈര്യലേപനവും സ്വീകരിച്ചിരിക്കുന്നു. കേസിൽ അദ്ദേഹത്തിനുവേണ്ടി വാദം നടത്തിയ വക്കീൽ മി. വാൻ റിക്ക് വോർസെല്ലായിരുന്നു ജ്ഞാനസ്നാനപിതാവു്. നെതർലണ്ടിലെ പേപ്പൽ ഇൻറർ നൺഷ്യോയായാണ് സ്ഥൈര്യലേപനം നൽകിയതു്.

### വൃദ്ധമെത്രാനെ ചൈന പുറത്താക്കുന്നു

ചൈനയിൽ നിമ്പോ എന്ന സ്ഥലത്തെ 68 വയസ്സു പ്രായമുള്ള മോൺസിഞ്ഞോർ ഡെഫെവ്രെ എന്ന മെത്രാനെ കമ്മ്യൂണിസ്റ്റുകൾ പത്തുമാസക്കാലം തടവിൽ പാർപ്പിച്ചശേഷം രാജ്യഭ്രഷ്ടനാക്കിയിരിക്കുന്നു. അദ്ദേഹം ഇപ്പോൾ ഹോങ്കോങ്ങിൽ എത്തിയിട്ടുണ്ടു്. തടവിൽ അദ്ദേഹത്തോടൊരുമിച്ചു മൂന്നു ലാസറിസ്റ്റ് വൈദികരും ഒരു ഈശോസഭാവൈദികനും ഉണ്ടായിരുന്നതായി അദ്ദേഹം പ്രസ്താവിച്ചു. ചെമ്പട ഷാങ്കേയ് കൈയടക്കിയപ്പോൾ ബന്ധനസ്ഥനാക്കപ്പെട്ട വെയ്-ഹെയ്- വെയ്യിലെ പ്രീഫെക്ട് അപ്പസ്തോലിക്കാ മോൺസിഞ്ഞോർ എഡ്‌വേർഡ് ക്വിൻറു എന്ന ദേഹവും ഇപ്പോൾ ഹോങ്കോങ്ങിൽ എത്തിച്ചേർന്നിട്ടുണ്ടു്.

### പോളണ്ടിലെ കർദ്ദിനാളിനെ എന്തുചെയ്തു?

പോളണ്ടിലെ പ്രൈമേററായ കർദ്ദിനാൾ വിഷിൻസ്കി തിരുമേനിയെ കമ്മ്യൂണിസ്റ്റുകൾ എന്തു ചെയ്തു എന്നറിയപ്പെടാതിരിക്കുകയായിരുന്നല്ലോ. അറസ്റ്റിനുശേഷം അദ്ദേഹത്തെ ഒരു ആശ്രമത്തിൽ താമസിപ്പിച്ചിരിക്കയാണെന്നായിരുന്നു ഔദ്യോഗികറിപ്പോർട്ടു. അദ്ദേഹം മോസ്കോയിലുള്ള ലിയുബ്ലാങ്കാ എന്ന കുപ്രസിദ്ധമായ കാരാഗൃഹത്തിലേക്കു കൊണ്ടുപോകപ്പെട്ടു എന്നൊരു വാർത്ത ഇക്കൊല്ലം ആരംഭത്തിൽ പ്രചരിച്ചിരുന്നു. അടുത്ത കാലത്തു ഹോളണ്ടു സന്ദർശിച്ച ഒരു അമേരിക്കൻ പത്രറിപ്പോർട്ടർ അദ്ദേഹത്തെപ്പററി അന്വേഷിച്ചതിൽ ഔദ്യോഗികസ്ഥാനങ്ങളിൽനിന്നു പ്രസ്താവിക്കപ്പെട്ടതു അദ്ദേഹത്തെ ഒരാശ്രമത്തിൽ താമസിപ്പിച്ചിരിക്കയാണെന്നും അദ്ദേഹത്തിനെതിരായി നടപടികളൊന്നും സ്വീകരിക്കപ്പെട്ടിട്ടില്ല എന്നുമാണ്.

എന്നാൽ ഈയിടെ അദ്ദേഹത്തെപ്പററി പുറത്തുവന്നിട്ടുള്ള വാർത്ത വളരെ വിചിത്രമായിരിക്കുന്നു. ഒരു ഫിന്നിഷ് കടൽവ്യാപാരിയായ കാൾ എറിക്ക് ബ്രൺ വഴിയാണ് ഈ വാർത്ത അറിവായിരിക്കുന്നതു്. അദ്ദേഹം അതു ദൃക്സാക്ഷിയായ ഒരു സ്നേഹിതനിൽനിന്നു ഗ്രഹിച്ചതാണത്രെ. വിദൂരസ്ഥിതമായ സൊളൊവെസ്കി ദ്വീപിലുള്ള തടവുപാളയത്തിൽ മുള്ളുകമ്പിവേലിക്കുള്ളിൽ കർദ്ദിനാൾതിരുമേനി ബന്ധനത്തിൽ കഴിഞ്ഞുകൂടുന്നതായും അവിടെ മത്സ്യബന്ധനത്തിനുള്ള വലകെട്ടുന്ന ജോലിയിൽ ഏർപ്പെടുത്തിയിരിക്കുന്നതായുമാണ് പ്രസ്തുത റിപ്പോർട്ടു. തിരുമേനിയോടുകൂടി അവിടെ ഏതാനും മെത്രാന്മാരും 500 ഓളം വൈദികരും ബന്ധിതരായിട്ടുണ്ടെന്നും ദൃക്സാക്ഷി പ്രസ്താവിക്കുകയുണ്ടായി.

### സൂലവർഗ്ഗത്തിലെ ആദ്യമെത്രാൻ

ആഫ്റിക്കയിലുള്ള സൂലുവർഗ്ഗത്തിൽനിന്നു ആദ്യമായി മോൺസിഞ്ഞോർ ബൊനവെന്തുര ദ്‌ലമിനിയെ ഉംസികുലുവിലെ മെത്രാനായി കഴിഞ്ഞ ആഴ്ചയിൽ അഭിഷേകം ചെയ്തിരിക്കുന്നു. മരിയൻ ഹിൽമിഷനിലുള്ള ലൂർദ്ദ് എന്നസ്ഥലത്തുവച്ചാണ് അഭിഷേകം നടന്നതു്. തിരുകർമ്മത്തിൽ 10000ത്തിൽപ്പരം സൂലുവർഗ്ഗക്കാർ സംബന്ധിച്ചു. പുതിയ രൂപതയിൽ 30,000ത്തോളം കത്തോലിക്കരുണ്ടു്. ഭൂരിപക്ഷവും സൂലുവർഗ്ഗക്കാരാണ്. പുതിയ മെത്രാനു 46 വയസ്സു പ്രായമുണ്ടു്. 16കൊല്ലം മുമ്പാണ് വൈദികപട്ടം സ്വീകരിച്ചതു്.

### ജർമ്മൻ കത്തോലിക്കരുടെ വിദ്യാഭ്യാസാവകാശം വീണ്ടെടുക്കുന്നു

പശ്ചിമജർമ്മനിയിൽ ഡുസൽഡോർഫ് എന്ന സ്ഥലത്തു 353 കത്തോലിക്കാ മാതാപിതാക്കന്മാർകൂടി നടത്തിയ പ്രക്ഷോഭണത്തിൻെറ ഫലമായി അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ചു അവരുടെ അവകാശം അംഗീകരിക്കപ്പെട്ടിരിക്കുന്നു. തല്ക്കാലം ഗവർമ്മേണ്ടുവക വിദ്യാലയത്തിൽ കത്തോലിക്കാവിദ്യാർത്ഥികൾക്കു പ്രത്യേകം ഡിവിഷനുകൾ ഏർപ്പെടുത്തുന്നതിനും കത്തോലിക്കരായ അദ്ധ്യാപകന്മാരെ ആ ഡിവിഷനുകളിൽ നിയമിക്കുന്നതിനും, പിന്നീടു് കത്തോലിക്കാ സ്കൂളുകൾ സമാരംഭിക്കുന്നതിനുമാണ് അനുവദിക്കപ്പെട്ടിരിക്കുന്നതു്.

### കത്തോലിക്കാഭാര്യയുടെ ധീരകൃത്യം

ഒരു സോവ്യററു് രഹസ്യപ്പോലീസു മേധാവിയാണ് മി. കോക്കു്ലോവു്. അദ്ദേഹം റഷ്യൻ അധികാരികളെ പററിച്ചു കടന്നുകളഞ്ഞ ഒരു മുൻകമ്മ്യൂണിസ്റ്റുകാരനെ വധിക്കുന്നതിനായി പശ്ചിമരാജ്യങ്ങളിലേക്കയക്കപ്പെട്ടു. ഈ അവസരം ഉപയോഗിച്ചു അദ്ദേഹം ഇപ്പോൾ പശ്ചിമജർമ്മനിയിൽ രാഷ്ട്രീയാഭയാർത്ഥിയായി താമസിക്കുകയാണ്. അദ്ദേഹത്തിൻെറ ഭാര്യ ഒരു ഭക്തയായ കത്തോലിക്കാവിശ്വാസിയാണെന്നും അവരുടെ കുട്ടിയെ മോസ്കോയിൽ മാമ്മോദീസാ മുക്കിയെന്നും, അദ്ദേഹം ഒരു കത്തോലിക്കനല്ലെങ്കിലും കത്തോലിക്കാമതത്തെപ്പററി പലതും എൻെറ ഭാര്യയിൽനിന്നു മനസ്സിലാക്കിയിട്ടുണ്ടെന്നു', അവളുടെ അപകടസ്ഥിതി ശരിയായി മനസ്സിലാക്കിയിട്ടു് അതിനെ വകവയ്ക്കാതെ അപരാധത്തിൽനിന്നും അകന്നു സ്വയരക്ഷ നേടണമെന്നു അവളാണ് ധൈര്യസമേതം തന്നെ ഉപദേശിച്ചതെന്നും അദ്ദേഹം വ്യക്തമാക്കി. മോസ്കോയിൽ താമസിക്കുന്ന ഭാര്യയുടേയും കുട്ടിയുടേയും ജീവനെ രക്ഷിക്കുന്നതിനു അദ്ദേഹം സ്വതന്ത്രഗവർമ്മെണ്ടുകളോടു അഭ്യർത്ഥിച്ചിരിക്കുകയാണു്.

### കൊറിയൻ യുദ്ധത്തിൽ സോവ്യററിടപെടൽ

വെടിനിറുത്തുടമ്പടിക്കുമുമ്പ് ഉത്തരകൊറിയായിൽ 6000 ത്തിനും 12000 ത്തിനുമിടയ്ക്കു് റഷ്യൻഭടന്മാർ ഉണ്ടായിരുന്നുവെന്നും ജന്മനാ സോവ്യററു് പൗരന്മാരായ ആളുകളെക്കൊണ്ടു് ഉത്തരകൊറിയൻ ഭരണക്കൂടം കൈയടക്കപ്പെട്ടുവെന്നും യു. എസ്. ഡിഫൻസുവകുപ്പു് തെളിവുസഹിതം മോസ്കോയുടെമേൽ ആരോപണം നടത്തിയിരിക്കുന്നു. ഇൻറലിജൻസ് വകുപ്പുകാരുടെ സൂക്ഷ്മഗവേഷണങ്ങളുടേയും വിവിധതരത്തിലുള്ള മററു തെളിവുകളുടെയും വെളിച്ചത്തിൽ "കൊറിയൻ യുദ്ധത്തിൽ സോവ്യററു് കൈകടത്തലിൻെറ യാഥാർത്ഥ്യം", "കൊറിയായിൽ ചൈനീസു് കമ്മ്യൂണിസ്റ്റു് അക്രമവും കാട്ടാളത്തവും" എന്നീ പേരുകളിൽ പ്രസിദ്ധീകൃതങ്ങളായിരിക്കുന്ന രേഖാപരമ്പരകളിലാണ് ഈ വിവരം വെളിപ്പെടുത്തിയിരിക്കുന്നതു്. കൊറിയൻ യുദ്ധം തുടങ്ങിയതിനുശേഷം കൊറിയായിൽ ഉപയോഗപ്പെടുത്തിട്ടുള്ള സോവ്യററുനിർമ്മിതങ്ങളായ യുദ്ധസാമഗ്രികളുടെ ഒരു ലിസ്റ്റും ഏതാണ്ടുശമായ ഒരു രേഖയിൽ കൊടുത്തിരിക്കുന്നു.

### പാക്ക്-അമേരിക്കൻ സൈനികസഹായ സഖ്യം

പാക്കിസ്ഥാൻെറ സായുധസേനകൾക്കു് സൈനികസാമഗ്രികളും പരിശീലനവും നൽകുന്നതിനു് വ്യവസ്ഥചെയ്യുന്ന ഒരുടമ്പടിയിൽ മേയ് 19-ാംനു- അമേരിക്കയും പാക്കിസ്ഥാനും ഒപ്പുവച്ചിരിക്കുന്നു. പാക്കിസ്ഥാനു് നൽകപ്പെടുന്ന ഈ സൈനികസഹായം മദ്ധ്യപൂർവ്വദേശത്തെ മുഴുവൻെറയും പ്രതിരോധനശക്തിയെ വർദ്ധിപ്പിക്കുന്നതിനു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും പാക്കിസ്ഥാൻെറ അയൽവാസിയായ ഇൻഡ്യയെ ആക്രമിക്കുവാൻ ഇതിൽ യാതൊരുദ്ദേശവുമില്ലെന്നും അമേരിക്കൻ രാജ്യതന്ത്രവിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു.

### ഇൻഡ്യക്കാരനായ റഷ്യൻ ചാരൻ

ഒരു ഇൻഡ്യൻ പൗരനെ ഇംഗ്ലണ്ടിൽ റഷ്യയ്ക്കുവേണ്ടി ചാരവൃത്തി നടത്തിയെന്ന കാരണത്തിന്മേൽ ഇംഗ്ലണ്ടിൽനിന്നും ബഹിഷ്കരിക്കുകയും അയാളിപ്പോൾ ഡൽഹിയിൽ കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ ചേർന്നു പ്രവർത്തനം നടത്തുകയും ചെയ്യുന്നുണ്ടെന്നുള്ള റിപ്പോർട്ടു ശരിയാണെന്നു കേന്ദ്രസ്റ്റേററ്കൗൺസിലിൽ പ്രധാനമന്ത്രി നെഹ്റു പ്രസ്താവിച്ചിരിക്കുന്നു. ഇംഗ്ലണ്ടിൽ റഷ്യയ്ക്കുവേണ്ടി ചാരവൃത്തിയിലേർപ്പെട്ടയാൾ ഇൻഡ്യയിലും ചാരവൃത്തി നടത്തുകയില്ലേ എന്ന ചോദ്യത്തിനുത്തരമായി, ഇൻഡ്യയിൽ ചാരവൃത്തി നടത്തുന്നതിനെ തടയുന്ന കാര്യം ഗവർമ്മെൻറിൻെറ ആലോചനയിലിരിക്കുന്നുവെന്നു് ആഭ്യന്തരമന്ത്രി ഡോ. കട്ജു പ്രസ്താവിച്ചു.

### രണ്ടു മിഷ്യനറിമാർ മടങ്ങിപ്പോയി

ഫോർട്ടുകൊച്ചിയിലെ രണ്ടു് ഇററാല്യൻ മിഷനറിമാരെ സംബന്ധിച്ചു് മദ്രാസ് ഗവർമ്മെൻറു സമർപ്പിച്ച റിപ്പോർട്ടു ഇൻഡ്യാഗവർമ്മെൻറിൻെറ പരിഗണനയ്ക്കു വിഷയമായതിനെത്തുടർന്നു് അവരുടെ റെസിഡൻഷ്യൽ പെർമിററിൻെറ കാലാവധി ദീർഘിപ്പിക്കേണ്ടതില്ലെന്നു തീരുമാനിച്ചെന്നും തൽഫലമായി അവർ ഇൻഡ്യ വിട്ടുവെന്നും ലോകസഭയിൽ ഡെപ്യൂട്ടി ആഭ്യന്തരമന്ത്രി മി. ദത്താർ വെളിപ്പെടുത്തിയിരിക്കുന്നു.

### ചിയാംഗ് വീണ്ടും പ്രസിഡൻറു്

അടുത്ത രണ്ടു വർഷത്തേക്കുകൂടി ദേശീയചൈനയുടെ പ്രസിഡൻറായി ജനറൽ ചിയാംഗ് കൈഷക്കു് ഉദ്യോഗം ഭരമേററിരിക്കുന്നു. ചൈനാ വൻകരയെ കമ്മ്യൂണിസ്റ്റുകരങ്ങളിൽനിന്നും വിമോചിപ്പിക്കുമെന്ന ദൃഢപ്രതിജ്ഞയോടെയാണ് അദ്ദേഹം പ്രസിഡൻറുസ്ഥാനമേറെറടുത്തതു്.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

